
ഫെബ്രുവരി 2008

# പഞ്ചായത്ത് രാജ്

പുസ്തകം 47 ലക്കം 11



## അധികാരവികേന്ദ്രീകരണം ശക്തമാക്കാൻ

– പാലോളി മുഹമ്മദ്കുട്ടി

## ഇ–ഗവേർണൻസ്

തദ്ദേശ സ്വയംഭരണ വകുപ്പിൽ സദ്ഭരണത്തിന്റെ നാൾവഴികൾ

## ഊടും പാവും വികസനത്തിന്റെ



# ഗ്രാമസഭയിൽ പങ്കെടുക്കുക!
# അധികാരം വിനിയോഗിക്കുക!

ഭരണഘടനാപരമായി അധികാരത്തിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളിത്തം ലഭിക്കുന്ന ഏക സംവിധാനം

ഗ്രാമസഭ

ഗ്രാമസഭ മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേരുന്നു
ഗ്രാമസഭയുടെ ക്വാറം 10 ശതമാനം
വരവ് ചെലവ് കണക്കുകൾ ആഡിറ്റ് ചെയ്യുന്നു
വികസന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് അവതരിപ്പിക്കുന്നു
സോഷ്യൽ ഓഡിറ്റ് നടത്തുന്നു
പദ്ധതിയാസൂത്രണം നിർവ്വഹണം എന്നിവയിൽ സജീവ പങ്കാളിത്തം ലഭിക്കുന്നു
യഥാർത്ഥ ഗുണഭോക്താക്കളെ നേരിട്ട് തെരഞ്ഞെടുക്കുന്നു

ഗ്രാമത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിന്
അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ തെരഞ്ഞെടുക്കുന്നതിന്
സമയബന്ധിതമായും ഗുണമേന്മയോടെയും വികസന ക്ഷേമപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന്
അഴിമതി നിർമ്മാർജ്ജനം ചെയ്യുന്നതിന്
സുതാര്യത ഉറപ്പ് വരുത്തുന്നതിന്
സാമൂഹിക നീതിയിലധിഷ്ഠിതമായ ഒരു നവഭാരതസൃഷ്ടിക്ക്

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്



**പഞ്ചായത്ത് രാജ്**

വെബ്സൈറ്റ്
www.localgovkerala.net

**ഫെബ്രുവരി 2008**
**പുസ്തകം 47**
**ലക്കം 11**
**വാർഷിക വരിസംഖ്യ 90 രൂപ**



**ഉപദേശക സമിതി**

ചെയർമാൻ
**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ
**എസ്.എം. വിജയാനന്ദ്** , ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണവകുപ്പ്
**പി. വേണുഗോപാൽ,** ഐ.എ.എസ്
ഡയറക്ടർ
ഇൻഫർമേഷൻ& പബ്ലിക് റിലേഷൻസ് വകുപ്പ്
**കെ. നാരായണൻ**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
**ബി.എസ്. പ്രസന്നൻ**
സെക്രട്ടറി
പ്രസ് ക്ലബ്ബ്, തിരുവനന്തപുരം
**ജി. ഹരികൃഷ്ണൻ**
പബ്ലിസിറ്റി ഓഫീസർ

കൺവീനർ
**ഡോ. വി.എം. ഗോപാലമേനോൻ,** ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ




എഡിറ്റർ
**ഡോ. വി.എം. ഗോപാലമേനോൻ,** IAS
**Ph: 0471-2323286**

**അസിസ്റ്റന്റ് എഡിറ്റർ**
**ജി. ഹരികൃഷ്ണൻ**
**Ph: 0471-2321054**

കവർ ഡിസൈൻ & ലേ ഔട്ട്
**ഐസൻ ജോസ്**



**ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും.**

**ഫെബ്രുവരി 19**
**പഞ്ചായത്ത് ദിനം**
**(ബൽവന്ത്റായ് മേത്തയുടെ ജന്മദിനം)**

# പേജുകളിൽ


**4** **എഡിറ്ററുടെ പേജ്**

**5** **അധികാരവികേന്ദ്രീകരണം ശക്തമാക്കാൻ**
- പാലോളി മുഹമ്മദ്കുട്ടി

**7** **തദ്ദേശസ്വയംഭരണ വകുപ്പിൽ സദ്ഭരണത്തിന്റെ നാൾവഴികൾ**
- പി.വി. ഉണ്ണിക്കൃഷ്ണൻ

**12** **പതിനൊന്നാം പദ്ധതിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉയർന്ന കാര്യക്ഷമതയും**
-പ്രൊഫ. എൻ. രമാകാന്തൻ





**വികസന പ്രവർത്തനങ്ങളിലെ പരിസര സ്വാധീനം** **16**
-പ്രൊഫ. എം.കെ. പ്രസാദ്

**20** **അധികാരവികേന്ദ്രീകരണം - ജനാധിപത്യത്തിലേക്കൊരു നടപ്പാത**
-കെ. രാജശേഖരൻ

**23** **പതിനൊന്നാം പദ്ധതി - സദ്ഭരണത്തിന് അനുകൂല സാഹചര്യം**
-കെ. നാരായണൻ


**24** **ജനന മരണ രജിസ്ട്രേഷൻ - തത്വവും പ്രയോഗവും**
-(ഭാഗം-2) കെ. പ്രശാന്ത് കുമാർ

**27** **കാഷ് ബുക്ക് - മാസാന്ത്യ നടപടികൾ**
-ഉദയഭാനു കണ്ടേത്ത്

**30** **അറിവിന്റെ തിളക്കം**
-എൽ.സി. പൊന്നുമോൻ

**32** **നീർത്തടാധിഷ്ഠിത വികസനവും സ്ഥലജല പരിപാലനവും**
-വി. സുഭാഷ്ചന്ദ്രബോസ്

**34** **തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ**
-റോയ് ചാക്കോ ഇളമണ്ണൂർ



# പഞ്ചായത്ത് ദിന സ്മരണകൾ

ജന്മം കൊണ്ടും കർമ്മംകൊണ്ടും ധന്യമായ ഒരു ജീവിതത്തിനുടമയായിരുന്ന യശ:ശരീരനായ ബൽവന്ത്റായ് മേത്തയുടെ ജന്മദിനമായ ഫെബ്രുവരി 19 പഞ്ചായത്ത് ദിനമായി ഈ വർഷവും സമുചിതമായി ആഘോഷിക്കുകയാണ്. 2008 ഫെബ്രുവരി 19, അദ്ദേഹത്തിന്റെ 109-ാം ജന്മദിനമാണ്. സ്വാതന്ത്ര്യസമര സേനാനി, സാമൂഹ്യ പരിഷ്കർത്താവ്, സംഘാടകൻ, ഗവേഷകൻ, മികച്ച പാർലമെന്റേറിയൻ, ഭരണാധികാരി, അഖിലേന്ത്യാ പഞ്ചായത്ത് പരിഷത്തിന്റെ സ്ഥാപകാദ്ധ്യക്ഷൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച മേത്ത 1965 ലെ ഇന്ത്യാപാക് യുദ്ധത്തിന്റെ രക്തസാക്ഷിയാണ്. ഗാന്ധിശിഷ്യനായ അദ്ദേഹം ഗുരുവിനെപോലെ തന്നെ ഗ്രാമീണ ജനതയേയും, പ്രത്യേകിച്ച് ദുർബ്ബല ജനവിഭാഗങ്ങളെ ഏറെ സ്നേഹിച്ചിരുന്നു.


ഒന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഗ്രാമപ്രദേശങ്ങളുടെ പ്രശ്നങ്ങൾ സമഗ്രമായി കൈകാര്യം ചെയ്യാൻ 52 ബ്ലോക്കുകളിൽ ആരംഭിച്ച സാമൂഹ്യവികസന പദ്ധതികൾ പരാജയപ്പെട്ടതിനെ തുടർന്ന് അതിന്റെ കാരണങ്ങൾ കണ്ടെത്താനും പരിഹാരം നിർദ്ദേശിക്കാനും നിയോഗിച്ച പഠന സംഘത്തിന്റെ അദ്ധ്യക്ഷനായിരുന്നു ബൽവന്ത്റായ് മേത്ത. ജനപങ്കാളിത്തമില്ലാതെ പദ്ധതികൾ നടപ്പിലാക്കിയതാണ് ദേശീയ വികസന പദ്ധതികൾ പരാജയപ്പെടാൻ കാരണമെന്നും, അതിനാൽ എല്ലാ സംസ്ഥാനങ്ങളിലും ത്രിതല പഞ്ചായത്ത് ഭരണ സംവിധാനത്തിലൂടെ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പിലാക്കണമെന്നതുമായിരുന്നു കമ്മിറ്റിയുടെ പ്രധാന ശുപാർശ. കമ്മിറ്റിയുടെ ശുപാർശകൾ കേന്ദ്രസർക്കാർ അംഗീകരിച്ചുവെങ്കിലും ഭരണഘടന പ്രകാരം ഇത് നിർബന്ധിതമാക്കാത്തതിനാൽ സംസ്ഥാനങ്ങൾ അവരുടെ താല്പര്യങ്ങൾക്കനുസൃതമായാണ് ഇത് നടപ്പിലാക്കിയത്. കേരളത്തിൽ, 1964 ൽ കേരള പഞ്ചായത്ത് നിയമപ്രകാരം നിലവിൽ വന്ന ഗ്രാമപഞ്ചായത്തുകൾക്ക് താരതമ്യേന മെച്ചപ്പെട്ട ഭരണം കാഴ്ചവയ്ക്കാൻ കഴിഞ്ഞുവെങ്കിലും അധികാരവികേന്ദ്രീകരണത്തിന്റെ അന്തഃസത്തയ്ക്കനുസരിച്ചുള്ള പ്രവർത്തനം സാദ്ധ്യമായില്ല.

ബൽവന്ത്റായ് മേത്തയുടെ ത്രിതല പഞ്ചായത്ത് രാജ് എന്ന സ്വപ്നം യാഥാർത്ഥ്യമായത് 1992 ലെ 73-ാം ഭരണഘടനാ ഭേദഗതിയോടെയാണ്. ഭാരതത്തിൽ തന്നെ ഏറ്റവും ശക്തമായ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നത് നമ്മുടെ സംസ്ഥാനത്താണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. എന്നാൽ ഇന്ത്യയിൽതന്നെ, മേത്തകമ്മിറ്റി റിപ്പോർട്ട് മുന്നോട്ടുവെച്ച ജനാധിപത്യ അധികാരവികേന്ദ്രീകരണം എന്ന ആശയം, കേരളത്തിൽ, ഒമ്പതാം പദ്ധതിക്കാലത്ത് ഇ.എം.എസ് നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ചു നടപ്പാക്കിയ ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെയായിരുന്നു സാർത്ഥകമായത്. ജനകീയാസൂത്രണം നമ്മുടെ പരമ്പരാഗത പ്രാദേശിക വികസന കീഴ്വഴക്കങ്ങളെ അപ്പാടെ മാറ്റിമറിക്കുകയും, ബഡ്ജറ്റിലൂടെ സംസ്ഥാന പദ്ധതി അടങ്കലിന്റെ 35 ശതമാനം തുക പ്രാദേശിക സർക്കാരുകൾക്ക് വികസനക്ഷേമ പ്രവർത്തനങ്ങൾക്കായി ലഭ്യമാക്കുകയും ചെയ്ത് ലോകശ്രദ്ധ നേടി. ആസൂത്രണ നിർവ്വഹണ പ്രക്രിയകളിൽ ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടും ഗ്രാമസഭകൾക്ക് അർത്ഥം നൽകിയും ജനകീയാസൂത്രണ പ്രസ്ഥാനത്തിന് അധികാരവികേന്ദ്രീകരണത്തിന്റെ തിരി തെളിയിക്കുവാൻ കഴിഞ്ഞുവെന്നത് പരക്കെ അംഗീകരിക്കപ്പെട്ട വസ്തുതയാണ്.

ഭരണത്തിൽ പരമാവധി ജനപങ്കാളിത്തം ഉറപ്പാക്കുക എന്നതാണ് അധികാരവികേന്ദ്രീകരണത്തിന്റെ ലക്ഷ്യം. ആ ലക്ഷ്യസാക്ഷാത്കാരത്തിന് ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്. ബൽവന്ത്റായ് മേത്തയുടെ സ്മരണയിൽ പഞ്ചായത്ത് ദിനം ആഘോഷിക്കുമ്പോൾ അധികാരവികേന്ദ്രീകരണത്തിന്റെ ദീപപ്രഭ എക്കാലവും ഒളിമങ്ങാതെ കാത്തുസൂക്ഷിക്കുമെന്ന് നമുക്ക് പ്രതിജ്ഞ ചെയ്യാം.

**എഡിറ്റർ**





# അധികാരവികേന്ദ്രീകരണം ശക്തമാക്കാൻ

**പാലോളി മുഹമ്മദ്കുട്ടി**
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി

തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അധികാരം കൈമാറാനും അവയെ ശക്തിപ്പെടുത്താനും ഇടതുപക്ഷ സർക്കാരുകൾ എന്നും ശ്രദ്ധിച്ചു വന്നിട്ടുണ്ട്. കേരളത്തിന്റെ അര നൂറ്റാണ്ടിന്റെ ചരിത്രം പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. 1957-ലെ ഇ.എം.എസ് സർക്കാർ മുതൽക്കിങ്ങോട്ടുണ്ടായിട്ടുള്ള എല്ലാ ഇടതുപക്ഷ സർക്കാരുകളും പഞ്ചായത്തുകളെ അധികാരവൽക്കരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അധികാരവികേന്ദ്രീകരണം ഭരണകൂടത്തെ ജനങ്ങളിലേക്ക് കൂടുതൽ അടുപ്പിക്കുമെന്നതുകൊണ്ടും ഭരണ സംവിധാനത്തെ സുതാര്യമാക്കുന്നതുകൊണ്ടുമാണിത്. കൂടുതൽ ജനങ്ങൾക്ക് ഭരണ, വികസന പ്രക്രിയകളിൽ പങ്കാളികളാകാൻ കഴിയുമെന്നതുകൊണ്ട് ജനാധിപത്യത്തെ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയും എന്നതും അധികാരവികേന്ദ്രീകരണത്തിന്റെ ഗുണഫലങ്ങളിൽപെടുന്നു. ആദ്യത്തെ പഞ്ചായത്ത് നിയമം മുതൽ ജില്ലാ കൗൺസിൽ നിയമമടക്കം കേരളത്തിൽ ഇടതുസർക്കാരുകൾ നടത്തിയിട്ടുള്ള ശ്രമങ്ങൾ ഇതിനുദാഹരണമാണ്.

> ഭരണഘടനയുടെ 73, 74 ഭേദഗതികൾ ഒരവസരമായെടുത്ത് പ്രാദേശിക വികസനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രധാന പങ്കാളികളാക്കാൻ കഴിഞ്ഞത് കേരളത്തിൽ മാത്രമാണ്. കൈമാറ്റം ചെയ്യപ്പെട്ട അധികാരങ്ങൾ പ്രയോഗിക്കാനാവശ്യമായ സാമ്പത്തിക പിന്തുണ നൽകിക്കൊണ്ട് വികേന്ദ്രീകൃത ഭരണവ്യവസ്ഥയെ അർത്ഥപൂർണ്ണമാക്കാൻ കേരളത്തിനു മാത്രമേ കഴിഞ്ഞിട്ടുള്ളൂ

ഭരണഘടനയുടെ 73, 74 ഭേദഗതികൾ ഒരവസരമായെടുത്ത് പ്രാദേശിക വികസനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രധാന പങ്കാളികളാക്കാൻ കഴിഞ്ഞത് കേരളത്തിൽ മാത്രമാണ്. പഞ്ചായത്ത് രാജ്, നഗരപാലികാ നിയമങ്ങൾക്കനുസൃതമായി എല്ലാ സംസ്ഥാനങ്ങളിലും നിയമനിർമ്മാണങ്ങൾ നടക്കുകയുണ്ടായി. നിരവധി അധികാരങ്ങൾ ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കൈമാറ്റം ചെയ്യപ്പെടുകയുണ്ടായി. എന്നാൽ കൈമാറ്റം ചെയ്യപ്പെട്ട അധികാരങ്ങൾ പ്രയോഗിക്കാനാവശ്യമായ സാമ്പത്തിക പിന്തുണ നൽകിക്കൊണ്ട് വികേന്ദ്രീകൃത ഭരണ വ്യവസ്ഥയെ അർത്ഥപൂർണ്ണമാക്കാൻ കേരളത്തിനു മാത്രമേ കഴിഞ്ഞിട്ടുള്ളൂ എന്നത് എല്ലാവരും അംഗീകരിക്കുന്നുണ്ട്. അധികാരവികേന്ദ്രീകരണ പ്രവർത്തനങ്ങളുടെ ഒരു പരീക്ഷണശാലയായി ലോകമെമ്പാടുമുള്ള ഭരണാധികാരികളും അക്കാദമിക സമൂഹവും കേരളത്തെ പരിഗണിക്കുന്നത് ഇതുകൊണ്ടാണ്.

1994-ലെ പഞ്ചായത്ത് രാജ് മുനിസിപ്പൽ നിയമങ്ങൾ വഴി ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും സംസ്ഥാന സർക്കാർ കൈകാര്യം ചെയ്തിരുന്ന നിരവധി അധികാരങ്ങൾ കൈമാറ്റം ചെയ്തു എന്ന് വാദത്തിന് വേണ്ടി അംഗീകരിക്കാം. എന്നാൽ 1996 ൽ അധികാരമേറ്റ നായനാർ സർക്കാരാണ് അധികാര വികേന്ദ്രീകരണത്തെ അർത്ഥ

പൂർണ്ണമായ തലത്തിലേയ്ക്ക് ഉയർത്തിയത്. പദ്ധതി വിഹിതത്തിന്റെ 35 ശതമാനം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകി കൊണ്ട് കേരളം ആരംഭിച്ച ജനകീയാസൂത്രണം അധികാരവികേന്ദ്രീകരണ ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതി ചേർക്കുകയായിരുന്നു. പൗര സേവനങ്ങൾ ഭംഗിയായും ചിട്ടയായും നൽകുന്ന തദ്ദേശഭരണ സംവിധാനം നിരവധി വികസിത രാജ്യങ്ങളിലുണ്ട്. എന്നാൽ അവയ്ക്ക് പ്രാദേശിക വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനുമുള്ള അധികാരമോ ഉത്തരവാദിത്വമോ ഇല്ല. എന്നാൽ വിവിധ വികസന മേഖലകളിൽ പദ്ധതികൾ ആസൂത്രണം ചെയ്യാനും അവ ജനകീയമായി നടപ്പിലാക്കാനുമുള്ള അധികാരം കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ട്. കഴിഞ്ഞ പത്തു വർഷം കൊണ്ട് അടിസ്ഥാന സൗകര്യ മേഖലയിലും, വിദ്യാഭ്യാസം, ആരോഗ്യം, കുടി വെള്ളം, സാമൂഹ്യ ക്ഷേമം എന്നീ മേഖലകളിലും ഗണ്യമായ നേട്ടങ്ങളുണ്ടാക്കാൻ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്.

എന്നാൽ സേവന മേഖലകളിലെ മുന്നേറ്റങ്ങൾക്കനുസൃതമായ രീതിയിൽ ഉൽപാദന മേഖലയിൽ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇതൊരു വലിയ പരിമിതിയാണ്. വികേന്ദ്രീകൃത ഭരണ വ്യവസ്ഥയുമായി പൊരുത്തപ്പെടാൻ കഴിയാത്ത വിഭാഗങ്ങളും വകുപ്പുകളും ഇപ്പോഴും സജീവമായുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികളും വകുപ്പുതല സ്കീമുകളും തമ്മിലുള്ള പൊരുത്തക്കേടുകൾ നിലനിൽക്കുന്നു. പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാൻ പ്രാപ്തമായ ഭരണസംവിധാനവും ഭരണ രീതികളും രൂപപ്പെട്ടുവരേണ്ടിയിരിക്കുന്നു. പ്രാദേശികമായി ലഭ്യമായ മുഴുവൻ വൈദഗ്ദ്ധ്യവും ഉപയോഗപ്പെടുത്താനുള്ള കഴിവും എല്ലാ ജനവിഭാഗങ്ങളുടേയും ആശയാഭിലാഷങ്ങൾ ഉൾക്കൊള്ളാനുള്ള മനോഭാവവും ഉണ്ടാകേണ്ടിയിരിക്കുന്നു. ഈ പരിമിതികൾ പരിഹരിക്കാനും അതുവഴി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ശേഷി വർദ്ധിപ്പിക്കാനും കഴിയണം. പ്രാദേശികാസൂത്രണത്തിനും ഭരണ നിർവ്വഹണത്തിനും കഴിഞ്ഞ പത്തുവർഷം കൊണ്ട് പരീക്ഷി ച്ചുറപ്പിച്ച രീതികളും ചിട്ടകളും സ്ഥായീകരിക്കേണ്ടതുണ്ട്. വ്യത്യസ്ത വികസന ഏജൻസികളും വകുപ്പുകളുമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതും അതുവഴി തദ്ദേശഭരണസ്ഥാപനങ്ങളുടെ സാങ്കേതിക ശേഷി വർദ്ധിപ്പിക്കേണ്ടതുമുണ്ട്. എല്ലാവർക്കും വീട്, എല്ലാവർക്കും കുടിവെള്ളം, എല്ലാവർക്കും വൈദ്യുതി എന്നിവ നൽകി ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്ന മാലിന്യമുക്തമായ കേരളമാണ് നമ്മുടെ ലക്ഷ്യം. ഇത് സാധിതമാക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം.

> പഞ്ചായത്തീരാജിനെകുറിച്ചുള്ള ഗിരിപ്രഭാഷണങ്ങൾക്കപ്പുറം ക്രിയാത്മകമായ നടപടികളൊന്നും കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്നില്ല. കേന്ദ്രത്തിലെ ഭരണകക്ഷികൾ നേതൃത്വം നൽകുന്ന സംസ്ഥാന സർക്കാരുകൾ പഞ്ചായത്തുകളോട് അനുവർത്തിക്കുന്ന മനോഭാവം വികേന്ദ്രീകരണം നടപ്പിലാക്കുന്നതിൽ ഇക്കൂട്ടർക്കുള്ള താത്പര്യക്കുറവിന്റെ തെളിവാണ്.

പഞ്ചായത്തീരാജിനെ കുറിച്ചുള്ള ഗിരിപ്രഭാഷണങ്ങൾക്കപ്പുറം ക്രിയാത്മകമായ നടപടികളൊന്നും കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുമുണ്ടാകുന്നില്ല. കേന്ദ്രത്തിലെ ഭരണ കക്ഷികൾ നേതൃത്വം നൽകുന്ന സംസ്ഥാന സർക്കാരുകൾ പഞ്ചായത്തുകളോട് അനുവർത്തിക്കുന്ന മനോഭാവം വികേന്ദ്രീകരണം നടപ്പിലാക്കുന്നതിൽ ഇക്കൂട്ടർക്കുള്ള താത്പര്യക്കുറവിന്റെ തെളിവാണ്. ഇക്കാര്യത്തിൽ യു.പി.എ കക്ഷികളും എൻ.ഡി.എ കക്ഷികളും തമ്മിൽ ഒരു വ്യത്യാസവുമില്ല. പുത്തൻ സാമ്പത്തികനയത്തിന്റെയും ആഗോളവൽക്കരണത്തിന്റെയും ഭാഗമായി കേന്ദ്ര സർക്കാർ വികസന മേഖലകളിലും ദാരിദ്ര്യ ലഘൂകരണ മേഖലകളിലും പ്രയോഗത്തിൽകൊണ്ടു വരുന്ന പരിപാടികൾ തദ്ദേശഭരണകൂടങ്ങളെയും സംസ്ഥാന സർക്കാരുകളെ തന്നെയും അപ്രസക്തമാക്കുന്ന തരത്തിലുള്ളവയാണ്. ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളും പ്രാദേശിക വികസന പ്രവർത്തനങ്ങളും സർക്കാരേതര സംഘടനകളെ ഏൽപ്പിച്ചുകൊണ്ട് പിൻവാങ്ങാൻ ശ്രമിക്കുകയാണ് കേന്ദ്രസർക്കാർ. തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ ഉത്തരവാദിത്വബോധത്തോടെ ഈ മേഖലകളിൽ തങ്ങളുടെ പ്രവർത്തനം കൂടുതൽ ശക്തമാക്കേണ്ടിയിരിക്കുന്നു. ജനപങ്കാളിത്തത്തോടെയുള്ള സമഗ്രമായ പ്രാദേശിക വികസനം ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാപ്തരാകുക എന്നതാണ് ഇന്നത്തെ ആവശ്യം.

## സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷനും ക്ലീൻ കേരള മിഷനും സംയോജിപ്പിച്ചു

സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷനും ക്ലീൻ കേരള മിഷനും സംയോജിപ്പിച്ച് ഒറ്റ സ്ഥാപനമാക്കാൻ മന്ത്രിസഭയുടെ അംഗീകാരം ലഭിച്ചതായി തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടി അറിയിച്ചു. സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷന്റെ പ്രവർത്തനം ഗ്രാമപ്രദേശത്തും ക്ലീൻ കേരള മിഷന്റെ പ്രവർത്തനം നഗരപ്രദേശങ്ങളിലുമാണ്. രണ്ടു മിഷനുകളും ഒരേ മേഖലയിൽ പ്രവർത്തിക്കുന്നതു വഴി പദ്ധതി നടത്തിപ്പിൽ ആവർത്തനങ്ങളും വിഭവങ്ങളുടെ ദുർവിനിയോഗവും ഉണ്ടാവുന്നു. പ്രവർത്തനം കൂടുതൽ ശ്രദ്ധിക്കാനും മെച്ചപ്പെട്ട ഫലപ്രാപ്തിയിലെത്തുന്നതിനും രണ്ടു മിഷനുകളെ സംയോജിപ്പിക്കേണ്ടത് ആവശ്യമായതുകൊണ്ടാണ് പുതിയ തീരുമാനം. ജീവനക്കാരുടെ തസ്തികകൾ സംയോജിപ്പിച്ച് എക്സിക്യൂട്ടീവ് ഡയറക്ടറെ കൂടാതെ ഓപ്പറേഷൻസ്, സോളിഡ് വെയ്സ്റ്റ് മാനേജ്മെന്റ്, ലിക്വിഡ് വെയ്സ്റ്റ് മാനേജ്മെന്റ്, കുടിവെള്ളം എന്നിവയ്ക്കായി ഓരോ ഡയറക്ടർ എന്ന രീതിയിൽ തസ്തികകൾ പുനഃക്രമീകരണം നടത്തിയിട്ടുണ്ട്. വിവിധ മേഖലകളിൽ മൂന്നു പ്രോഗ്രാം ഓഫീസർ തസ്തികകളും രണ്ട് സീനിയർ കൺസൾട്ടന്റ് തസ്തികകളും ഇത്തരത്തിൽ ക്രമീകരിച്ചിട്ടുണ്ട്. മാലിന്യമുക്ത കേരളം പദ്ധതി വിജയിപ്പിക്കുന്നതിന് ഈ നടപടി സഹായകമാകുമെന്ന് മന്ത്രി പറഞ്ഞു.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



# തദ്ദേശസ്വയംഭരണ വകുപ്പിൽ സദ്ഭരണത്തിന്റെ നാൾവഴികൾ



പി. വി. ഉണ്ണിക്കൃഷ്ണൻ

> സെൻ കമ്മറ്റിയുടെയും അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് നടപടിക്രമങ്ങളുടെ ലഘൂകരണത്തിനുള്ള പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്തു നടപ്പാക്കപ്പെടുമ്പോഴേ സദ്ഭരണശ്രമങ്ങൾ ഇനിയും കൂടുതൽ ജനകീയവും ജനോപകാരപ്രദവുമാവുകയുള്ളു.

**1.0 ആമുഖം**

തദ്ദേശസ്വയംഭരണ വകുപ്പിലെ സദ്ഭരണ ശ്രമങ്ങൾ പുതിയ നാൾവഴികൾ പിന്നിട്ട് കഴിഞ്ഞിരിക്കയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കമ്പ്യൂട്ടർവത്ക്കരണത്തിന്റെ മുഖ്യധാരാ പ്രവർത്തനമായ ഇൻഫർമേഷൻ കേരള മിഷനോടൊപ്പം (ഐ.കെ.എം.) നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ (എൻ.ഐ.സി) കൂടി ഒത്തുചേർന്നതാണ് ഈ വർഷത്തെ ഏറ്റവും പ്രധാനപ്പെട്ട ചുവടുവെപ്പ്. ഇതോടൊപ്പം പ്രത്യേക വിഷയമേഖലകളിൽ വിദഗ്ദ്ധ ഏജൻസികളുടെ പങ്കാളിത്തം ഉറപ്പു വരുത്താനുള്ള ശ്രമങ്ങളും ആരംഭിച്ചിരിക്കുന്നു. ഈ നീക്കങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ സദ്ഭരണ ശ്രമങ്ങൾക്ക് പുതിയ ആഴവും പരപ്പും നൽകാൻ തുടങ്ങിയിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിലെ സദ്ഭരണ ശ്രമങ്ങളുടെ പ്രധാന കൈവഴികൾ ചിത്രം –1–ൽ ചേർത്തിട്ടുണ്ട്. നാല് കൈവഴികളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

1 പോർട്ടലുകൾ
2 മാനേജുമെന്റ് വിവരവ്യൂഹങ്ങളും കമ്മ്യൂണിറ്റി വ്യൂഹങ്ങളും
3 സേവനദായക സംവിധാനങ്ങൾ
4 ജിയോഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ

ഇവയോടൊപ്പം പരിശീലനസംവിധാനങ്ങളും പൗരാവകാശസംവിധാനങ്ങളും കൂടി ചേരുന്നതോടെ സദ്ഭരണ നടത്തിപ്പ് സംവിധാനങ്ങളുടെ ചട്ടക്കൂട് പൂർണ്ണമായി.

**2.0 തദ്ദേശസ്വയംഭരണ വകുപ്പിലെ ഇലക്ട്രോണിക് ഭരണ സംവിധാനത്തിന്റെ കൈവഴികൾ**

തദ്ദേശസ്വയംഭരണ വകുപ്പിലെ സദ്ഭരണ ശ്രമങ്ങളുടെ കൈവഴികളുടെ സവിശേഷതകൾ എന്തെല്ലാമാണെന്ന് അടുത്തതായി പരിശോധിക്കാം.


**2.1 പോർട്ടലുകൾ**

വേൾഡ് വൈഡ് വെബ് സാങ്കേതിക വിദ്യ ഉപയോഗിച്ച് വിവരവിനിമയവും ഇടപാടുകളും നടത്തുന്ന ജാലകങ്ങളാണ് പോർട്ടലുകൾ. നാലു വ്യത്യസ്ത പോർട്ടലുകൾ പ്രവർത്തിക്കാനുള്ള ശ്രമങ്ങളാണ് ഗണ്യമായി മുന്നോട്ടു പോയിട്ടുള്ളത്.

1 ദേശീയ പഞ്ചായത്ത് പോർട്ടൽ
2 ദേശീയതൊഴിൽ ഉറപ്പു പദ്ധതിയുടെ പോർട്ടൽ
3 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പോർട്ടൽ
4 ടി.ഇ.എസ്.എം. / ജനകീയാസൂത്രണ പോർട്ടൽ.

ആദ്യമായി ദേശീയ പഞ്ചായത്ത് പോർട്ടലിന്റെ സംസ്ഥാനതല നിർവ്വഹണത്തെ സംബന്ധിച്ച് പരിശോധിക്കാം. Panchayat.gov.in എന്ന അഡ്രസിലുള്ള ദേശീയ പോർട്ടൽ ഇപ്പോൾ ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ഇന്ത്യയിലെ വ്യത്യസ്ത സംസ്ഥാനങ്ങളിലെ ത്രിതല പഞ്ചായത്തു സംവിധാനത്തെ സംബന്ധിക്കുന്ന ഒട്ടേറെ വിവരങ്ങൾ ഈ പോർട്ടൽ വഴി ലഭ്യമാണ്.

വികേന്ദ്രീകൃതാസൂത്രണത്തിന്റെ




ചിത്രം 1
തദ്ദേശസ്വയംഭരണ വകുപ്പ് സദ്ഭരണ സംരംഭങ്ങളുടെ നഖചിത്രം



വ്യത്യസ്ത തലങ്ങളായ തെരഞ്ഞെടുപ്പ്, വിഭവസമാഹരണം, ആസൂത്രണം, ശേഷി വർദ്ധനവ്, നിയമനിർമ്മാണം, സ്ത്രീപങ്കാളിത്തം, ദളിത് ആദിവാസി പങ്കാളിത്തം, പഞ്ചായത്തുതല മന്ത്രാലയത്തിന്റെ സ്കീമുകൾ മുതലായവയെല്ലാം ഈ പോർട്ടലിന്റെ ഭാഗമാണ്. കേരളം അടക്കം 12 സംസ്ഥാനങ്ങളാണ് ദേശീയ പോർട്ടലിന്റെ ഭാഗമായി സംസ്ഥാനജാലകങ്ങൾ തയ്യാറാക്കിയിട്ടുള്ളത്. ഇവയെല്ലാം ഇംഗ്ലീഷിലാണ്. സൊല്യൂഷ്യൻസ് എക്സ്ചേഞ്ച് എന്ന പേരിൽ വളരെ വിപുലമായ ഒരു ചർച്ചാവേദിയും ഒരുക്കിയിട്ടുണ്ട്. ഈ ചർച്ചാവേദിയിൽ വികേന്ദ്രീകൃതാസൂത്രണപ്രവർത്തനങ്ങളിൽ സജീവപങ്കാളികളായ ആസൂത്രകർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ, രാഷ്ട്രീയപ്രവർത്തകർ എന്നിവരടങ്ങുന്ന പ്രയോക്താക്കളുടെ വിപുലമായ ശ്രേണിയാണ് അണിനിരക്കുന്നത്. ഇവർ സംശയങ്ങൾ ഉന്നയിക്കുകയും അനുഭവങ്ങൾ പങ്കിടുകയും ചെയ്യുന്നു. സംസ്ഥാനതല പോർട്ടൽ മലയാളഭാഷയിൽ സംഘടിപ്പിക്കുകയും, സൊല്യൂഷൻസ് എക്സ്ചേഞ്ച് വ്യാപകമായി പ്രചരിപ്പിക്കുകയും ചെയ്യുന്നത് കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങൾക്ക് ഏറെ ഗുണം ചെയ്യും. ഇതിനായി എൻ.ഐ.സി. ദേശീയതലത്തിൽ രൂപം നൽകിയിട്ടുള്ള കർമ്മസംഘവുമായി ഒത്തു ചേർന്നു പ്രവർത്തിക്കാൻ നമുക്കാവണം.

അടുത്തതായി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പോർട്ടൽ പരിശോധിക്കാം. nrega.nic.in എന്ന അഡ്രസിലുള്ള ദേശീയ പോർട്ടൽ ഇതിനകം തന്നെ അന്തർദേശീയ അടിസ്ഥാനത്തിൽ പോലും ശ്രദ്ധിക്കപ്പെട്ട പോർട്ടലാണ്. തൊഴിലുറപ്പ് പദ്ധതിയുടെ രജിസ്ട്രേഷൻ, തൊഴിൽ കാർഡ് നൽകൽ, തൊഴിൽ സ്ലിപ്പ്, മസ്റ്റർ റോൾ രജിസ്റ്റർ, പൂർത്തിയാവാത്ത നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, സൃഷ്ടിക്കപ്പെട്ട ആസ്തികൾ, ഫണ്ട് വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവയോടൊപ്പം വിശദാംശങ്ങൾ രേഖപ്പെടുത്താനും, റിപ്പോർട്ടുകൾ തയ്യാറാക്കാനും ഈ ജാലകം വഴി കഴിയുന്നു. ദേശീയതലത്തിലുള്ള തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പിന്റെ മോണിട്ടറിംഗ് പൂർണ്ണമായും ഈ പോർട്ടൽ വഴിയാണ് സാദ്ധ്യമാവുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതി ഇപ്പോൾ നടപ്പിലാക്കുന്ന 27 സംസ്ഥാനങ്ങളിലെ 231 ജില്ലകളിലെ വിവരങ്ങളെല്ലാം ഈ പോർട്ടലിൽ ഇപ്പോൾ രേഖപ്പെടുത്തിയിട്ടുണ്ട്. അടുത്ത വർഷം മുഴുവൻ ജില്ലകളിലേക്ക് വ്യാപിക്കപ്പെടുമ്പോഴേക്കും ഈ പോർട്ടലിന്റെ ഉപയോഗക്ഷമത എത്രയോ മടങ്ങ് വർദ്ധിക്കും. തൊഴിൽ അവകാശമായി ഉറപ്പിക്കാനും, തൊഴിൽ ലഭ്യത ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് ഉപാധിയാക്കാനുമുള്ള യു.പി.ഐ. സർക്കാരിന്റെ ശ്രമങ്ങൾക്ക് മികവ് വർദ്ധിപ്പിക്കുന്ന നയരേഖകളും കമ്മീഷൻ റിപ്പോർട്ടുകളും ഈ പോർട്ടലുകളിൽ കാണാം. 2001-2007 വർഷങ്ങളിലെ പദ്ധതി കണക്കുകളും പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് വിവരങ്ങളും ഈ പോർട്ടലിൽ ലഭ്യമാണ്. സർക്കാർ ഉത്തരവുകളും ടെൻഡറുകളും ലഭ്യമാക്കാനുള്ള സംവിധാനങ്ങൾ ഈ പോർട്ടലിൽ ഉണ്ടെങ്കിലും ഇവയ്ക്കായി കുറ്റമറ്റതും പൂർണ്ണവുമായ ഒരു സംവിധാനം കരുപിടിപ്പിക്കാൻ നമുക്കായിട്ടില്ല. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 11-ാം പഞ്ചവത്സര പദ്ധതിയിൽ കേരള സർക്കാർ ആരംഭിച്ചിട്ടുള്ള സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷൻ പ്രത്യേകമായി ഒരു പോർട്ടൽ രൂപീകരിക്കുന്നതിനുള്ള ശ്രമങ്ങൾ മുന്നോട്ടു പോയിരിക്കുന്നു. ഊർജ്ജ മേഖലയിലെ പ്രശ്നങ്ങളെ സംബന്ധിച്ച് ദേശീയ തലത്തിലുള്ള പ്രമുഖ സ്ഥാപനങ്ങളായ ദി എനർജി റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് (TERI), ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് (IISC) തുടങ്ങിയ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായം സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുള്ള പ്രാഥമിക പ്രവർത്തനങ്ങളും പോർട്ടലിന്റെ രൂപകല്പനയും മുന്നോട്ടു പോയിട്ടുണ്ട്. അനെർട്ടിന്റെയും, ഇ.എം.സിയുടേയും സമ്പൂർണ്ണ നേതൃത്വത്തിലാണ് ഈ പോർട്ടലിന്റെ വികസനം നടക്കുന്നത്.

ജനകീയാസൂത്രണ പ്രസ്ഥാന പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന ഒരു പോർട്ടലിന്റെ പ്രാഥമിക പ്രവർത്തനങ്ങളും മുന്നോട്ടു നീക്കിയിട്ടുണ്ട്. റിസോഴ്സ് ഗ്രൂപ്പ് ഈ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നു. സി-ഡിറ്റാണ് സാങ്കേതിക സഹായം നൽകുന്നത്. ജനകീയാസൂത്രണത്തിന്റെ പോർട്ടൽ മീഡിയാ ക്യാമ്പെയിനിന്റെ ഭാഗമായി നടക്കുന്ന ഡോക്കുമെന്റേഷൻ, നവകേരളം പരിപാടി, എൻ.എം.എസ്. ക്യാമ്പയിൻ, എഡ്യൂസാറ്റ് പരിശീലന പരിപാടി എന്നിവയുമായി ഏകോപിച്ചായിരിക്കും ഈ പോർട്ടൽ പ്രവർത്തിക്കുക. വെബ്, വിവരവ്യൂഹങ്ങൾ, മൾട്ടിമീഡിയസെർവർ, മൊബൈൽ സേവനങ്ങൾ എന്നിവ ഏകോപ്പിക്കാനുള്ള ഈ ശ്രമം ബ്രോഡ്കാസ്റ്റിംഗ്, ടെലികാസ്റ്റിംഗ് സാങ്കേതിക തലത്തിലും മികവുറ്റതാവും എന്ന കാര്യത്തിൽ തർക്കമില്ല.

### 2.2 മാനേജ്മെന്റ് വിവര വ്യൂഹങ്ങളും കമ്മ്യൂണിറ്റി വിവര വ്യൂഹങ്ങളും

സദ്ഭരണശ്രമങ്ങളുടെ കൈവഴിയിലെ രണ്ടാമത്തെ പ്രധാന കൈവഴി മാനേജ്മെന്റ് വിവരവ്യൂഹങ്ങളും കമ്മ്യൂണിറ്റി വിവരവ്യൂഹങ്ങളും കരുപ്പിടിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ്. ഇവയെ പ്രധാനമായും മൂന്നായി വർഗ്ഗീകരിക്കാം.

1. പദ്ധതി വിവരവ്യൂഹത്തിന്റെ സൃഷ്ടിക്കായി നടക്കുന്ന പ്രവർത്തനങ്ങൾ
2. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരവ്യൂഹം
3. മറ്റ് പൗരവിവരവ്യൂഹങ്ങൾ എന്നിവയാണ് ഇവ.

ഒൻപതാം പഞ്ചവത്സര പദ്ധതിക്കാലത്തെ പദ്ധതി വിവരങ്ങളുടെ സംഗ്രഹവും പത്താം പഞ്ചവത്സര പദ്ധതിക്കാലത്തെ പ്രോജക്ട് തിരിച്ചുള്ള വിവരങ്ങളുടെ വിശദാംശങ്ങളും തയ്യാറാക്കാനുള്ള പ്രവർത്തനങ്ങൾ പൂർണ്ണതയിലെത്തിയിരിക്കുന്നു. 2006 ഒക്ടോബർ നവംബർ മാസങ്ങളിൽ കിലയിൽ നടന്ന ശില്പശാലകളിലാണ് ഈ പ്രവർത്തനങ്ങളുടെ രൂപരേഖ തയ്യാറായത്. ഇതിനെത്തുടർന്ന് 2006 ഡിസംബർ 20 മുതൽ 2007 മെയ് 10 വരെ തുടർച്ചയായി നടന്ന ശില്പശാലകളിലൂടെയാണ് പദ്ധതി വിവരവ്യൂഹം ക്രോഡീകരിക്കാൻ ശ്രമിച്ചത്. തദ്ദേശസ്വയംഭരണ വകുപ്പും, പ്ലാനിംഗ് ബോർഡും ചേർന്ന് സമാഹരിച്ചിട്ടുള്ള പദ്ധതി രൂപീകരണത്തിന്റെയും പദ്ധതി ചെലവിനങ്ങളുടെയും വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അയച്ചു കൊടുക്കുകയും അവയിലെ അപാകതകൾ പരിശോധിച്ച് തിരുത്തലുകൾ വരുത്തി തിരിച്ചു വാങ്ങുകയും ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയാണ് ചെയ്തത്. സുലേഖ സോഫ്ട്വെയറിലുള്ള വിവരങ്ങൾ ഡി.പി.ഒ ഓഫീസുകൾ, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവരുടെ കൈവശമുള്ള വിവരങ്ങളുമായി പൊരുത്തപ്പെടുത്തി ചിട്ടയാക്കുകയാണ് ഈ പ്രവർത്തനം വഴി ചെയ്തത്. ജില്ലാ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ, ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്, നഗരപാലികാവകുപ്പിലെ റീജ്യണൽ ഡയറക്ടർമാർ എന്നിവർ ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായി. പത്താം പഞ്ചവത്സരപദ്ധതിക്കാലത്തെ (2001 -2006 വരെയുള്ള) വിവരങ്ങളാണ് ഇങ്ങനെ അന്തിമമാക്കിയത്. ഇങ്ങനെ അന്തിമമാക്കിയ വിവരങ്ങൾ മുഴുവൻ

തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും സി.ഡി രൂപത്തിലും റിപ്പോർട്ടായി പ്രിന്റ് ചെയ്തും ലഭ്യമാക്കി.

2006–2007 ലെ ചെലവിനങ്ങളുടെ വിവരങ്ങളുടെ ക്രോഡീകരണം ഇതിനെത്തുടർന്ന് ജില്ലാതലത്തിൽ നടത്തി. ഇതിനെത്തുടർന്നാണ് 2007–08 വർഷത്തെ ഷോർട്ട് ഫാളും, എസ്.സി.പി./ടി.എസ്.പി കോമ്പൻസേഷൻ, ഉല്പാദന മേഖലയിലെ കോമ്പൻസേഷൻ തുടങ്ങിയവയും നിർണ്ണയിക്കുന്നതിനുള്ള ശ്രമങ്ങൾ ഐ.കെ.എം. നടത്തിയത്. 2007–08 വർഷത്തെ പദ്ധതി രൂപീകരണ വിവരവ്യൂഹം തയ്യാറാക്കുന്നതിന് നാളിതുവരെ നടക്കാത്ത വിധത്തിലുള്ള ചിട്ടയായ മുന്നൊരുക്കങ്ങളാണ് നടന്നത്. കിലയും, ജനകീയാസൂത്രണ റിസോഴ്സ് ഗ്രൂപ്പും ചേർന്ന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്പ്മെന്റ് തയ്യാറാക്കിയ ഫോറങ്ങൾ സമഗ്രമായി പരിഷ്കരിച്ചു. പദ്ധതി രൂപീകരണം, പദ്ധതി വിലയിരുത്തൽ, പദ്ധതി അംഗീകാരം, പദ്ധതി നടത്തിപ്പ് പദ്ധതി പൂർത്തീകരണം എന്നീ വ്യത്യസ്ത ഘട്ടങ്ങളെ ഏകോപിച്ച് സവിസ്തരമായ ഒരു പദ്ധതി വിവരവ്യൂഹം രൂപകല്പന ചെയ്തു. പദ്ധതി വിവരങ്ങളും, പദ്ധതിയുടെ ഭാഗമായ പ്രോജക്ടുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ ഡാറ്റാ എൻട്രി ചെയ്യാനും, ഈ വിവരങ്ങൾ ഇലക്ട്രോണിക് രൂപത്തിൽ വിനിമയം നടത്തി വിലയിരുത്തലും പദ്ധതി അംഗീകാരവും നടത്താനുമായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ മുൻപ് വിഭാവനം ചെയ്തിരുന്ന വേഗതയിൽ പഞ്ചായത്തുകളിലെ കമ്പ്യൂട്ടറുകൾ വിന്യസിക്കുന്ന പ്രവർത്തനങ്ങൾ പൂർത്തിയായില്ല. സോഫ്ട്വെയർ വികസനത്തിലും കാലതാമസം ഉണ്ടായി. എന്നാൽ ഈ പോരായ്മകളെയെല്ലാം അതിജീവിച്ചുകൊണ്ട് ബ്ലോക്ക് മുനിസിപ്പാലിറ്റി-ജില്ലാ-സംസ്ഥാനതലങ്ങളില പ്രോജക്ട് -പദ്ധതി വിവരങ്ങൾ കമ്പ്യൂട്ടറിൽ സന്നിവേശിപ്പിക്കാനുള്ള ശ്രമങ്ങൾ നടന്നു. ഏതാണ്ട് 3000 പരിശീലന ദിനങ്ങളും 30,000 ഡാറ്റാ പ്രവേശന ദിനങ്ങളും 6000 മേൽനോട്ടദിനങ്ങളും ആവശ്യമായി വന്ന ഈ ബ്രഹൃത് പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്ത് ആദ്യമായി പദ്ധതി രൂപീകരണ സമയത്ത് തന്നെ വിവരവ്യൂഹ സൃഷ്ടി സാദ്ധ്യമായി. പദ്ധതി പരിശോധന പ്രക്രീയയുടെ ഗുണനിലവാരത്തിന് പുതിയ മാനങ്ങൾ ഉയർന്നു. പദ്ധതി അംഗീകാരം ഈടുറ്റതായി. പദ്ധതി വിവരവ്യൂഹ സൃഷ്ടി സാദ്ധ്യമായത് മൂലം പദ്ധതിയുടെ ഗുണമേന്മയെ സംബന്ധിക്കുന്ന മൂർത്തമായ പരിശോധനകൾക്ക് സാധ്യത കൈവന്നു. പദ്ധതി നടത്തിപ്പ് പരിശോധനകൾ ചിട്ടയായി നടത്താമെന്ന സ്ഥിതിയും വന്നു. ഈ നേട്ടങ്ങളെ സ്വാംശീകരിച്ച് കിലയുടെയും വികേന്ദ്രീകരണത്തിനായുള്ള റിസോഴ്സ് ഗ്രൂപ്പിന്റെയും നേതൃത്വത്തിൽ പദ്ധതി വിവരവ്യൂഹത്തിന്റെ വിശദമായ അപഗ്രഥനം നടത്തുന്നതിനും ഇതിൽ നിന്ന് ഉരുത്തിരിഞ്ഞു വരുന്ന ആശയങ്ങളെ മുൻനിർത്തിയുള്ള സൃഷ്ടിപരമായ നടപടികളിലേക്ക് നീങ്ങാനുമാവണം.

ദാരിദ്ര്യരേഖയ്ക്ക് കീഴിലുള്ള വിവരവ്യൂഹം സൃഷ്ടിക്കാനുള്ള ശ്രമങ്ങൾക്ക് നേതൃത്വം നൽകിയത് കുടുംബശ്രീയാണ്. നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ അഖിലേന്ത്യാ തലത്തിൽ വികസിപ്പിച്ചെടുത്ത ബി.പി.എൽ. സർവ്വേ ഫോറങ്ങളുടെ ഡാറ്റാ എൻട്രിക്കായുള്ള ആപ്ലിക്കേഷന്റെ മാതൃകയിൽ കുടുംബശ്രീ വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയർ ഉപയോഗിച്ചാണ് ഈ വിവരവ്യൂഹം സൃഷ്ടിച്ചെടുത്തത്. 5763582 കുടുംബങ്ങളെ സംബന്ധിക്കുന്ന കരട് വിവരവ്യൂഹം സംസ്ഥാനതലത്തിൽ കുടുംബശ്രീ തയ്യാറാക്കി. ഈ വിവരങ്ങൾ സൂക്ഷ്മ പരിശോധന നടത്തിയപ്പോൾ പുതുതായി 8,14,866 കുടുംബങ്ങളുടെ വിവരങ്ങൾ കൂടി ലഭ്യമായി. ഇവയിൽ നിന്നാണ് അന്തിമമായ ബി.പി.എൽ വിവരവ്യൂഹം രൂപീകരിച്ചത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് തയ്യാറാക്കാൻ ഉദ്ദേശിക്കുന്ന സമഗ്ര ഗുണഭോക്തൃവിവരവ്യൂഹത്തിന്റെ അടിസ്ഥാനശിലയായി ഇത് മാറും. റേഷൻ കാർഡ് വിവരവ്യൂഹം, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ വസ്തുനികുതി വിവരവ്യൂഹം എന്നിവയും കൂടി ഇതിനായി ഏകോപിപ്പിക്കേണ്ടി വരും.

**ജനകീയാസൂത്രണ പ്രസ്ഥാന പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന ഒരു പോർട്ടലിന്റെ പ്രാഥമിക പ്രവർത്തനങ്ങളും മുന്നോട്ടു നീക്കിയിട്ടുണ്ട്. റിസോഴ്സ് ഗ്രൂപ്പ് ഈ പ്രവർത്തനങ്ങളുടെ ചുക്കാൻ പിടിക്കുന്നു. സി-ഡിറ്റാണ് സാങ്കേതിക സഹായം നൽകുന്നത്. ജനകീയാസൂത്രണത്തിന്റെ പോർട്ടൽ മീഡിയാ ക്യാമ്പെയിനിന്റെ ഭാഗമായി നടക്കുന്ന ഡോക്കുമെന്റേഷൻ, നവകേരളം പരിപാടി, എൻ.എം.എസ്. ക്യാമ്പയിൻ, എഡ്യൂസാറ്റ് പരിശീലന പരിപാടി എന്നിവയുമായി ഏകോപിച്ചായിരിക്കും ഈ പോർട്ടൽ പ്രവർത്തിക്കുക.**

സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ നേതൃത്വത്തിൽ വൈദ്യുതീകരിക്കാത്ത ഭവനങ്ങളുടെയും, സ്ഥാപനങ്ങളുടെയും, സാംരംഭങ്ങളുടെയും വിവരവ്യൂഹം രൂപീകരിക്കാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ഈ വർഷം മൂന്നൂറ് പൈലറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്. അടുത്ത വർഷം കൂടുതൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ഈ ഉദ്യമത്തിൽ പങ്കാളികളാവും. അനെർട്ട്, റ്റി.ഇ.എസ്.എം. എന്നിവ ചേർന്നാണ് ഈ വിവര വ്യൂഹം ചിട്ടയാക്കുന്നത്.

## 2.3 സേവനദായക സംവിധാനം

അടുത്തതായി സേവനദായക സംവിധാനത്തിന്റെ ഭാഗമായി നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിക്കാം. ഈ മേഖലയിലെ പ്രധാന പ്രവർത്തന ധാരകളെ ഈ വിധം വർഗ്ഗീകരിക്കാം.

1 ഹോസ്പിറ്റൽ കിയോസ്ക്കുകൾ
2 ജനന മരണ വിവാഹ രജിസ്ട്രേഷൻ സംവിധാനങ്ങൾ
3 ഫയിൽ ട്രാക്കിംഗ് സംവിധാനങ്ങൾ

ആദ്യമായി ഹോസ്പിറ്റൽ കിയോസ്ക്കുകളുടെ മേഖലയിൽ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഏതൊക്കെയെന്ന് പരിശോധിക്കാം. ആശുപത്രികളിൽ നടക്കുന്ന ജനനങ്ങളും മരണങ്ങളും 24 മണിക്കൂറുകൾക്കകം രജിസ്റ്റർ ചെയ്ത് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാൻ ഉദ്ദേശിച്ചു കൊണ്ട് ആരംഭിച്ച പരിപാടിയാണ് ഇത്. 06.08.2005 ൽ ആരംഭിച്ച ഈ പ്രോജക്ട് ഇതിനകം 5 കോർപ്പറേഷൻ അതിർത്തികളിലായി 29 സർക്കാർ ആശുപത്രികളിലും 99 സ്വകാര്യ ആശുപത്രികളിലും, 15 മുനിസിപ്പാലിറ്റി അതിർത്തികളിലായി 15 സർക്കാർ ആശുപത്രികളിലും 53 സ്വകാര്യ ആശുപത്രികളിലും, 15 ഗ്രാമപഞ്ചായത്ത് അതിർത്തികളിലായി 9 സർക്കാർ ആശുപത്രികളിലും 24 സ്വകാര്യ ആശുപത്രികളിലും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ആകെ നടക്കുന്ന ജനനങ്ങളിൽ 52% ഇപ്പോൾ ഹോസ്പിറ്റൽ കിയോസ്ക്കുകൾ വഴിയാണ് രജിസ്റ്റർ ചെയ്യപ്പെടുന്നത്. സേവനദായക സമ്പ്രദായത്തിൽ വലിയൊരു കുതിച്ചു ചാട്ടം ഉണ്ടാക്കിയ ഒരു മാതൃകയായിരുന്നു ഇത്. എന്നാൽ ഹോസ്പിറ്റൽ കിയോസ്ക് നടത്തിപ്പു സംവിധാനത്തിൽ കൂടുതൽ ചിട്ടയുണ്ടാകേണ്ടിയിരിക്കുന്നു. ഇപ്പോൾ 24 മണിക്കൂറുകൾ ക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നു എന്ന് പലപ്പോഴും ഉറപ്പു വരുത്താൻ കഴിയുന്നില്ല, രേഖകളുടെ സൂക്ഷിപ്പുമായി ബന്ധപ്പെട്ട സംവിധാനത്തിൽ ചിലയിടങ്ങളിൽ അവ്യക്തതകൾ നിലനിൽക്കുന്നു, ഹോസ്പിറ്റൽ കിയോസ്ക് സംവിധാനത്തിന്റെ നടത്തിപ്പുതല പ്രശ്നങ്ങൾ, ആപ്ലിക്കേഷന്റെ പോരായ്മകൾ എന്നിവ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. വിവരവ്യൂഹത്തിന്റെ അഡ്മിനിസ്ട്രേഷൻ തലത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുണ്ട്. ഇവ പരിഹരിക്കാൻ ഐ.കെ.എം., പഞ്ചായത്ത് ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണവകുപ്പ് എന്നിവർ പ്രത്യേക മുൻകൈയെടുക്കേണ്ടതുണ്ട്.

297 ഗ്രാമപഞ്ചായത്തുകളിലും 58 നഗരപാലികാ സ്ഥാപനങ്ങളിലും ജനന മരണ വിവാഹ രജിസ്ട്രേഷൻ സംബന്ധമായ പ്രവർത്തനങ്ങൾ നടന്നു വരുന്നു. എല്ലാ പഞ്ചായത്തുകളിലും കമ്പ്യൂട്ടർ എത്തുന്നതോടെ ഈ സേവനങ്ങൾ സാർവ്വത്രികമായി മാറും. മുൻകാല വിവരങ്ങളുടെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുകയും ഇവയെ മുൻനിർത്തി നൽകേണ്ട സർട്ടിഫിക്കറ്റുകൾ കൊടുത്തു തീർക്കുകയും ചെയ്താൽ ഈ മേഖലയിൽ കമ്പ്യൂട്ടർ വൽക്കരണത്തിന്റെ പൂർണ്ണമായ പ്രയോജനം ഉറപ്പുവരുത്താനാകും. ഭരണപരിഷ്കാര പ്രവർത്തനങ്ങളുടെ ചട്ടക്കൂടിൽ നിന്ന് ജനന മരണ വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കേഷൻ പ്രവർത്തനങ്ങൾ നോക്കി കാണാനും നടപടികൾ ലഘൂകരിക്കാനും ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. ഇതിനനുസൃതമായ ആപ്ലിക്കേഷൻ സോഫ്റ്റ്വെയറിൽ നിയുക്തമായ മാറ്റങ്ങൾ വരുത്തുകയും ചെയ്യേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംസ്ഥാന ജില്ലാ ഓഫീസുകളും കമ്പ്യൂട്ടർ ശൃംഖലയിൽ ഒരുമിപ്പിക്കേണ്ടതും ഒന്നിലധികം ഓഫീസുകളിൽ കൈകാര്യം ചെയ്യുന്ന ഇടപാടുകൾ ദ്രുതഗതിയിൽ പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും പ്രധാനമാണ്.

**ഇലക്ട്രോണിക് ഭരണത്തിലെ ഏറ്റവും ദൃശ്യതയുള്ള സംവിധാനമാണ് ഫയൽ ട്രാക്കിംഗ് സംവിധാനം. 3 കോർ പ്പറേഷനുകൾ, 2 മുനിസിപ്പാലിറ്റികൾ 3 പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ഫയൽ ട്രാക്കിംഗ് സംവിധാനത്തിനുള്ള ആപ്ലിക്കേഷൻ വിന്യസിച്ചു കഴിഞ്ഞു. ഡയറക്ടറേറ്റുകളിലും കമ്മിഷണറേറ്റിലും തദ്ദേശസ്വയംഭരണ വകുപ്പിലും തദ്ദേശസ്വയംഭരണ മന്ത്രാലയത്തിലും ഈ സംവിധാനം വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. ഫയലുകളുടെ തരവും എണ്ണവും വൈവിധ്യവും വർദ്ധിക്കുന്ന മുറയ്ക്ക് സോഫ്ട്വെയറിൽ കൂടുതൽ സവിശേഷതകൾ ഉൾപ്പെടുത്തി കാര്യക്ഷമത വർദ്ധിപ്പിക്കാനാവണം.**

ഇലക്ട്രോണിക് ഭരണത്തിലെ ഏറ്റവും ദൃശ്യതയുള്ള സംവിധാനമാണ് ഫയൽ ട്രാക്കിംഗ് സംവിധാനം. 3 കോർപ്പറേഷനുകൾ, 2 മുനിസിപ്പാലിറ്റികൾ 3 പഞ്ചായത്തുകൾ എന്നിവിടങ്ങളിൽ ഫയൽ ട്രാക്കിംഗ് സംവിധാനത്തിനുള്ള ആപ്ലിക്കേഷൻ വിന്യസിച്ചു കഴിഞ്ഞു. ഡയറക്റ്ററേറ്റുകളിലും കമ്മിഷണറേറ്റിലും തദ്ദേശസ്വയംഭരണ വകുപ്പിലും തദ്ദേശസ്വയംഭരണ മന്ത്രാലയത്തിലും ഈ സംവിധാനം വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. ഫയലുകളുടെ തരവും എണ്ണവും വൈവിധ്യവും വർദ്ധിക്കുന്ന മുറയ്ക്ക് സോഫ്ട്വെയറിൽ കൂടുതൽ സവിശേഷതകൾ ഉൾപ്പെടുത്തി കാര്യക്ഷമത വർദ്ധിപ്പിക്കാനാവണം. അതുവഴി പൊതുജനങ്ങളുടെ പരാതികളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ അംഗീകാരത്തിനായി നൽകുന്ന പ്രോജക്ടുകളും നിവേദനങ്ങളും സമയബന്ധിതമായി കൈകാര്യം ചെയ്യുന്നത് വിവിധ തലങ്ങളിലുള്ള ഭരണ സംവിധാനങ്ങൾ ചടുലവും കാര്യക്ഷമവുമാക്കാൻ ഏറെ പ്രയോജനപ്പെടും.

## 2.4 G.I.S. ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ

ജ്യോഗ്രഫിക് ഇൻഫർമേഷൻ സിസ്റ്റം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങളുടെ മേഖല അഞ്ചായി വർഗ്ഗീകരിക്കാം.

1 ജില്ലാതല സ്പേഷ്യൽ പ്ലാൻ ഭൂപടങ്ങൾ
2 നീർത്തട ഭൂപടങ്ങൾ
3 വൈദ്യുതി ശൃംഖലാ ഭൂപടങ്ങൾ
4 ചെറുകിട വൈദ്യുത പദ്ധതി ഭൂപടങ്ങൾ
5 കെട്ടിട ഭൂപടങ്ങൾ

ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് വകുപ്പിന്റെ നേതൃത്വത്തിൽ ജില്ലാതല പശ്ചാത്തല സൗകര്യങ്ങളുടെ ആസൂത്രണത്തിന് ശ്രദ്ധേയമായ ഒരു മാതൃകയായിട്ടുണ്ട്. ഇന്റഗ്രേറ്റഡ് ഡിസ്ട്രിക് ഡെവലപ്മെന്റ് പ്ലാനിംഗിന്റെ കീഴിൽ തയ്യാറാക്കിയിട്ടുള്ള ഈ ആസൂത്രണപദ്ധതിക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ രീതികളോടാണ് സാദൃശ്യം. കേരളത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനം വികസിപ്പിച്ചെടുത്ത പങ്കാളിത്ത വികസനത്തിന്റെ ചില അംശങ്ങൾ കൂടി ഈ ഭൂപടങ്ങളിൽ ഏകോപിപ്പിക്കാൻ ശ്രമം നടന്നിട്ടുണ്ട്. നിലവിലുള്ള പശ്ചാത്തല സൗകര്യങ്ങളുടെ സമ്പൂർണ്ണമായ ഡോക്യുമെന്റേഷൻ ഭാവി ആവശ്യങ്ങളെ സംബന്ധിക്കുന്ന വ്യത്യസ്ത സാധ്യതകൾ മുൻനിർത്തിയുള്ള സങ്കല്പനങ്ങൾ തയ്യാറാക്കൽ എന്നിവയുടെ അടിസ്ഥാനത്തിൽ കൃത്യമായ ഒരു മുൻഗണനാ ക്രമത്തിൽ എത്തിച്ചേർന്നുള്ള ഭൂപട നിർമ്മാണ പ്രവർത്തനങ്ങൾ ഇതിന്റെ ഭാഗമാണ്.

കേരളത്തിലെ 44 നദീതടങ്ങൾ അടിസ്ഥാനമാക്കിയുള്ള ഭൂപട നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. 11–ാം പഞ്ചവത്സര പദ്ധതിയിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ഉത്പാദന മേഖലാ പ്രവർത്തനങ്ങൾ സൂക്ഷ്മ നീർത്തടാടിസ്ഥാനത്തിൽ പുനഃസംഘടിപ്പി

*(ശേഷം പേജ് 38-ൽ)*

# പതിനൊന്നാം പദ്ധതിയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉയർന്ന കാര്യക്ഷമതയും



**പ്രൊഫ. എൻ. രമാകാന്തൻ**

**അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും സൃഷ്ടിച്ച മാറ്റങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിനും ജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുമുള്ള പ്രതിജ്ഞാബദ്ധത നിറവേറ്റുന്നതിനായിരിക്കണം പതിനൊന്നാം പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശ്രമിക്കേണ്ടത്. അതുവഴി ജനങ്ങളും പ്രാദേശിക ഭരണ സംവിധാനവും തമ്മിൽ ജനാധിപത്യപരമായ പുതിയൊരു ബന്ധം വളർത്തി എടുക്കുന്നതിന് ശ്രമിക്കുകയും വേണം.**

## ആമുഖം

അധികാരവികേന്ദ്രീകരണവും അതിലൂടെ സൃഷ്ടിക്കാൻ കഴിയുന്ന വർദ്ധിച്ച തോതിലുള്ള ജനകീയ പങ്കാളിത്തവും, പ്രാദേശിക ഭരണസംവിധാനവും ജനങ്ങളും തമ്മിലുള്ള പരസ്പര ബന്ധത്തിൽ ആരോഗ്യകരമായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് സഹായിക്കും. ജനങ്ങൾക്ക് ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയുന്നതിനും ഇടപെടുന്നതിനും അതുവഴി സാമൂഹ്യ-രാഷ്ട്രീയ മണ്ഡലങ്ങളിൽ സ്വാധീനം ചെലുത്തുന്നതിനുമുള്ള അവസരങ്ങൾ അധികാരവികേന്ദ്രീകരണം സൃഷ്ടിക്കുന്നുണ്ട്. അധികാരവികേന്ദ്രീകരണത്തിലൂടെ പ്രാദേശിക ഭരണ സംവിധാനത്തിന് ജനകീയ താല്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ട് പ്രവർത്തിക്കുന്നതിനും പ്രാദേശികമായ സവിശേഷതകൾ പരിഗണിക്കുന്നതിനും അവസരം ലഭിക്കുന്നു. സ്വതന്ത്രമായും സ്വയംഭരണാധികാരത്തോടുകൂടിയും എടുക്കുന്ന തീരുമാനങ്ങൾ ജനങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് പ്രയോജനപ്പെടുത്താൻ കഴിയുക വഴി വമ്പിച്ച ജനകീയ പിന്തുണ ആർജ്ജിക്കുന്നതിന് അവസരം ലഭിക്കുകയും ചെയ്യും. അതോടൊപ്പം തന്നെ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും ജനങ്ങളെ വികസന ഭരണത്തിന്റെ സജീവ ഘടകമാക്കി മാറ്റുന്നതിനും അധികാര വികേന്ദ്രീകരണം അവസരങ്ങൾ സൃഷ്ടിക്കുന്നുണ്ട്. മാത്രവുമല്ല ജനങ്ങളോട് ഉത്തരവാദിത്തപ്പെട്ട് പ്രവർത്തിക്കുന്നതിന് പ്രാദേശിക ഭരണ സംവിധാനം ബാദ്ധ്യതപ്പെടുകവഴി കാര്യക്ഷമമായും ഫലപ്രദമായും സേവനങ്ങൾ പ്രദാനം ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധിതമാവുകയും ചെയ്യും.

അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും സൃഷ്ടിച്ച മാറ്റങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിനും ജനങ്ങൾക്ക് കാര്യക്ഷമമായി സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുമുള്ള പ്രതിജ്ഞാബദ്ധത നിറവേറ്റുന്നതിനായിരിക്കണം പതിനൊന്നാം പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശ്രമിക്കേണ്ടത്. അതുവഴി ജനങ്ങളും പ്രാദേശിക ഭരണ സംവിധാനവും തമ്മിൽ ജനാധിപത്യപരമായ പുതിയൊരു ബന്ധം വളർത്തി എടുക്കുന്നതിന് ശ്രമിക്കുകയും വേണം. ആഗോളീകരണവും പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങളും ഉയർത്തുന്ന വെല്ലുവിളികളെ ഫലപ്രദമായി പ്രതിരോധിക്കു ന്നതിനും പൊതു ഉടമസ്ഥതയിലുള്ള സേവന സംവിധാനങ്ങളെ ശക്തിപ്പെടുത്തി സാധാരണ ജനങ്ങൾക്കും പാവപ്പെട്ടവർക്കും മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയും എന്നു തെളിയിക്കുന്നതിനുള്ള അവസരമായി പതിനൊന്നാം പദ്ധതിയെ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ജനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിലുള്ള വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും ജനങ്ങളോടൊപ്പം നിന്നുകൊണ്ട് പ്രവർത്തിക്കുന്നതിനും അവരോട് ഉത്തരവാദിത്വ പ്പെട്ടുകൊണ്ട് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിലപാട് സ്വീകരിക്കുന്നതിനും തദ്ദേശഭരണ സ്ഥാനപങ്ങൾക്ക് കഴിയും എന്ന് തെളിയിക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണ നേതൃത്വം പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണം.

## അധികാരവികേന്ദ്രീകരണവും സവിശേഷതയാർന്ന ഭരണപരിഷ്കാരവും

പ്രാദേശിക ഭരണ നിർവ്വഹണത്തിന്റെ ജനകീയാടിത്തറ ഉറപ്പിച്ചുകൊണ്ട് പങ്കാളിത്തപൂർണ്ണമായും സുതാര്യമായും ജനാധിപത്യപരമായും വികസന തീരുമാനങ്ങൾ എടുക്കുന്നതിനും നടപ്പാക്കുന്നതിനും വ്യവസ്ഥ ചെയ്യുന്ന സവിശേഷമാർന്ന ഭരണ പരിഷ്കാരമാണ് കേരളത്തിലെ അധികാരവികേന്ദ്രീകരണം ലക്ഷ്യമിടുന്നത്. ഭരണകൂടത്തിന്റെ ഉത്തരവാദിത്വങ്ങളിൽ നിന്നും പിൻവാങ്ങുന്നതിനല്ല മറിച്ച് പ്രാദേശിക ഭരണ സംവിധാനങ്ങളെ കൂടുതൽ കരുത്താർജ്ജിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ഇച്ഛയ്ക്കനുസൃതമായി പ്രവർത്തിക്കുന്നതിനും ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ഉറപ്പാക്കുന്നതിനും സഹായകമായ പൊതു ഭരണ സംവിധാനം സൃഷ്ടിക്കുന്നതിനാണ് കേരളത്തിലെ അധികാരവികേന്ദ്രീകരണവും ഭരണപരിഷ്കാര നടപടികളും പരിശ്രമിക്കുന്നത്. സ്വകാര്യവത്ക്കരണത്തിൽ നിന്നും സേവന സംവിധാനങ്ങളെ പ്രതിരോധിക്കുന്നതിനും പൊതു ഉടമസ്ഥതയിൽ മെച്ചപ്പെട്ട സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുമുള്ള ഏറ്റവും ഫലപ്രദമായ നടപടികളാണ് ഇതിലൂടെ കേരളത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കാൻ കഴിഞ്ഞത്. ഈ പരിശ്രമങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുസേവന സംവിധാനങ്ങളുടെ ഗുണമേന്മ ഉയർത്തുന്നതിനുമായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിക്കേണ്ടത്.

## വർദ്ധിച്ച ഭരണസുതാര്യതയും ജനാധിപത്യവത്ക്കരണവും

പ്രാദേശിക ഭരണ സംവിധാനം ഉയർന്ന ഭരണ സുതാര്യതയോടെയും ജനാധിപത്യപരമായും പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ പതിനൊന്നാം പദ്ധതിയുടെ ഭാഗമായി സ്വീകരിക്കേണ്ടതുണ്ട്. വികസന തീരുമാനങ്ങൾ പൂർണ്ണമായും ജനപങ്കാളിത്തത്തോടെയും കൂട്ടായ ചർച്ചയിലൂടെയും എടുക്കുക എന്നതാണ് ഇതിൽ ഏറ്റവും പ്രധാനം. വിവിധ ജനവിഭാഗങ്ങളുമായി കൂടിയാലോചിച്ചുകൊണ്ടും ബന്ധപ്പെട്ട ജനവിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ടും വികസന തീരുമാനങ്ങൾ എടുക്കുന്നതിനാവശ്യമായ രീതി സമ്പ്രദായമാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടത്. ഏകപക്ഷീയമായ തീരുമാനങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിശ്വാസ്യത തകർക്കുന്നതിനിടയാക്കും എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ജനങ്ങളോട് ഉത്തവാദിത്വപ്പെട്ടുകൊണ്ടും ജനങ്ങളെ ബോധ്യപ്പെടുത്തിയും എടുക്കുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നതുവഴി ജനങ്ങളുടെ സഹകരണം ലഭിക്കുകയും വർദ്ധിച്ച ജനകീയ അംഗീകാരം ലഭിക്കുന്നതിനും സഹായിക്കും. ഭരണനിർവ്വഹണത്തിനാവശ്യമായ പിന്തുണ ലഭിക്കുന്നതോടൊപ്പം ഉയർന്ന ഉത്തരവാദിത്വത്തോടെയും കാര്യക്ഷമതയോടെയും വികസന ഭരണം മുന്നോട്ടുകൊണ്ടുപോകുന്നതിനും ഇത് സഹായകമാവും. പ്രാദേശിക ഭരണ നിർവ്വഹണത്തിൽ നിലനിൽക്കുന്ന അഴിമതിയും ബ്യൂറോക്രാറ്റിക് മനോഭാവവും അവസാനിപ്പിക്കുന്നതിനുള്ള മാർഗവും കൂടുതൽ ഭരണ സുതാര്യതയും ജനാധിപത്യവത്ക്കരണവുമാണ്.

## ഭരണനിർവ്വഹണത്തിൽ വർദ്ധിച്ച ജനപങ്കാളിത്തം

ഭരണപരമായ തീരുമാനങ്ങൾ എടുക്കുന്നതിലെ പങ്കാളിത്തത്തിനപ്പുറം അതിന്റെ നിർവ്വഹണത്തിലും ധനവിനിയോഗത്തിലുമെല്ലാം ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പരിശ്രമങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടത്. ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിനും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുമാവശ്യമായ നടപടികൾ ഇതിന്റെ ഭാഗമായി രൂപപ്പെടുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. ജനങ്ങളുടെ അറിയാനുള്ള അവകാശം സംരക്ഷിക്കുന്നതോടൊപ്പം ജനകീയാസൂത്രണം സൃഷ്ടിച്ച ജനകീയ നിർവ്വഹണ സംഘടനാ സംവിധാനങ്ങളെ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള പരിശ്രമങ്ങളും ശക്തിപ്പെടുത്തേണ്ടതുണ്ട്. ഗുണഭോക്തൃസമിതികൾ എന്ന നൂതനവും ജനകീയവുമായ

ഭരണപരമായ തീരുമാനങ്ങൾ എടുക്കുന്നതിലെ പങ്കാളിത്തത്തിനപ്പുറം അതിന്റെ നിർവ്വഹണത്തിലും ധനവിനിയോഗത്തിലുമെല്ലാം ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പരിശ്രമങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടത്. ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട വിവരങ്ങൾ ജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിനും ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനുമാവശ്യമായ നടപടികൾ ഇതിന്റെ ഭാഗമായി രൂപപ്പെടുത്തുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയണം.

നിർവ്വഹണ സംവിധാനങ്ങളെ പുനരുജ്ജീവിപ്പിച്ചുകൊണ്ട് ബഹുജനങ്ങളെ ഭരണനിർവ്വഹണത്തിൽ പങ്കാളികളാക്കാൻ കഴിയുമ്പോഴാണ് അധികാരവികേന്ദ്രീകരണ ലക്ഷ്യങ്ങൾ പൂർത്തിയാക്കാൻ കഴിയുക. ഗുണഭോക്തൃസമിതികളെ ജനാധിപത്യപരമായി പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കുന്നതിനും പ്രാദേശിക ഭരണ നേതൃത്വം മുൻകൈ എടുക്കേണ്ടതാണ്. ബിനാമി കരാറുകാരുടെ ചട്ടുകമായി ഗുണഭോക്തൃ സമിതികൾ മാറാതിരിക്കുന്നതിനാവശ്യമായ ജാഗ്രത ജനപ്രതിനിധികളും ഉദ്യോഗസ്ഥരും വളർത്തി എടുക്കുകതന്നെ വേണം. ഗുണഭോക്തൃ സമിതികൾ നേരിടുന്ന പ്രായോഗിക പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കുന്നതിനും അവയുടെ ആത്മവിശ്വാസവും ആവേശവും നിലനിർത്തുന്നതിനും ആവശ്യമായ സഹായങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെയ്ത് കൊടുക്കേണ്ടതുണ്ട്. വികസനഭരണ നിർവ്വഹണത്തിൽ നിലനില്ക്കുന്ന അഴിമതിയും ദുരൂഹതയും അവസാനിപ്പിക്കുന്നതിനും പൊതു വിവരങ്ങളുടെ ചോർച്ച തടയുന്നതിനും അതുവഴി വികസന ഭരണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഇത്തരം ജനകയപങ്കാളിത്ത സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്.

ജനങ്ങളുടെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഭരണസംവിധാനം പ്രതിജ്ഞാബദ്ധമായിരിക്കണം. ജനങ്ങളുടെ പരാതികൾ യഥാസമയം തീർപ്പുകൽപ്പിക്കുകയും പ്രശ്ന പരിഹാരത്തിന് നീതിപൂർവ്വമായ നിലപാട് സ്വീകരിക്കുകയും അതുവഴി ജനങ്ങളുടെ വിശ്വാസ്യത ആർജ്ജിക്കുന്നതിന് കഴിയുകയും വേണം. ജനങ്ങളെ ബോധ്യപ്പെടുത്തി തീരുമാനങ്ങൾ എടുക്കുകയും ഭരണ നിർവ്വഹണവും വികസനവുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും അറിയുന്നതിന് ജനങ്ങൾക്ക് അവസരം നല്കുകയും വേണം. ഭരണസുതാര്യത ഉയർത്തിപ്പിടിക്കുന്നതിനും നടപടിക്രമങ്ങൾ പാലിക്കുന്നതിനും പ്രാദേശിക ഭരണ നേതൃത്വവും ഉദ്യോഗസ്ഥ സംവിധാനവും ജാഗ്രത പുലർത്തേണ്ടതുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട എല്ലാ തലങ്ങളിലും വേദികളിലും പങ്കാളികളാകുന്നതിനും ഇടപെടുന്നതിനും ജനങ്ങളെ പ്രേരിപ്പിക്കുകയും പ്രചോദിപ്പിക്കുകയും വേണം. അധികാരം ജനങ്ങൾക്ക് എന്ന മുദ്രാവാക്യത്തിന്റെ സത്ത ജനങ്ങൾക്ക് ബോദ്ധ്യപ്പെടാൻ കഴിയും വിധമുള്ള പ്രവർത്തന ശൈലി സ്വീകരിക്കേണ്ടതുണ്ട്. ഭരണനിർവ്വഹണവുമായി ബന്ധപ്പെട്ട വീഴ്ചകൾ ചൂണ്ടിക്കാണിക്കുന്നതിന് ജനങ്ങളെ പ്രേരിപ്പിക്കുകയും അത്തരം വീഴ്ചകൾ സ്വയം വിലയിരുത്തലിന് വിധേയമാക്കി തിരുത്തുന്നതിനുമുള്ള പരിശ്രമം പ്രാദേശികഭരണ നേതൃത്വം സ്വീകരിക്കേണ്ടതുമാണ്. ഭരണ നിർവ്വഹണവുമായി ബന്ധപ്പെട്ട് ജനങ്ങളുടെ പ്രതികരണം ആരായുന്നതിനും അപാകതകൾ ഉണ്ടെങ്കിൽ അവ തിരുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ബഹുജനങ്ങളെ വികസന ഭരണത്തിൽ പങ്കാളികളാക്കുക**

ജനകീയ പങ്കാളിത്തം വികസന ഭരണത്തിൽ യാഥാർത്ഥ്യമാകണമെങ്കിൽ ജനങ്ങൾക്ക് പങ്കാളികളാകുന്നതിനും തീരുമാനമെടുക്കുന്നതിനും സഹായകമായ സംഘടനാ സംവിധാനങ്ങൾക്ക് രൂപം കൊടുക്കുകയും അവയെ പ്രവർത്തനക്ഷമമാക്കുകയും വേണം. ഈ സംഘടനകൾക്ക് ഓരോന്നിനും അവരുടേതായ ചുമതലകൾ നിശ്ചയിക്കുകയും ജനകീയ പങ്കാളിത്ത ചുമതലകൾ നിറവേറ്റുന്നതിനാവശ്യമായ സഹായ സംവിധാനം സൃഷ്ടിക്കുകയും വേണം. ജനകീയ പങ്കാളിത്തം വർദ്ധിപ്പിച്ചുകൊണ്ട് ജനകീയ സംഘടനാ സംവിധാനങ്ങളെ ശക്തമാക്കി വികസന ഭരണത്തിൽ ജനകീയത വീണ്ടെടുക്കുക എന്നതായിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ മുഖ്യമായ പതിനൊന്നാം പദ്ധതി ലക്ഷ്യം.

**ആധുനിക സാങ്കേതിക വിദ്യയുടെ സഹായം പ്രയോജനപ്പെടുത്തുക**

ദൈനംദിന ഭരണ നിർവ്വഹണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യയുടെ സഹായം പ്രയോജനപ്പെടുത്തണം. കമ്പ്യൂട്ടർവത്ക്കരണത്തിനാവശ്യമായ നടപടികൾ പൂർത്തിയാക്കുക എന്നതാണ് ഇവയിൽ ഏറ്റവും പ്രധാനം. കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ജനങ്ങൾക്കാവശ്യമായ വിവിധ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും ദൈനംദിന ഓഫീസ് പ്രവർത്തനം അനായാസമാക്കുന്നതിനും കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജോലി ഭാരം ലഘൂകരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഏതെല്ലാം സേവനങ്ങൾ കമ്പ്യൂട്ടറിന്റെ സഹായത്തോടെ നല്കാൻ കഴിയുമോ അതിനുള്ള സാധ്യതകൾ ഉപയോഗിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് കമ്പ്യൂട്ടർ സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പരിശീലനം നൽകുകയും അത് ഉപയോഗിക്കുന്നു എന്നുറപ്പുവരുത്തുകയും വേണം. ഭരണനേതൃത്വത്തിന്റെ മേൽനോട്ടവും ശ്രദ്ധയും ഇക്കാര്യത്തിൽ ഉണ്ടായേ മതിയാകൂ. കമ്പ്യൂട്ടർ സ്ഥാപിക്കുക എന്നതിനുമപ്പുറം അത് പ്രയോജനപ്പെടുത്തുന്നു എന്നുറപ്പാക്കുന്നതിനായിരിക്കണം തുടർന്നങ്ങോട്ട് പ്രാദേശിക ഭരണ നേതൃത്വം ശ്രദ്ധിക്കേണ്ടത്. പ്രാദേശിക പദ്ധതി നിർവ്വഹണം അവലോകനം ചെയ്യുന്നതിനും നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനും കമ്പ്യൂട്ടറിന്റെ സഹായം പ്രയോജനപ്പെടുത്തണം.

**നയരൂപീകരണത്തിൽ ജനപ്രതിനിധികളുടെ നേതൃത്വം**

അധികാരവികേന്ദ്രീകരണം പ്രാദേശിക ഗവണ്മെന്റുകൾക്ക് തങ്ങളുടെ അധികാര



പരിധിയിൽ ഉൾപ്പെട്ട വികസന മേഖലകളിൽ നയരൂപീകരണം നടത്തുന്നതിനും വികസന ദിശാക്രമം നിശ്ചയിക്കുന്നതിനും അധികാരം നൽകുന്നു. സാമൂഹ്യജീവിതത്തിന്റെ വിവിധ മണ്ഡലങ്ങളിൽ ഇടപെടുന്നതിന് പ്രാദേശികഭരണ സംവിധാനത്തിന് അധികാരവുമുണ്ട്. ഈ മണ്ഡലങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട നയങ്ങൾക്ക് രൂപം നല്കേണ്ടത് പ്രാദേശിക ഭരണ സ്ഥാപനങ്ങളാണ്. ഈ മേഖലകളുടെ വികസന നയം, തന്ത്രം, പരിപാടി എന്നിവ തയ്യാറാക്കുന്നതിനും ജനങ്ങൾക്ക് പരമാവധി നേട്ടങ്ങൾ ഉറപ്പാക്കുന്നതിനും പ്രാദേശിക ഭരണ സ്ഥാപനങ്ങൾക്ക് കഴിയണം. വികസന നയ രൂപീകരണത്തിൽ നേതൃത്വപരമായ മുൻകൈ പ്രാദേശിക ഭരണ നേതൃത്വം ഏറ്റെടുക്കുകയും വേണം.

ഉദ്യോഗസ്ഥരുടെ സഹായത്തോടെയും അവരെ പങ്കാളികളാക്കിക്കൊണ്ടും നയരൂപീകരണം നടത്തുന്നതിന് ജനപ്രതിനിധികൾ ശ്രദ്ധിക്കേണ്ടതാണ്. ഇതിനാവശ്യമായ കാര്യപ്രാപ്തി കൈവരിക്കുന്നതിന് പ്രാദേശിക ഭരണ നേതൃത്വത്തിന് കഴിയണം. ലഭിക്കുന്ന വിഭവങ്ങളുടെ വിനിയോഗത്തിനപ്പുറം വിഭവ വിനിയോഗത്തിലൂടെ കൈവരിക്കേണ്ട സാമൂഹ്യ നേട്ടങ്ങളെ സംബന്ധിച്ചും ആർജ്ജിക്കേണ്ട മാറ്റങ്ങളെ സംബന്ധിച്ചും ശാസ്ത്രീയമായ വീക്ഷണം പ്രാദേശിക ഭരണ നേതൃത്വത്തിനുണ്ടാകേണ്ടതുണ്ട്. വികസന നയം രൂപപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തന പരിപാടികൾ ആവിഷ്കരിക്കുകയും വിവര വിനിയോഗം വികസന മുൻഗണനകൾക്കനുസൃതമായി നടത്തുന്നതിനും കഴിയണം. വിവരശേഖരണത്തിലൂടെയും വിശകലനത്തിലൂടെയും ശാസ്ത്രീയമായി വികസന നയം രൂപപ്പെടുത്തുന്നതിനും പ്രാദേശിക ഭരണ നേതൃത്വം പതിനൊന്നാം പദ്ധതിയിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്.

സാങ്കേതികമായ വിശകലന ശേഷിയും പ്രശ്നപരിഹാര നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനവും കൈവരിക്കുന്നതിനുള്ള പരിശ്രമങ്ങൾ ഭരണ നേതൃത്വം നടത്തേണ്ടതുണ്ട്. ഇതിനാവശ്യമായ സഹായവും പിന്തുണയും ഉദ്യോഗസ്ഥ സംവിധാനത്തിൽ നിന്നും ഉറപ്പാക്കുകയും വേണം. ഓരോ പ്രദേശത്തും ലഭ്യമായ സന്നദ്ധ-സാങ്കേതിക വിദഗ്ദ്ധരുടെ സഹായവും ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. ഓരോ വികസന മേഖലയിലും നിലനിൽക്കുന്ന വികസന വെല്ലുവിളികളും വിടവുകളും വിശകലനം ചെയ്തുകൊണ്ട് അവ എങ്ങനെ പരിഹരിക്കാം എന്ന് ആലോചിക്കുകയും ഇതിനാവശ്യമായ ദീർഘകാല വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുകയും വേണം. ഇതിന്റെ അടിസ്ഥാനത്തിലുള്ള വികസന ഭരണ നയവും പരിപാടിയും തയ്യാറാക്കി നടപ്പാക്കുക എന്നതായിരിക്കണം വികസനാസൂത്രണത്തിലൂടെ ഭരണനേതൃത്വം ചെയ്യേണ്ടത്.

വിഭവ വിനിയോഗത്തിനാവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്നതിനപ്പുറം വികസന പ്രശ്നങ്ങളുടെ ശാസ്ത്രീയമായ വിശകലനവും അതിന്റെ അടിസ്ഥാനത്തിലുള്ള വികസന നയവും പരിപാടിയും രൂപപ്പെടുത്തുക എന്നതായിരിക്കണം വികസനാസൂത്രണത്തിന്റെ ലക്ഷ്യം. പ്രാദേശിക സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്തുക, സാമൂഹ്യനീതി സംരക്ഷിക്കുക, സേവനങ്ങളുടെ ഗുണനിലവാരം ഉയർത്തുക, പ്രകൃതിവിഭവങ്ങളുടെ പരിരക്ഷണം ഉറപ്പാക്കുക, സ്ത്രീനീതി സംരക്ഷിക്കുക, ദുർബ്ബല ജനവിഭാഗങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക, ദരിദ്ര ജനവിഭാഗങ്ങളുടെ ശാക്തീകരണം ഉറപ്പാക്കുക, പാവപ്പെട്ടവർക്ക് കൂടുതൽ തൊഴിലവസരങ്ങളും സ്ഥായിയായ വരുമാന സാദ്ധ്യതകളും ഉറപ്പാക്കുക തുടങ്ങിയ പൊതുവായ വികസന നയങ്ങളുടെ അടിസ്ഥാനത്തിൽ വികസനാസൂത്രണം നടത്തുകയും വികസന ഭരണ നേട്ടങ്ങൾ ഈ നയങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തുകയും വേണം.

ദൈനംദിന ഭരണ നിർവ്വഹണം കാര്യക്ഷമവും സുതാര്യവുമാക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യയുടെ സഹായം പ്രയോജനപ്പെടുത്തണം. കമ്പ്യൂട്ടർവത്ക്കരണത്തിനാവശ്യമായ നടപടികൾ പൂർത്തിയാക്കുക എന്നതാണ് ഇവയിൽ ഏറ്റവും പ്രധാനം. കണക്കുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനും ജനങ്ങൾക്കാവശ്യമായ വിവിധ സേവനങ്ങൾ പ്രദാനം ചെയ്യുന്നതിനും ദൈനംദിന ഓഫീസ് പ്രവർത്തനം അനായാസമാക്കുന്നതിനും കമ്പ്യൂട്ടർ സാങ്കേതിക വിദ്യയുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

**സ്ത്രീനീതി സംരക്ഷിച്ച് സ്ത്രീകളെ വികസനഭരണത്തിൽ പങ്കാളികളാക്കുക**

അധികാരവികേന്ദ്രീകരണവും ജനകീയാസൂത്രണവും സ്ത്രീ നീതി സംരക്ഷിക്കുന്നതിനും സ്ത്രീകളെ വികസന പ്രക്രിയയിൽ സജീവമായി പങ്കാളികളാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുകയുണ്ടായി. പ്രാദേശിക ഭരണ നിർവ്വഹണം എത്രമാത്രം പുരോഗമനാത്മകമാണ് എന്ന് വിലയിരുത്തൽ നടത്തുന്നത് സ്ത്രീകളെ എത്രമാത്രം കണക്കിലെടുക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലായിരിക്കണം. വികസന പ്രക്രിയയിൽ സ്ത്രീകളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുകയും ജനകീയ പങ്കാളിത്ത വേദികളിലെല്ലാം സ്ത്രീകളുടെ സാന്നിദ്ധ്യം ഉറപ്പാക്കുകയും വേണം. വികസന നേട്ടങ്ങൾ സ്ത്രീ സമൂഹത്തിന് പ്രയോജനകരമാവുന്നു എന്നുറപ്പാക്കുന്നതിന് പ്രാദേശിക ഭരണ നേതൃത്വം ബദ്ധശ്രദ്ധരായിരിക്കണം. സ്ത്രീകളെ കണക്കിലെടുക്കാതെയുള്ള തീരുമാനങ്ങൾ ജനവിരുദ്ധമായി തിരിച്ചറിയുകയും തിരുത്തുകയും വേണം. സ്ത്രീനീതി സംരക്ഷിക്കുന്നതിനും സ്ത്രീകളുടെ ജനാധിപത്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനും പ്രാദേശിക ഭരണസംവിധാനം തികഞ്ഞ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഭരണ സംവിധാനത്തിനുള്ളിൽ സ്ത്രീകളുടെ അഭിപ്രായങ്ങൾ തേടുന്നതിന് ബോധപൂർവ്വമായ പരിശ്രമങ്ങൾ നടത്തുകയും പരിഗണന നൽകുകയും വേണം. പ്രാദേശിക ഭരണസംവിധാനം സ്ത്രീകളുടെ ആശങ്കകൾ കണക്കിലെടുക്കുകയും അവ ദൂരീകരിക്കുകയും വേണം. സ്ത്രീകളെ രാഷ്ട്രീയപ്രക്രിയയിൽ സജീവമായി പങ്കാളികളാക്കുകയും നയരൂപീകരണ വേദികളിൽ പ്രയോജനപ്പെടുത്തുകയും വേണം. സ്ത്രീകളുടെ സാമ്പത്തിക വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണം.


*(ശേഷം പേജ് 36 ൽ)*



വനനശീകരണം, ഉപരിതല ഖനനം, വൻകിട ജലസേചനപദ്ധതി, നദികളുടെ ഗതിനിയന്ത്രണം എന്നീ പ്രവർത്തികൾ വരുത്തിയ മാറ്റങ്ങൾ ആഗോളപ്രശ്നമായി മാറി. റോഡ് പണിയാനും മറ്റും മണ്ണും കല്ലും വെട്ടിമാറ്റിയതുകൊണ്ട് ജലസ്രോതസുകൾക്കും ഭൂഗർഭ ജലപോഷണത്തിനും കെടുതികൾ പറ്റി. ഈ അനുഭവജ്ഞാനമാണ് പദ്ധതി പ്രവർത്തനങ്ങളുടെ പരിസരസ്വാധീനത്തെപ്പറ്റി പറയാൻ നമ്മെ പ്രേരിപ്പിക്കുന്ന വസ്തുത.



# വികസന പ്രവർത്തനങ്ങളുടെ പരിസര സ്വാധീനം



പ്രൊഫ. എം.കെ. പ്രസാദ്

നമ്മുടെ ചുറ്റുപാട്-പ്രകൃതി- അതിസങ്കീർണ്ണമായ ഒരു സന്തുലിതാവസ്ഥയിൽ നിലനിന്നുപോരുകയാണ്. എണ്ണമില്ലാത്ത കണ്ണികൾ കൊണ്ടുള്ള ഒരു ചങ്ങലാജാലമാണത്. മനുഷ്യന്റെ ചില ചെയ്തികൾ ഈ ചങ്ങലവലയെ തകർക്കാൻ പോന്നവയാണ്. ചില കണ്ണികൾ തകർന്നാൽ എന്തുണ്ടാവുമെന്ന് എളുപ്പം പറയാം. എന്നാൽ മറ്റു ചില കണ്ണികൾ തകർന്നാൽ എന്തുണ്ടാവുമെന്ന് പറയുക വയ്യ. അത്തരം തകർച്ചയുടെ ഫലം വളരെക്കാലം കഴിഞ്ഞുമാത്രം അനുഭവപ്പെടുന്നതും എന്തു കാരണം കൊണ്ടാണെന്ന് തിട്ടപ്പെടുത്താൻ കഴിയാത്തതുമാകുന്നു. അതുകൊണ്ടാണ് ഏതൊരു വികസനത്തെപ്പറ്റിയും ആലോചിക്കുമ്പോൾ തന്നെ അതിന്റെ പരിസരസ്വാധീനത്തെപ്പറ്റിയും ആലോചിക്കേണ്ടി വരുന്നത്.

വികസനമില്ലായ്മ ദാരിദ്ര്യത്തിന് ഇട നൽകുന്നു. മനുഷ്യാവാസവികസനം തന്നെയെടുക്കുക. ഗ്രാമത്തിലായാലും നഗരത്തിലായാലും ഈ വികസനത്തിൽ പുതിയ പാർപ്പിടങ്ങളുടെ നിർമ്മാണം, ശുദ്ധജലവിതരണം, പോഷകാഹാരവിതരണം, വിദ്യാഭ്യാസ തൊഴിലവസര ലഭ്യത, പരിസര ശുചിത്വപാലനം, ഗതാഗത സൗകര്യങ്ങൾ എന്നതൊക്കെ ഉൾപ്പെട്ടതാണല്ലോ. ഇവയുടെ അഭാവവും സമൂഹത്തെ ദുരിതത്തിലാഴ്ത്തും.

അതിവികസനവും പ്രശ്നങ്ങൾ സൃഷ്ടിക്കും. വ്യവസായം, കൃഷി, നഗരവൽക്കരണം, ചരക്കുകടത്ത് എന്നീ പ്രവർത്തനങ്ങൾ അന്തരീക്ഷത്തിൽ മാലിന്യങ്ങൾ കടന്നുകൂടാൻ ഇടയാക്കുന്നു. വിഷവാതകങ്ങൾ വായുമണ്ഡലത്തെയും കീടനാശിനികളും അതിലവണങ്ങളും മണ്ണിനെയും വിഷവസ്തുക്കൾ വെള്ളത്തെയും ദുഷിപ്പിക്കുന്നു.

മനുഷ്യനെ കൂടാതെ തന്നെ പ്രകൃതിയിൽ നിരന്തരമായ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. കോടിക്കണക്കിന് സംവത്സരങ്ങൾ എടുക്കുന്ന പർവ്വതീകരണം, ആയിരക്കണക്കിന് സംവത്സരങ്ങളെടുക്കുന്ന ഹിമവത്കരണം, നൂറുകണക്കിന് സംവത്സരങ്ങൾ കൊണ്ടുണ്ടാകുന്ന സമുദ്രജലവിതാനമാറ്റം. ഏതാനും കൊല്ലങ്ങൾ മാത്രം കൊണ്ടുണ്ടാകുന്ന ജലാശയ അതിരാസപോഷണവും മണ്ണിടിയലും ഉദാഹരണങ്ങളാണ്. ഈ മാറ്റങ്ങളിൽ ചിലത് പൂർവ്വസ്ഥിതിയിലേക്ക് തിരിച്ചുപോകാൻ പറ്റാത്തവയാണ്. നൈസർഗികമായ ഈ മാറ്റങ്ങൾക്ക് പുറമെയാണ് മനുഷ്യന്റെ മാത്രം പ്രയത്നഫലമായുണ്ടാകുന്ന പരിവർത്തനങ്ങൾ. പ്രാകൃതമനുഷ്യൻ തീയുടെ കണ്ടുപിടിത്തത്തോടെ അവന്റെ ചുറ്റുപാടിൽ ചില മാറ്റങ്ങൾ വരുത്തിവച്ചു. മൃഗങ്ങളെ മെരുക്കലും കൃഷിയും ആരംഭിച്ചതോടെ കൂടുതൽ മാറ്റങ്ങൾ വന്നു. വലിയ സെറ്റിൽമെന്റ് പിന്നെയും ആഘാതങ്ങൾ സൃഷ്ടിച്ചു. വ്യവസായങ്ങൾ വളർന്നതോടെ , ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗത്തോടെ, ഈ അടുത്തകാലത്തായി പരിസരത്തിൽ മനുഷ്യൻ ഏൽപിച്ച പരിക്കുകൾ ഗുരുതരമാണ്.

വനനശീകരണം, ഉപരിതല ഖനനം, വൻകിടജലസേചനപദ്ധതി, നദികളുടെ ഗതിനിയന്ത്രണം എന്നീ പ്രവർത്തികൾ വരുത്തിയ മാറ്റങ്ങൾ ആഗോളപ്രശ്നമായി മാറി. റോഡ് പണിയാനും മറ്റും മണ്ണും കല്ലും വെട്ടിമാറ്റിയതുകൊണ്ട് ജലസ്രോതസുകൾക്കും ഭൂഗർഭ ജലപോഷണത്തിനും കെടുതികൾ പറ്റി. ഈ അനുഭവജ്ഞാനമാണ് പദ്ധതി പ്രവർത്തനങ്ങളുടെ പരിസരസ്വാധീനത്തെപ്പറ്റി പറയാൻ നമ്മെ പ്രേരിപ്പിക്കുന്ന വസ്തുത.

സാമൂഹിക വികസനമേഖലയിലെ ഏതു പ്രോജക്ടും എടുക്കാം. നീർച്ചാലുകൾ, കുഴൽക്കിണർ, സ്കൂളിൽ ഒരു തോട്ടമുണ്ടാക്കൽ, കോഴി വളർത്തൽ, സാമൂഹിക വനവൽക്കരണം, റോഡ് നിർമ്മാണം ആദിയായവ. ഇത്തരം ഏതൊരു വികസനപ്രവർത്തനവും പരിസ്ഥിതിയെ എങ്ങനെ ബാധിക്കും? പ്രത്യേകിച്ചും, പരിസ്ഥിതിയെപ്പറ്റി പൊതുവെ പറഞ്ഞാൽ ഭൗതിക പരിസ്ഥിതി മാത്രമല്ല,- ജനങ്ങളുടെ ആരോഗ്യം, സമ്പദ്‌വ്യവസ്ഥ, സാമൂഹ്യവും സാംസ്കാരികവുമായ പരിസ്ഥിതി എന്നിവയൊക്കെപ്പെടും.

ഒരു നിർദ്ദിഷ്ട വികസനപ്രവർത്തനത്തിന്റെ വിവിധതരത്തിലുള്ള സ്വാധീനം /ആഘാതം - പ്രതികൂലവും അനുകൂലവുമായവ- എന്തെന്ന് മുൻകൂട്ടി കാണാനുള്ള ശ്രമമാണിവിടെ ഉദ്യമിക്കുന്നത്. ഓരോ പ്രോജക്ടും ഒരു പ്രത്യേക നേട്ടത്തെ ലക്ഷ്യമാക്കിയാണല്ലോ ഡിസൈൻ ചെയ്തിട്ടുണ്ടാവുക. അതിനായി കൃത്യമായി വിവക്ഷിക്കപ്പെട്ട 'നിക്ഷേപം' കാണും. ഗുണഭോക്താക്കളുടെ മേന്മയെ ലക്ഷ്യമാക്കിയുള്ള മുതൽമുടക്ക്. എന്നാൽ വേണ്ടത്ര വിവരമില്ലാത്തത് ഈ പ്രവർത്തനം മൂലം ഉണ്ടാകാനിടയായേക്കാവുന്ന ആനുഷംഗികമായ (യാദൃശ്ചികമായ) അനഭിലഷണീയമായ അനന്തരഫലങ്ങളെപ്പറ്റിയാണ്.

യാഥാർത്ഥ്യബോധത്തോടെ നോക്കുമ്പോൾ നല്ലതിനോടൊപ്പം അൽപസ്വൽപം ദോഷവും അനുഭവിക്കേണ്ടിവരിക സ്വാഭാവികമാണല്ലോ. അപ്പോൾ ഗുണഭോക്താക്കളെ സംബന്ധിച്ച് ദോഷം ഏറ്റവും കുറവും ഗുണം ഏറ്റവും കൂടുതലും കിട്ടുന്ന മാർഗ്ഗം സ്വീകരിക്കുക എന്നതാണ് അഭികാമ്യം.

ദൂഷ്യഫലങ്ങൾ ഉണ്ടാകാനിടയുള്ള വശങ്ങൾ ഏതെന്ന് കണ്ടുപിടിക്കാൻ വേണ്ടി അന്വേഷണം ആരംഭിക്കണം. ഇങ്ങനെയൊരു ചോദ്യം എഴുതുക. നിയുക്ത പ്രോജക്ട് '............' നെ എങ്ങനെ ബാധിക്കും? പരിസ്ഥിതിയെന്നതുകൊണ്ട് നാം എന്തൊക്കെ വിവക്ഷിക്കുന്നുവോ ആ ഘടകങ്ങൾ ഓരോന്ന് '........ ' ൽ എഴുതുക. ഓരോന്നിനും ഉത്തരം മുൻകൂട്ടി കണ്ടുപിടിക്കണം. അല്ലെങ്കിൽ ആനുഷംഗികമായ പ്രതികൂല ഫലങ്ങൾ പിന്നീട് പ്രത്യക്ഷപ്പെടുമ്പോൾ വിഷമിക്കും. '................' ൽ എഴുതേണ്ട കാര്യങ്ങളിൽ പ്രധാനമായവ താഴെ കൊടുത്തിരിക്കുന്നു.

1. വെള്ളത്തിന്റെ ഉപരിതലപ്രവാഹം: നിയുക്ത പ്രോജക്ട് റൺ ഓഫിനെ എങ്ങനെ ബാധിക്കും? വെള്ളപ്പൊക്കം വരുമോ? അല്ലെങ്കിൽ ഉപരിതല ജലപ്രവാഹം തടസ്സപ്പെടുമോ? ആകെ ഒഴുകുന്ന വെള്ളത്തിന് കുറവ് സംഭവിക്കുമോ?
2. ഭൂഗർഭജലം: അളവ്, പുനർസംഭരണതോത് തുടങ്ങിയവ. പ്രോജക്ട് ഭൂഗർഭജലത്തിൻെറ രാസസ്വഭാവം മാറ്റുമോ?
3. സസ്യജാലം: നൈസർഗിക സസ്യജാലം കുറയുമോ. കൂടുമോ? സസ്യജാലത്തിന്റെ പുനരാവിഷ്ക്കാരത്തെ ബാധിക്കുമോ/ പ്രോജക്ട് കാരണം കൂടുതൽ കൂടുതൽ വൃക്ഷങ്ങൾ വെട്ടി മാറ്റിക്കൊണ്ടിരിക്കേണ്ടി വരുമോ? കുറ്റിക്കാടിനും പുൽ വളർച്ചയ്ക്കും അപകടമാകുമോ?
4. മണ്ണ്: പ്രോജക്ട് കാരണം മണ്ണിന്റെ പോഷകഗുണം കുറയുമോ? കൂടുമോ? ഭൂമിയുടെ ഉപരിതലത്തിനു കേടുവരുമോ? ഭൂ ഉപയോഗത്തെ ബാധിക്കുമോ? മണ്ണൊലിപ്പ് കുറയുമോ കൂടുമോ?
5. മറ്റുള്ളവ: വന്യജീവി, മത്സ്യസമ്പത്ത്, നൈസർഗ്ഗിക പ്രകൃതി ഭംഗി ഇത്യാദി കാര്യങ്ങളിൽ ഉണ്ടാകാനിടയുള്ള ഫലം?
6. ഭക്ഷണം: ജനങ്ങൾക്ക് കൂടുതൽ ഭക്ഷണം കിട്ടുമോ? അതോ സമ്പൂർണ്ണാഹാരം തന്നെ ലഭിക്കുമോ?
7. രോഗാണുവാഹികൾ: പ്രോജക്ടു കാരണം ജലം കെട്ടിക്കിടക്കുന്ന അവസ്ഥയുണ്ടാകുമോ? ശക്തിയായ നീരൊഴുക്കിന് കാരണമാകുമോ? നിലവിലുള്ള ജലധാരകളെ എങ്ങനെ ബാധിക്കും? രോഗാണുവാഹികൾ വർധിക്കുമോ?
8. ജനസംഖ്യാസാന്ദ്രത: പ്രോജക്ടുപ്രവർത്തനം മൂലം ജനസംഖ്യാസാന്ദ്രതയ്ക്കു വ്യത്യാസം വരുമോ/ രോഗസംക്രമണ സാഹചര്യങ്ങൾക്ക് മാറ്റം വരുമോ? എങ്ങനെ ? ആരോഗ്യ പരിപാലന സംവിധാനങ്ങൾ കൂടുതൽ ആവശ്യം വരുമോ?
9. മറ്റുള്ളവ: വിഷകാരികളായ രാസപദാർത്ഥങ്ങൾ ഉണ്ടാകുമോ? ജന്തുക്കൾ വഴി പരക്കുന്ന രോഗങ്ങൾക്ക് ആളുകൾ വിധേയരാകുമോ?
10. കാർഷിക ഉത്പാദനം: പ്രതിശീർഷ ഭക്ഷ്യഉൽപ്പാദനം കൂടുമോ, കുറയുമോ?
11. സാധനങ്ങളുടെയും സേവനങ്ങളുടെയും പരിമാണം; പ്രോജക്ട് കൊണ്ട് ഗുണഭോക്താക്കൾക്ക് കിട്ടുന്ന ഭക്ഷണം, വെള്ളം , വിറക് ആദിയായ പ്രയോജനങ്ങൾ കൂടുമോ കുറയുമോ?
12. പൊതുവിഭവങ്ങൾ (വെള്ളം, മേച്ചിൽ സ്ഥലങ്ങൾ, മരങ്ങൾ ഇത്യാദി): പ്രോജക്ട് മൂലം ആളുകൾ, വിഭവങ്ങൾ ഉപയോഗിക്കുന്നതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുമോ? ഇപ്പോൾ കിട്ടി വരുന്ന ഏതെങ്കിലും വിഭവം കിട്ടാതെ വരുമോ/ ഈ വിഭവങ്ങളിന്മേലുള്ള അവകാശത്തിന് നിയന്ത്രണം വരുമോ?
13. പ്രോജക്ടിന്റെ രീതി; പ്രോജക്ട് കൊണ്ടുള്ള നേട്ടങ്ങൾ എങ്ങനെയാണ് വിതരണം ചെയ്യപ്പെടുക? ഈ പ്രവർത്തനങ്ങൾ കൊണ്ട് ആർക്കാണ് പ്രയോജനപ്പെടുന്നത്? ഏതെങ്കിലും പ്രത്യേക വിഭാഗക്കാർക്കാണോ? നേട്ടങ്ങൾ എത്രത്തോളം നീതിപൂർവ്വമായി വീതിക്കപ്പെടും?
14. സർക്കാർ സേവനം, ഭരണം: സർക്കാർസേവനങ്ങൾക്ക് കൂടുതൽ ഡിമാന്റ് വരുമോ? ഭരണരംഗത്ത് ഇത് കൂടുതൽ ഭാരം ഉണ്ടാക്കുമോ?കൂടുതൽ ജോലികൾ, കൂടിയ ആവർത്തന ച്ചെലവ് എന്നിവ വേണ്ടിവരുമോ?
15. വിദ്യാഭ്യാസം, പരിശീലനം; നിലവിലുള്ള ബോധന- പരിശീലന സൗകര്യങ്ങളെ പ്രോജക്ട് എങ്ങനെ ബാധിക്കും? തടസ്സമാകുമോ സഹായകമാകുമോ? അതോ ബദലുകൾ പ്രദാനം ചെയ്യുമോ? പരമ്പരാഗതമായ വിദ്യാഭ്യാസ സമ്പ്രദായങ്ങളെ എങ്ങനെ ബാധിക്കും?
16. സാമൂഹ്യ വികസനം: ഇതിന് പ്രേരകമാകുമോ, അതോ നിലവിലുള്ള സംരംഭങ്ങളെ ബാധിക്കുമോ? എങ്കിൽ ഗുണമോ, ദോഷമോ?
17. പരമ്പരാഗത ഭൂ ഉപയോഗം : നിലവിലുള്ള ഉപയോഗത്തിൽ നിയന്ത്രണങ്ങൾ വരുത്തുമോ? (കൃഷി, വിളവെടുപ്പ്, കാലിമേച്ചിൽ)
18. ഊർജ്ജം; വിറകിന്റെ ഡിമാന്റ് വർദ്ധിപ്പിക്കുമോ? ഫോസിൽ ഇന്ധനത്തിന്മേലുള്ള ആശ്രയം വർദ്ധിക്കുമോ?

(ഇത് പൂർണമായ ഒരു ലിസ്റ്റ് അല്ല. സാമ്പിളുകൾ മാത്രം)

മേൽപറഞ്ഞ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

ഉത്തരങ്ങൾക്ക് വേണമെങ്കിൽ മാർക്കിടുകയുമാവാം. ഇങ്ങനെ.

- വളരെ തീർച്ചയായും ഗുണപരമായ സ്വാധീനമെങ്കിൽ............ +2
- അത്ര തീർച്ചയില്ലാത്ത ഗുണമുണ്ടായേക്കാം എന്നാണെങ്കിൽ...............+1
- ഒരു ആഘാതവും ഉണ്ടാവില്ല. ഒരു മാറ്റവും ഉണ്ടാവില്ല എന്നാണെങ്കിൽ ........... 0
- തീർച്ചയായും ഗുണപരമല്ലാത്ത, കുറച്ച് ദൂഷ്യം വരുത്തുന്നത്........... –1
- വളരെ തീർച്ചയുള്ള, വിപുലമായ ദൂഷ്യം ചെയ്യുന്നത് ........... –2

ഒടുവിൽ മാർക്കുകളുടെ ആകെത്തുകയിൽ നിന്ന് പ്രോജക്ടിന്റെ ഗുണദോഷസ്ഥിതി മനസ്സിലാക്കാം. ദോഷങ്ങൾ എത്ര കുറഞ്ഞിരിക്കണം, അതായത് (–)കളുടെ ആകെത്തുക ചെറുതായിരിക്കണം. അത്തരം ഫലം കിട്ടാൻ വേണ്ടി പ്രോജക്ടിന്റെ വിവിധ ഘടകങ്ങളിൽ മാറ്റം വരുത്താൻ കഴിയും. ഇതാണ് പാരിസ്ഥിതികമായ 'നല്ല' പ്രോജക്ട്.

(പ്രോജക്ടുകളുടെ ഇത്തരം വിലയിരുത്തലിന് ഉപയോഗിക്കാവുന്ന സൂത്രങ്ങൾ ലഭ്യമാണ്. വികസ്വരരാജ്യങ്ങളിൽ പ്രയോഗിക്കാവുന്ന മോഡലുകൾ ഉണ്ട് എന്നുമാത്രം സൂചിപ്പിക്കുന്നു.)

## പരിസര സ്വാധീന പത്രിക

വികസനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതോടൊപ്പം ആ വികസന പ്രവർത്തനങ്ങൾ ഉണ്ടാക്കിയേക്കാനിടയുള്ള പരിസരസ്വാധീനങ്ങളെപ്പറ്റി ശാസ്ത്രീയമായി പഠിച്ച് വിലയിരുത്തി തയ്യാറാക്കുന്ന ഒരു റിപ്പോർട്ടാണ് പരിസരസ്വാധീന പത്രിക. ഈ പത്രികയിൽ താഴെ പറയുന്ന കാര്യങ്ങൾ ഉൾക്കൊണ്ടിരിക്കണം.

## പദ്ധതിയുടെ പൂർണ്ണ വിവരങ്ങൾ

പദ്ധതി പ്രവർത്തനം മൂലം ഉണ്ടാകാനിടയുള്ള പരിസ്ഥിതി മാറ്റങ്ങളുടെ മാതിരിയും തീഷ്ണതയും എങ്ങനെയായിരിക്കുമെന്ന പ്രവചനം-പ്രസ്തുത പദ്ധതിയിൽ സംഗതമായ മാനുഷിക താത്പര്യം എന്തെന്ന് -പരിസരസ്വാധീനത്തിന്റെ തീഷ്ണത തിട്ടപ്പെടുത്താൻ ഉപയുക്തമായ ഉപാധി-

മുകളിൽ പറഞ്ഞ ഉപാധി കൊണ്ട് പ്രവചിക്കാൻ പറ്റുന്ന പരിസരസ്വാധീനങ്ങളെ അടിസ്ഥാനപ്പെടുത്തി ഉദ്ദേശിക്കപ്പെട്ട പദ്ധതി പ്രവർത്തനം മൂലം മനുഷ്യജീവിതത്തിനുണ്ടാകാനിടയുള്ള ഗുണമോ ദോഷമോ എന്നതിന്റെ രൂപം

താഴെ സൂചിപ്പിച്ചവയിൽ ഏതെങ്കിലുമൊന്ന് ശുപാർശ ചെയ്തിരിക്കണം.

- പദ്ധതി നടപ്പാക്കാം
- ചില പരിഹാരമാർഗങ്ങൾ സ്വീകരിക്കണം
- ഒന്നോ അതിലധികമോ ബദലുകൾ ആകാം
- പദ്ധതി ഉപേക്ഷിക്കുക

പദ്ധതി നടപ്പാക്കി കഴിഞ്ഞാൽ നിർവ്വഹിക്കേണ്ട പരിശോധനാ ക്രമങ്ങൾ ശുപാർശ ചെയ്യണം.

## പരിസരസ്വാധീനപ്രവചനം

വികസന പ്രവർത്തനങ്ങളുടെ സ്വാധീന ഫലമായി ഉണ്ടാകാനിടയുള്ള പരിസ്ഥിതി മാറ്റങ്ങളിൽ ചിലത് താഴെകൊടുക്കുന്നു.

| | |
|---|---|
| 1. മണ്ണിൽ: | 1. ഗുണത്തിൽ: ആഴം, ഘടന, വളക്കുറവ്, ലവണീകരണം, അമ്ലത |
| | 2. സ്ഥിരതയിൽ |
| | 3. കൃഷി ചെയ്യാവുന്ന വിസ്തീർണ്ണം |
| 2. വായുവിൽ:: | 1. ഗുണത്തിൽ/ പരിശുദ്ധിയിൽ |
| 3. ജലത്തിൽ: | 1. ഗുണം/ശുദ്ധി |
| | 2.അളവിൽ |
| | 3. കാലാനുകാലതയിൽ |
| | 4. മനുഷ്യനിർമ്മിതി തടാകത്തിന്റെ വ്യാപ്തിയിൽ |
| | 5 ജലസേചന കനാലുകളുടെ വ്യാപ്തിയിൽ |
| 4.ജീവജാലങ്ങളിൽ: | 1. സ്പീഷിസ് സമൃദ്ധത/ ദൗർലഭ്യത്തിൽ |
| | 2. കാർഷിക വിളകളുടെ വ്യാപ്തിയിൽ/ ഇക്കോ വ്യൂഹങ്ങളിൽ |
| | 3. സ്പീഷിസ് വൈവിധ്യത്തിൽ |
| | 4. ദേശാടന സ്പീഷിസുകളുടെ പാർപ്പിട സൗകര്യങ്ങളിൽ |
| | 5. രോഗകാരികളുടെ/ കീടജാതികളുടെ സമൃദ്ധി/ ദൗർലഭ്യത്തിൽ |

ഈ മാറ്റങ്ങൾ നല്ലതിനാവാം; തിയതിനാവാം. ഏത് വീക്ഷണകോണിലൂടെ നോക്കുന്നു എന്നതിനെ ആസ്പദമാക്കിയാവാം അത്. സ്വാധീനനിർണ്ണയം നടത്തുന്നവർ തന്നെ ഈ ഘട്ടത്തിൽ ഇവയിൽ ഓരോന്നിന്റേയും മൂല്യം നിശ്ചയിക്കരുത്. മാറ്റങ്ങളുടെ മാതിരിയും തീഷ്ണതയും നിർണ്ണയിക്കാൻ മാത്രമേ ഈ ഘട്ടത്തിൽ പാടുള്ളൂ. പരിസ്ഥിതിയുടെ ഗുണപരമായ മാറ്റത്തെപ്പറ്റിയുള്ള നിർണ്ണയത്തിന് മാത്രമല്ല പ്രാധാന്യം., മാറ്റത്തിന്റെ വേഗതയ്ക്കും പ്രാധാന്യമുണ്ട്. സാവധാനത്തിലുള്ള ഒരു മാറ്റം ഒരുപക്ഷേ പുതിയൊരു സന്തുലനാവസ്ഥയിലേക്ക് നയിച്ചേക്കാം. എന്നാൽ ദ്രുതഗതിയിലുള്ള മാറ്റം അഥവാ വർദ്ധിച്ചതോതിലുള്ള ഒരു മാറ്റം ഇക്കോ വ്യൂഹത്തിന് താങ്ങാനാവാത്ത ആഘാതമായിരിക്കും ഏൽപിക്കുക. അതുപോലെ തന്നെ പ്രധാനമാണ് പാരിസ്ഥിതിക മാറ്റം, തിരിച്ചുപോകാനാകാത്ത അവസ്ഥയെ എത്രത്തോളം പ്രാപിച്ചിട്ടുണ്ട് എന്നതും.

പരിസരസ്വാധീന പത്രികയക്ക് മൂന്ന് ഉപവിഭാഗങ്ങൾ ഉണ്ടാകും

- തുടക്കത്തിലുള്ള അവസ്ഥാവിവരണം
- പദ്ധതി ചെയ്യാതിരുന്നാൽ ഭാവിയിൽ എങ്ങനെയായിരിക്കും എന്ന വിവരണം
- പദ്ധതി ചെയ്താൽ ഭാവി എന്തായിരിക്കും എന്ന വിവരണം

പരിസരസ്വാധീന നിർണ്ണയം സാമ്പത്തിക വികസനത്തിന് പ്രതിബന്ധമോ, കടിഞ്ഞാണിടലോ ആണെന്ന് ധരിക്കരുത്. ഒരു രാജ്യത്തിന്റെ / പ്രദേശത്തിന്റെ ഭൗതിക വിഭവങ്ങളുടെ യുക്തിപൂർവ്വകമായ ഉപയോഗത്തിന് ആസൂത്രകരെ സഹായിക്കാൻ ഉതകുന്നതാണ് അതെന്ന് അറിയണം. പ്രകൃതി വിഭവങ്ങളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള വിനിയോഗാസൂത്രണത്തോട് ബന്ധപ്പെട്ടിരിക്കുന്നു നാടിന്റെസാമ്പത്തിക വികസനം. പരിസരസ്വാധീന നിർണയത്തിന് ചെലവിടേണ്ട തുക എല്ലായ്പ്പോഴും പിന്നീട് വേണ്ടിവരാവുന്ന പരിഹാര ചെലവുകളെ അപേക്ഷിച്ച് വളരെ തുച്ഛമായിരിക്കും.

## പരിസരസ്വാധീന നിർണയ മാർഗങ്ങൾ

ഇന്ന് പലവിധ മാർഗങ്ങൾ നിലവിലുണ്ട്. ഇത് ഒരു നൂതന വിജ്ഞാന ശാഖയാണെന്നതാണ് കാരണം. ഏത് മാർഗമായാലും പൊതുവായി അഞ്ച് ഘടകങ്ങൾ കാണും.

-തിരിച്ചറിയൽ
-പ്രവചനം
-വിശകലനം
-പ്രഖ്യാപനം
-പരിശോധനാരീതികൾ

പരിസരസ്വാധീനങ്ങൾ എന്തൊക്കെയാണെന്ന് തിരിച്ചറിയാൻ മാർഗ്ഗങ്ങളുണ്ട്. ഒത്തുനോക്കാനുള്ള ഒരു ലിസ്റ്റുണ്ടാക്കുക ഒരു മാർഗ്ഗമാണ്. ഇത് നാം മുമ്പ് പരിചയപ്പെട്ടിട്ടുണ്ട്. ഈ ക്രോഡീകൃത ലിസ്റ്റിൽ എത്രയെണ്ണം നിർദ്ദിഷ്ട പദ്ധതി മൂലം ഉണ്ടാകും എന്ന് നിർണ്ണയിക്കണം.

മറ്റൊരു മാർഗം ഒരു മാട്രിക്സ് ഉണ്ടാക്കലാണ്. മനുഷ്യപ്രവർത്തനങ്ങളുടെ ഒരു പട്ടികയും അതോടൊപ്പം പരിസര സ്വാധീന സൂചകങ്ങളുടെ മറ്റൊരു പട്ടികയും ഉണ്ടാക്കുക. ഇവ രണ്ടും തമ്മിൽ കാര്യ-കാരണബന്ധം സ്ഥാപിക്കുക.

മൂന്നാമത്തെ മാർഗം പ്രവൃത്തി- കാര്യ- സ്വാധീനം എന്നിവ ഉൾപ്പെടുത്തി ഉണ്ടാക്കുന്ന ഒരു ചിത്രത്തിൽ (ഫ്ളോഡയഗ്രം) ഓരോ പ്രത്യേക പ്രവൃത്തിയുടെയും പരിസരസ്വാധീനം രേഖപ്പെടുത്തലാണ്. ഇത് പ്രവൃത്തിയും ഫലവും തമ്മിലുള്ള ബന്ധത്തിന്റെ ദർശനമുണ്ടാക്കാൻ സഹായിക്കും.

പ്രകൃതിയിലെ വിവിധ പ്രതിഭാസങ്ങളെപ്പറ്റി നിലവിലുള്ള അറിവ് വെച്ചുകൊണ്ട് ഒരു നിർദ്ദിഷ്ട പദ്ധതിയുടെ ഫലം എന്തൊക്കെയായിരിക്കാമെന്ന് ശാസ്ത്രീയമായി പ്രവചിക്കാൻ ഇന്ന് കഴിയും. ഒരുദാഹരണം: ഒരു പ്രദേശത്തിന്റെ കാറ്റിന്റെ ഗതിയറിയാമെങ്കിൽ ഒരു നിശ്ചിത സമയത്ത് ഇത്ര പൊക്കമുള്ള ഒരു ചിമ്മിനിയിൽ നിന്ന് വിസർജ്ജിക്കപ്പെടുന്ന പുക ആ ചിമ്മിനിയുടെ ചുറ്റുപാടിൽ ഉണ്ടാക്കിയേക്കാവുന്ന മലിനീകരണം എത്രയെന്ന് പ്രവചിക്കാൻ ശാസ്ത്രകാരന് കഴിയുന്നു.

അടുത്തത് വിശകലനം. പദ്ധതിയുടെ ഗുണദോഷങ്ങളെ വിലയിരുത്തി മൂല്യം കല്പിക്കുക വഴി ഏറ്റവും ഉപദ്രവം കുറഞ്ഞ ബദൽ പദ്ധതി കണ്ടെത്താൻ സഹായകമാവും. ഓരോ ഗുണത്തിനും ദോഷത്തിനും മൂല്യം നിശ്ചയിക്കുക. വിശദാംശങ്ങൾ മുമ്പ് പറഞ്ഞിട്ടുണ്ട്. അറിയപ്പെട്ട ഓരോ സ്വാധീന സ്വഭാവത്തെയും അങ്ങനെ വിലയിരുത്തി പദ്ധതിയുടെ നന്മതിന്മകൾ നിർണയിക്കാം. അടിസ്ഥാനപരമായി ഒരു ശാസ്ത്രിയമാർഗം അവലംബിച്ച് മൂല്യ നിർണ്ണയം നടത്തി ഒരു പദ്ധതി 'നല്ലത്' അല്ലെങ്കിൽ ചീത്ത എന്ന് നിർവചിക്കപ്പെട്ടുകഴിഞ്ഞാൽ, തീരുമാനമെടുക്കേണ്ട അധികാരിക്ക് ഇതുവേണം അല്ലെങ്കിൽ ഇത് വേണ്ട എന്ന് തീരുമാനിക്കാനാവും.

നിഗമനങ്ങൾ പൊതുജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുകയെന്നതാണ് ഏറ്റവും ബുദ്ധിമുട്ടുള്ള പരിപാടി. ഒരു പരിസരാഘാതം പ്രവചിക്കുമ്പോൾ ആ പ്രവചനത്തിൽ വരുന്ന ഏറ്റവും ചെറിയൊരു അവ്യക്തത മതി പദ്ധതിയെപ്പറ്റി തീരുമാനമെടുക്കുന്നവരിലും പൊതുജനങ്ങളുടെ ഇടയിലും ആശങ്ക ഉളവാക്കാൻ. ഈ അപാകത ഇല്ലാതാക്കാനാണ് ഇപ്പോൾ പദ്ധതിയുടെ ഗുണദോഷ വിചാരത്തെ സംബന്ധിച്ച് ബഹുജനാഭിപ്രായം ആരായുക എന്ന പരിപാടി നിയമത്തിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു തന്നെ.

പരിശോധനാ ചട്ടങ്ങൾ നിർദ്ദേശിക്കുന്നതാണ് അവസാനത്തെ ഘടകം. പദ്ധതി പൂർത്തീകരണത്തിനുശേഷം പരിസരസ്വഭാവം മോശമായെന്നുവരാം. കാരണം പലതാവാം. തെറ്റായ അല്ലെങ്കിൽ അപൂർണ്ണമായ സ്വാധീന നിർണ്ണയമോ, അപൂർവ്വമായി മാത്രം സംഭവിക്കാവുന്ന അപ്രതീക്ഷിതമായ ഒരു പ്രകൃതി ക്ഷോഭമോ, ഏതെങ്കിലും അപകടമോ, മനുഷ്യസഹജമായ ഒരു വീഴ്ചയോ ആകാം കാരണം. ഈ നാലു കാര്യങ്ങളും കണക്കിലെടുത്തു കൊണ്ടാണ് ഓരോ പദ്ധതിക്കും ഇടയ്ക്കിടെ പരിശോധന (മോണിട്ടറിംഗ്) വേണമെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഇത് അനുസരിക്കേണ്ടത് വളരെ പ്രധാനമാണ്.

പരിസരസ്വാധീന നിർണ്ണയം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഓരോ പദ്ധതി പ്രവർത്തനത്തിന്റെയും സ്വാധീന പത്രിക തയ്യാറാക്കപ്പെടുന്നു. ഈ പത്രിക ഏതൊരു പദ്ധതിയുടെയും രൂപരേഖയുടെ ഭാഗം തന്നെയാകേണ്ടതാണ്.

*ലേഖകൻ*
*ഇൻഫർമേഷൻ കേരള മിഷനിൽ*
*എക്സിക്യൂട്ടീവ് ചെയർമാനാണ്.*

എന്താണ് ജനാധിപത്യം? ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നിർവ്വഹിക്കപ്പെടുന്ന ഭരണം എന്നതാണ് ഏറ്റവും പരിചിതമായ നിർവ്വചനം. ഒരു ജനസമൂഹം അതിലെ എല്ലാ അംഗങ്ങൾക്കും പ്രാതിനിധ്യമുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തി അവിടെ നടക്കുന്ന തുറന്ന ചർച്ചകളിലൂടെയും പരസ്പര പ്രേരണയിലൂടെയും അനുരഞ്ജനത്തിലൂടെയും പൊതുകാര്യങ്ങളിൽ ആ സമൂഹത്തിന്റെ സമ്മതത്തോടെ എല്ലാ അംഗങ്ങൾക്കും ബാധകമാകുന്ന കൂട്ടായ തീരുമാനമെടുത്ത് അവകാശബോധത്തോടെ നടപ്പാക്കുന്ന രാഷ്ട്രീയ ഭരണപ്രക്രിയയാണ് ജനാധിപത്യം. ആ ജനാധിപത്യ സങ്കല്പത്തിലേക്കുള്ള ചില ചുവടുവയ്പുകളാണ് അധികാര വികേന്ദ്രീകരണ പ്രക്രിയയിലൂടെ നാം നടത്തിക്കൊണ്ടിരിക്കുന്നത്.

# അധികാരവികേന്ദ്രീകരണം
## ജനാധിപത്യത്തിലേക്കൊരു നടപ്പാത



കെ.രാജശേഖരൻ

ജനാധിപത്യത്തെക്കുറിച്ചുള്ള മോഹന സങ്കല്പങ്ങളും അതിന്റെ പ്രത്യക്ഷയാഥാർത്ഥ്യവും ഇന്നു മിക്ക രാജ്യങ്ങളിലും വിരുദ്ധ ദിശകളിലാണ് മുന്നേറുന്നത്. ഓരോ ജനതയും അർഹിക്കുന്ന ഭരണമേ ജനാധിപത്യത്തിൽ സാധ്യമാവൂ. എന്നാൽ ജനാധിപത്യത്തെക്കാൾ സവിശേഷമായൊരു ഭരണ സങ്കല്പം രൂപപ്പെടുത്താൻ നമുക്കിനിയും കഴിഞ്ഞിട്ടുമില്ല. അധികാര വികേന്ദ്രീകരണവും പഞ്ചായത്ത് രാജും ഗ്രാമസഭകളുമൊക്കെ ജനാധിപത്യത്തെ കൂടുതൽ ആഴവും ഉൾക്കാമ്പും ഉള്ളതാക്കാനുള്ള നൂതനശ്രമങ്ങളാണ്. ആ ശ്രമങ്ങളെല്ലാം ചില വിജയങ്ങളും കുറെ പരാജയങ്ങളുമായി ഇഴഞ്ഞു നീങ്ങുന്നു. എങ്കിലും പ്രതീക്ഷാനിർഭരമാണ് ചിലയിടങ്ങളിലെ ജനാധികാര പോഷണ പരീക്ഷണങ്ങൾ.

എന്താണ് ജനാധിപത്യം? ജനങ്ങൾ ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നിർവ്വഹിക്കപ്പെടുന്ന ഭരണം എന്നതാണ് ഏറ്റവും പരിചിതമായ നിർവ്വചനം. ഒരു ജനസമൂഹം അതിലെ എല്ലാ അംഗങ്ങൾക്കും പ്രാതിനിധ്യമുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തി അവിടെ നടക്കുന്ന തുറന്ന ചർച്ചകളിലൂടെയും പരസ്പര പ്രേരണയിലൂടെയും അനുരഞ്ജനത്തിലൂടെയും പൊതുകാര്യങ്ങളിൽ ആ സമൂഹത്തിന്റെ സമ്മതത്തോടെ എല്ലാ അംഗങ്ങൾക്കും ബാധകമാകുന്ന കൂട്ടായ തീരുമാനമെടുത്ത് അവകാശബോധത്തോടെ നടപ്പാക്കുന്ന രാഷ്ട്രീയ ഭരണപ്രക്രിയയാണ് ജനാധിപത്യം. ആ ജനാധിപത്യ സങ്കല്പത്തിലേക്കുള്ള ചില ചുവടുവയ്പുകളാണ് അധികാര വികേന്ദ്രീകരണ പ്രക്രിയയിലൂടെ നാം നടത്തിക്കൊണ്ടിരിക്കുന്നത്.

താത്വികമായി ജനാധിപത്യം അടിമയും ഉടമയും ഇല്ലാത്തൊരു ഭരണ സംവിധാനമാണ്. അതിൽ ഭരിക്കുന്നവരും ഭരിക്കപ്പെടുന്നവരും ഇല്ലാതിരിക്കണം. ഏറ്റവും കുറച്ചു ഭരിക്കുന്ന സർക്കാരാണ് ഏറ്റവും നല്ല സർക്കാർ എന്ന കാഴ്ചപ്പാടിലാണ് ജനാധിപത്യം ഒരു രാജാവില്ലാ ഭരണമായി സങ്കല്പിച്ചിട്ടുള്ളത്. സ്വർഗ്ഗം പോലെ ഒരു മിഥ്യാ സങ്കല്പമാണ് ജനാധിപത്യം എന്നു കരുതുന്നവരും ചുരുക്കമല്ല.

ജനാധിപത്യം രാഷ്ട്രീയ ഭരണ മണ്ഡലത്തിൽ മാത്രം ഒതുങ്ങുന്നതല്ല. ഏത് തരം സംഘടനയുടെയും കൂട്ടായ തീരുമാനമെടുക്കലിന് ജനാധിപത്യ തത്വങ്ങൾ ആധാരമാക്കാവുന്നതാണ്. രാഷ്ട്രീയ ഭരണരംഗങ്ങളിൽ ജനാധിപത്യം ഉണ്ടെങ്കിൽ മാത്രമേ സമൂഹത്തിലെ ഇതര സ്ഥാപനങ്ങളിലും ജനാധിപത്യം രൂഢമൂലമാവൂ. ഇതര സ്ഥാപനങ്ങളിലെ ജനാധിപത്യ പ്രക്രിയയിൽ നിന്നും ഒരാൾക്കു സ്വമേധയാ വിട്ടുപോകാം. എന്നാൽ ഭരണകൂട തലത്തിലുള്ള ജനാധിപത്യത്തിൽ നിന്നും ആർക്കും സ്വമേധയാ വിട്ടുപോകാനാവില്ല.

എല്ലാ ജനങ്ങളും തുല്യരാണെന്നതാണ് ജനാധിപത്യത്തിന്റെ അടിസ്ഥാന കാഴ്ചപ്പാട്. ഒരാളും മറ്റൊരാളേക്കാൾ ജനാധിപത്യത്തിൽ വിലപ്പെട്ടതല്ല. ദരിദ്രന്റെ ശബ്ദം ധനികന്റെ ശബ്ദത്തേക്കാളും വിലയുള്ളതാണ്. അജ്ഞതയും വിദ്യാരാഹിത്യവും പൊതുഭരണ പ്രക്രിയയുടെ



ദീർഘകാല ലക്ഷ്യങ്ങൾ ഉൾക്കൊള്ളാനുള്ള കഴിവുകേടും പലരേയും ജനാധിപത്യ ഭരണത്തിലെ പൊതുതീരുമാനമെടുക്കലിൽ പങ്കെടുക്കുന്നതിൽ നിന്നും മാറ്റി നിർത്താൽ കാരണമാകുന്നു.

തീരുമാനമെടുക്കലിൽ കൂടുതൽ ജനങ്ങൾ പങ്കെടുക്കുന്നുവെങ്കിൽ ജനങ്ങളുടെ കൂടുതൽ ഉത്കണ്ഠകളും അഭിലാഷങ്ങളും ആ ഭരണ തീരുമാനങ്ങളിൽ പ്രതിഫലിക്കും. എല്ലാ ജനങ്ങളുടെയും ആശയങ്ങളും അഭിപ്രായങ്ങളും പ്രതിഫലിപ്പിക്കാൻ ജനാധിപത്യ ഭരണത്തിനു കഴിയുന്നില്ലെങ്കിൽ അതു ശരിയായ ജനാധിപത്യമല്ല, ജനാധികാര പ്രയോഗം അസാധ്യമായ ഒരു ഭരണക്രമം ജനാധിപത്യത്തിന്റെ ചട്ടക്കൂടിൽ രൂപപ്പെടുത്തിയാലും അതിനെ ജനാധിപത്യം എന്നു വിളിക്കുന്നതിൽ അർത്ഥമില്ല.

ക്രിസ്തുവിനു മുമ്പ് നാലും അഞ്ചും നൂറ്റാണ്ടുകളിൽ സമൂഹത്തിലെ ഓരോ പൗരനും സമൂഹത്തിന്റെ നയങ്ങളും നിയമങ്ങളും രൂപപ്പെടുത്തുന്ന അസംബ്ലികളിലെ തുറന്ന ചർച്ചകളിലും വോട്ടെടുപ്പിലും പങ്കെടുക്കുവാൻ അവസരം നൽകിയ ഏതൻസിൽ നിന്നാണ് ജനാധിപത്യം ആവിർഭവിച്ചത്. ഏതൻസിൽ രൂപമെടുത്ത പ്രത്യക്ഷ ജനാധിപത്യം സാധ്യമാകുന്നതിന് ഒരൊറ്റ സ്ഥലത്ത് സമ്മേളിക്കാവുന്നത്ര ചെറുതായിരിക്കണം ജനസമൂഹം. പൊതുകാര്യങ്ങളിൽ ശ്രദ്ധിച്ച് തീരുമാനം കൈക്കൊള്ളുവാനുള്ള സൗകര്യവും സമയവും അവർക്കുണ്ടാകണം. സ്ത്രീകളെയും അടിമകളെയും ഒഴിവാക്കിയതായിരുന്നു ഏതൻസിലെ ജനാധിപത്യം. എന്നാൽ പിൽക്കാലത്ത് എല്ലാ രാഷ്ട്രീയ അധികാരങ്ങളും ജനങ്ങളിൽ നിന്നും ഉത്ഭവിക്കുന്നുവെന്ന തത്വത്തിന്റെ വ്യാപനത്തോടെ എല്ലാവരും വോട്ടെടുപ്പിൽ പങ്കെടുക്കുന്ന അവസ്ഥ സംജാതമാകുകയും ജനാധിപത്യം വളർച്ച പ്രാപിക്കുകയും ചെയ്തു. ഏതൻസിലെ പ്രത്യക്ഷ ജനാധിപത്യത്തിന്റെ ആധുനിക രൂപം അരങ്ങേറുന്ന വേദികളാണ് നമ്മുടെ ഗ്രാമസഭകൾ.

പൗരവ്യൂഹം വലുതായിരിക്കുകയും രാഷ്ട്രീയ കാര്യങ്ങൾക്ക് ചെലവാക്കാൻ അവർക്കു സമയം ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ പ്രാതിനിധ്യ സ്വഭാവമുള്ള ജനാധിപത്യം മാത്രമേ പ്രായോഗികമാവൂ. പ്രാതിനിധ്യ സ്വഭാവത്തിൽ ഏതാനും വർഷങ്ങൾ കൂടുമ്പോഴുള്ള തെരഞ്ഞെടുപ്പ് വേളയിൽ മാത്രമാണ് ജനങ്ങൾക്ക് അഭിപ്രായം രേഖപ്പെടുത്താൻ അവസരം ലഭിക്കുന്നതെന്നും അതുകഴിഞ്ഞാൽ ജനങ്ങൾ ഭരണാധികാരികൾക്ക് കീഴ്പ്പെടുന്ന അവസ്ഥയിലേക്കു നയിക്കപ്പെടുന്നു എന്ന വിമർശനവുമുണ്ട്.

ജനങ്ങളെ പ്രതിനിധീകരിച്ച് സർക്കാരിനെ നിരന്തരം മേൽനോട്ടത്തിനു വിധേയമാക്കുന്ന നിയമനിർമ്മാണ സഭകളിലെ അംഗങ്ങളെ തെരഞ്ഞെടുക്കുക വഴി ജനങ്ങൾ സർക്കാരിനെ നിയന്ത്രിക്കുന്നുവെന്നാണ് സങ്കല്പം. നിയമമാറ്റങ്ങൾക്ക് അനുകൂലമായോ പ്രതികൂലമായോ പ്രചരണത്തിൽ പങ്കെടുക്കുന്നതിലൂടെ സർക്കാരിൽ ജനങ്ങൾക്ക് നിയന്ത്രണം നിർവ്വഹിക്കാം. മാധ്യമങ്ങളിലൂടെ ഉന്നയിക്കപ്പെടുന്ന അഭിപ്രായങ്ങൾക്ക് പ്രാതിനിധ്യ സർക്കാരുകൾ വിധേയരാകാറുണ്ട്. അതിനാൽ സർക്കാരിനെ നിയന്ത്രിക്കാൻ മാധ്യമങ്ങളെയും ജനങ്ങൾക്ക് ഉപയോഗപ്പെടുത്താം. മാധ്യമങ്ങളുടെ ഈ ശക്തി കേരളത്തിന്റെ പൊതുപ്രശ്നങ്ങളുടെ പരിഹാരത്തിനു വേണ്ടപോലെ വിനിയോഗിക്കപ്പെടുന്നില്ല.

പ്രാതിനിധ്യ ജനാധിപത്യത്തിൽ ഒരു ചെറു സംഘം ആളുകൾക്ക് ബാക്കിയുള്ളവരുടെ പേരിൽ രാഷ്ട്രീയ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അധികാരം ലഭിക്കുന്നുവെന്ന ന്യൂനതയുണ്ട്. എന്നാൽ പൊതുസ്ഥാനങ്ങളിലേക്കു മത്സരിക്കുവാനും പൊതു പ്രശ്നങ്ങളിൽ പ്രചരണം നടത്തുവാനും കെടുകാര്യസ്ഥതയ്ക്കു എതിരേ പരിഹാരം തേടുവാനും എല്ലാ പൗരന്മാർക്കും തുല്യ അവകാശം ഉണ്ടെന്നതാണ് അതിന്റെ മറുവശമായി ചൂണ്ടിക്കാണിക്കുന്നത്. പക്ഷെ സമ്പത്ത്, സമയം, സൗകര്യങ്ങൾ എന്നിവയുടെ അന്തരങ്ങൾ മൂലം എല്ലാ വിഭാഗം ജനങ്ങൾക്കും ജനാധിപത്യത്തിന്റെ പ്രയോഗത്തിൽ ആ തുല്യത ലഭിക്കുന്നില്ല. ജനാധിപത്യത്തിന്റെ ദൗർബല്യങ്ങൾ പരിഹരിക്കാൻ ജനാധിപത്യ പ്രക്രിയയെ കൂടുതൽ ആഴത്തിലുള്ളതാക്കുകയാണ് ശരിയായ പരിഹാരം. മറിച്ച് അതിനെ നിരാകരിക്കുകയല്ല.

> കൂടുതൽ ആളുകൾ എല്ലായ്പ്പോഴും ശരിയായിരിക്കുമെന്ന ജനാധിപത്യത്തിന്റെ അടിസ്ഥാന സമീപന രീതി ജനാധിപത്യത്തോടുള്ള എല്ലാ സ്നേഹവും ആദരവും നിലനിർത്തിക്കൊണ്ടു തന്നെ സ്വീകരിക്കുവാൻ തയ്യാറില്ലെന്ന മഹാനായ ജവഹർലാൽ നെഹ്റുവിന്റെ അഭിപ്രായം ജനാധിപത്യത്തിന്റെ അപചയ സാധ്യതകളെ സൂചിപ്പിക്കുന്നതായിരുന്നു. എങ്കിലും ജനാധിപത്യം തന്നെയാണ് നമുക്ക് അറിയാവുന്ന ഏറ്റവും മഹത്തരമായ ഭരണ സംവിധാനം. ജനാധിപത്യത്തെ ആഴമുള്ളതും ഊർജ്ജസ്വലവുമാക്കുകയാണ് അധികാര വികേന്ദ്രീകരണത്തിന്റെ ലക്ഷ്യം.

ജനാധപത്യത്തിൽ ജനഹിതം രൂപപ്പെടുത്തുന്നതിലും സർക്കാരിന്റെ തീരുമാനങ്ങളിൽ അതു പ്രതിഫലിപ്പിക്കുന്നതിലും രാഷ്ട്രീയകക്ഷികൾക്ക് നിർണായക പങ്കുണ്ട്. സർക്കാർ നയങ്ങൾക്ക് ആധാരമാകാവുന്ന ജനാഭിപ്രായങ്ങൾ ചർച്ച ചെയ്ത് രൂപപ്പെടുത്തി നൽകുക, ഉചിതരായ സ്ഥാനാർത്ഥികളെ കണ്ടെത്തി ഭരണരംഗത്തേക്കു കൊണ്ടുവരിക, സർക്കാർ വഴിതെറ്റുമ്പോൾ ജനങ്ങളെ അണിനിരത്തി സർക്കാരിനെ നേർവഴിക്ക് നയിക്കുക തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ രാഷ്ട്രീയ കക്ഷികൾക്ക് ജനാധിപത്യത്തിന്റെ കാവൽ ഭടന്മാരാകാം. സർക്കാരിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അന്വേഷണം നടത്തുക, ജനങ്ങൾക്കു വിവരമേകുക, രാഷ്ട്രീയ ചർച്ചകൾക്കു വേദിയൊരുക്കുക, സർക്കാരിൽ സമ്മർദ്ദം ചെലുത്തുക എന്നിവയിലൂടെ മാധ്യമങ്ങൾക്ക് ജനാധിപത്യത്തെ നേർവഴിക്കു നടത്താം. മാധ്യമങ്ങൾ ജനാധിപത്യത്തിന്റെ കാവൽ നായയാണ്. സർക്കാരിന്റെ വിവരങ്ങൾ ജനങ്ങളിലും ജനങ്ങളുടെ അഭിപ്രായങ്ങൾ സർക്കാരിനും കൈമാറുന്ന ഉപാധിയാണ് മാധ്യമങ്ങൾ.

ജനാധിപത്യത്തിന്റെ ആണിക്കല്ലാണ് നിയമവാഴ്ച. എല്ലാവരും നിയമങ്ങൾ നിശ്ചയിക്കുന്ന പരിധികൾക്കുള്ളിൽ പ്രവർത്തിക്കണം എന്നതാണ് നിയമവാഴ്ചയുടെ ലക്ഷ്യം. സമ്മർദ്ദങ്ങൾക്കു വഴങ്ങി നടപടിക്രമങ്ങളും നിയമപരമായ ക്രമീകരണങ്ങളും മറികടക്കുന്നത് ജനാധിപത്യത്തിനു നിരക്കുന്നതല്ല, രാഷ്ട്രീയ കക്ഷികൾക്കും മാധ്യമങ്ങൾക്കും കോടതികൾക്കും നിയമവാഴ്ച നിലനിർത്താൻ നിർണായക പങ്ക് വഹിക്കാം. നിയമവാഴ്ച ഫലപ്രദമാകണമെങ്കിൽ അതിനെ ഉയർത്തിപ്പിടിക്കാനും നിയമലംഘനങ്ങൾക്കെതിരെ തീർപ്പു കല്പിക്കാനുമുള്ള കോടതികൾ സ്വാധീനവിമുക്തമായി സ്വതന്ത്രമായി പ്രവർത്തി

ക്കണം. നിയമവാഴ്ച ഫലപ്രദമാക്കാൻ ഭരണകൂടത്തിനും ഉത്തരവാദിത്വമുണ്ട്. നിയമലംഘനങ്ങളെ ജനങ്ങൾ ഗൗരവമായി കണ്ട് എതിർക്കുന്നില്ലെങ്കിലും നിയമവാഴ്ച നിലനിർത്താൻ പ്രയാസമായിരിക്കും.

ജനാധിപത്യം മൊത്തം ജനങ്ങളുടെയും ഭരണമാണ്. പലരും തെറ്റിദ്ധരിച്ചിരിക്കുന്നതുപോലെ ഭൂരിപക്ഷ ഭരണമല്ല, എണ്ണത്തിൽ കൂടുതലുള്ള ഒരു വിഭാഗം ജനങ്ങൾക്ക് മറ്റൊരു ന്യൂനപക്ഷ വിഭാഗത്തിനുമേൽ ആധിപത്യം നൽകുന്ന സംവിധാനവുമല്ല. ജനാധിപത്യത്തിൽ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള അവകാശങ്ങൾ എല്ലാവർക്കും തുല്യമാണ്. ജനാധിപത്യത്തിൽ വിയോജിപ്പുകൾ ഉണ്ടാകും. ഇവ പരിഹരിക്കുന്നത് ചർച്ച, ഭേദഗതി, അനുരഞ്ജനം എന്നിവ ഉപയോഗപ്പെടുത്തിയിട്ടുണ്ട്. അവ സ്വീകരിച്ചിട്ടും തീരുമാനമെടുക്കൽ പരാജയപ്പെടുമ്പോൾ സ്വീകരിക്കുന്ന നടപടിക്രമം മാത്രമാണ് വോട്ടെടുപ്പിലൂടെയുള്ള ഭൂരിപക്ഷ തീരുമാനം. അങ്ങനെയുള്ള ചർച്ചകൾക്കും സമവായത്തിനും ശേഷം ഭൂരിപക്ഷം എടുക്കുന്ന തീരുമാനം ന്യൂനപക്ഷം സ്വമേധയാ അനുസരിക്കുന്ന രീതിയാണ് ജനാധിപത്യപരമായ മാർഗ്ഗം. എന്നാൽ ന്യൂനപക്ഷത്തെ നിസ്സഹായരാക്കി ഭൂരിപക്ഷ തീരുമാനം അവരിൽ അടിച്ചേൽപ്പിക്കുന്ന നടപടിയും ജനാധിപത്യപരമല്ല. ചുരുക്കത്തിൽ ജനാധിപത്യപരമായ തീരുമാനമെടുക്കൽ വളരെ സങ്കീർണ്ണമാണ്.

ഭൂരിപക്ഷ തീരുമാനങ്ങളിലൂടെപ്പോലും ഒരു വ്യക്തിയുടെ അടിസ്ഥാന ജനാധിപത്യ അവകാശങ്ങളെ നിഷേധിക്കുമ്പോൾ അത് ജനാധിപത്യപരമല്ലാതാകും. അഭിപ്രായം പ്രകടിപ്പിക്കാനും സഞ്ചരിക്കാനും സംഘം ചേരാനും തെരഞ്ഞെടുപ്പിൽ മത്സരിക്കാനും ഉള്ള സ്വാതന്ത്ര്യമാണ് അടിസ്ഥാന പൗര അവകാശങ്ങൾ. ജനാധിപത്യ സംവിധാനത്തിൽ അടിസ്ഥാന പൗര അവകാശങ്ങൾക്ക് അമൂല്യ വിലയാണ് കല്പിച്ചിട്ടുള്ളത്.

ജനാധിപത്യത്തിൽ വ്യക്തി നിയമം ലംഘിക്കുന്നത് ജനാധിപത്യത്തിന്റെ അന്തസ്സത്തയ്ക്ക് നിരക്കുമോ എന്ന സംശയം പലർക്കുമുണ്ട്. ഒരു മഹത്തായ പൊതുതത്വത്തിന്റെ പേരിൽ പരസ്യമായും അഹിംസാത്മകമായും സിവിൽ നിയമങ്ങൾ ലംഘിക്കുന്നത് ജനാധിപത്യത്തിൽ ആദരണീയമായി എന്നും പരിഗണിച്ചിട്ടുണ്ട്. നിയമങ്ങളിലെ അന്യായങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരികയാണ് അത്തരം നിയമലംഘനത്തിന്റെ ലക്ഷ്യം. അത്തരം നിയമലംഘന പ്രവർത്തനങ്ങൾ വളരെ അപൂർവ്വമായി പ്രയോഗിക്കപ്പെടേണ്ട പ്രവർത്തിയാണ്. കരാള നിയമങ്ങളെ ജനസൗഹൃദ നിയമങ്ങളാക്കുകയാണ് തത്വാധിഷ്ഠിത നിയമലംഘനങ്ങളുടെ പ്രധാന ദൗത്യം. മറിച്ച് ജനവിരുദ്ധ നിയമങ്ങൾ ലംഘിക്കാതിരിക്കുന്നത് അന്യായമായ നിയമങ്ങളെ നിലനിർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനു സമാനമായ പ്രവർത്തിയാകും. ജനാധിപത്യം നിലനിർത്താൻ രണ്ടുതരത്തിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ആവശ്യമാണ്. ജനാധിപത്യത്തിന്റെ ശത്രുക്കളുടെ പ്രവർത്തനങ്ങളെ ചെറുത്തു തോല്പിക്കലും ജനാധിപത്യത്തിനുള്ളിലെ ഛിദ്രവാസനകളെ പ്രതിരോധിക്കലും.

ഭരണവിദഗ്ദ്ധരല്ലാത്ത തെരഞ്ഞെടുക്കപ്പെടുന്ന ഭരണാധികാരികൾക്ക് വിദഗ്ദ്ധോപദേശം നൽകാനും നയങ്ങൾ നടപ്പാക്കുന്നതിനു ചുമതല വഹിക്കുന്നതിനും ജനാധിപത്യസംവിധാനത്തിൽ മുഴുവൻ സമയഉദ്യോഗസ്ഥ സംഘം ഉണ്ട്. തങ്ങളുടെ രാഷ്ട്രീയ യജമാനന്മാരോടുള്ള വിധേയത്വത്തേക്കാൾ നിയമവാഴ്ചയോടും ജനാധിപത്യത്തിന്റെ അന്തസത്തോടും കൂറു പുലർത്തും വിധം വേണം ഉദ്യോഗസ്ഥർ ജോലി നിർവ്വഹിക്കേണ്ടത്. ഉദ്യോഗസ്ഥ സംവിധാനം ജനാധിപത്യത്തിന്റെ ഉരുക്കു ചട്ടക്കൂടാണ്. ഉദ്യോഗസ്ഥരിൽ പ്രബലരായ ഒരു വിഭാഗം അവരുടെ അറിവും അനുഭവവും പരിചയവും സംഘടനാ ശേഷിയും ഉപയോഗപ്പെടുത്തുന്നത് ജനാധിപത്യ ധ്വംസനത്തിനാണ്.

ഗവണ്മെന്റിന്റെ
പ്രവർത്തനങ്ങൾ
സുതാര്യമാക്കുക.,
അറിയാനുള്ള അവകാശം
ജനങ്ങൾക്ക് നൽകുക,
നിയമവാഴ്ചയോട്
ഗവണ്മെന്റ് വിധേയത്വം
പുലർത്തുക, സ്വതന്ത്രമായി
ജുഡീഷറിയെ നിലനിർത്തുക,
പാർലമെന്റും പ്രതിപക്ഷ
പ്രവർത്തനവും
കാര്യക്ഷമമാക്കുക
എന്നിവയൊക്കെ
ജനാധിപത്യത്തിന്റെ
വളർച്ചയ്ക്കായി ഉയർത്തിപ്പിടി
ക്കേണ്ട മൂല്യങ്ങളാണ്. പൗരനു
മാത്രമേ ജനാധിപത്യത്തെ
അതിന്റെ അപചയങ്ങളിൽ
നിന്നും നേർവഴിക്കു
നയിക്കാനാകൂ.

ഗവണ്മെന്റിന്റെ പ്രവർത്തനങ്ങൾ സുതാര്യമാക്കുക., അറിയാനുള്ള അവകാശം ജനങ്ങൾക്ക് നൽകുക, നിയമവാഴ്ചയോട് ഗവണ്മെന്റ് വിധേയത്വം പുലർത്തുക, സ്വതന്ത്രമായി ജുഡീഷറിയെ നിലനിർത്തുക, പാർലമെന്റും പ്രതിപക്ഷ പ്രവർത്തനവും കാര്യക്ഷമമാക്കുക എന്നിവയൊക്കെ ജനാധിപത്യത്തിന്റെ വളർച്ചയ്ക്കായി ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങളാണ്. പൗരനു മാത്രമേ ജനാധിപത്യത്തെ അതിന്റെ അപചയങ്ങളിൽ നിന്നും നേർവഴിക്കു നയിക്കാനാകൂ.

മഹത്തായ ജനാധിപത്യ സങ്കല്പങ്ങളുടെ ഏറ്റവും ജീർണ്ണിച്ച മുഖമാണ് പല ജനാധിപത്യ രാഷ്ട്രങ്ങളിലും ഇന്നു നിലനിൽക്കുന്നത്. ഏതൊരു കിരാത രാജാവിനെക്കാളും വിനാശകാരികളും ഭീതിജനിപ്പിക്കുന്നവരുമായ ഒട്ടനവധി ജനാധിപത്യ രാജാക്കന്മാരുടെ തേർവാഴ്ചയാണ് പലയിടത്തെയും പ്രായോഗിക ജനാധിപത്യം.

കൂടുതൽ ആളുകൾ എല്ലായ്പ്പോഴും ശരിയായിരിക്കുമെന്ന ജനാധിപത്യത്തിന്റെ അടിസ്ഥാന സമീപന രീതി ജനാധിപത്യത്തോടുള്ള എല്ലാ സ്നേഹവും ആദരവും നിലനിർത്തിക്കൊണ്ടു തന്നെ സ്വീകരിക്കുവാൻ തയ്യാറില്ലെന്ന മഹാനായ ജവഹർലാൽ നെഹ്റുവിന്റെ അഭിപ്രായം ജനാധിപത്യത്തിന്റെ അപചയ സാധ്യതകളെ സൂചിപ്പിക്കുന്നതായിരുന്നു. എങ്കിലും ജനാധിപത്യം തന്നെയാണ് നമുക്ക് അറിയാവുന്ന ഏറ്റവും മഹത്തരമായ ഭരണ സംവിധാനം. ജനാധിപത്യത്തെ ആഴമുള്ളതും ഊർജ്ജസ്വലവുമാക്കുകയാണ് അധികാര വികേന്ദ്രീകരണത്തിന്റെ ലക്ഷ്യം. സൂക്ഷ്മമായ ജനാധിപത്യ തത്വങ്ങളുടെ അടിത്തറയിലായിരിക്കണം അധികാര വികേന്ദ്രീകരണത്തിന്റെ മഹാസൗധം കെട്ടി ഉയർത്തേണ്ടത്.

*ലേഖകൻ*
*തൃശൂർ കിലയിൽ ലൈബ്രേറിയനാണ്.*





കെ. നാരായണൻ

## പതിനൊന്നാം പദ്ധതി

# സദ്ഭരണത്തിന് അനുകൂല സാഹചര്യം

അധികാര വികേന്ദ്രീകരണവും, വികേന്ദ്രീകൃതാസൂത്രണവും വളരെ സുപ്രധാനമായ ഒരു ഘട്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ പത്ത് വർഷക്കാലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ പ്രായോഗികവും, ഗുണപരവുമായ പല മാറ്റങ്ങൾക്കും വേണ്ട ശ്രമങ്ങൾ വിവിധ തലങ്ങളിൽ നടന്നു വരുന്നു. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വാർഷിക പദ്ധതി രൂപീകരണവും, അംഗീകാരം ലഭിക്കുന്നതിലും കുറച്ച് കാലതാമസം ഉണ്ടായി. എന്നാൽ കഴിഞ്ഞ പത്ത് വർഷത്തെ കണക്കുകൾ ചിട്ടപ്പെടുത്തിയെടുത്ത് അഴിമതി രഹിതവും, സുതാര്യവുമായ സദ്ഭരണം ഉറപ്പാക്കാൻ വേണ്ട സാഹചര്യം സൃഷ്ടിച്ചിട്ടുണ്ട്..

മുൻ വർഷങ്ങളെ അപേക്ഷിച്ച് പദ്ധതി പണത്തിന്റെ പത്ത് ഗഡുക്കളും, മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് എന്നിവയും യാതൊരുവിധ ട്രഷറി നിയന്ത്രണത്തിലും പെടുത്താതെ ലഭ്യമാക്കിയിട്ടുണ്ട്. അതുപോലെ സുഗമമായ നിർവ്വഹണത്തിനു സാദ്ധ്യമാം വിധം സർക്കാർ ഉത്തരവുകളും സർക്കുലറുകളും ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിലെ പദ്ധതി തയ്യാറാക്കുവാൻ ആവശ്യമായ പരിശീലനം നിർവ്വഹണത്തിനു തടസ്സം വരാത്ത നിലയിൽ ഫെബ്രുവരി 15നു മുമ്പ് നൽകാനും, കാർഷിക മേഖലയിലെ പദ്ധതികൾക്ക് നേരത്തെ അനുമതി നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുവാനും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി വിളിച്ചു ചേർത്ത DPC ചെയർമാൻമാരുടേയും അസോസിയേഷൻ ഭാരവാഹികളുടെയും യോഗം തീരുമാനമായിട്ടുണ്ട്. പദ്ധതി പണം നഷ്ടമാകാതെ ഫലപ്രദമായി പദ്ധതി രൂപീകരിക്കുവാൻ വേണ്ട ശ്രമം ഉണ്ടാകുകയും, അടുത്ത വർഷത്തെ ആസൂത്രണ മുന്നൊരുക്കങ്ങൾ നടത്താൻ വേണ്ട പ്രവർത്തന പരിപാടി, പ്രവർത്തന കലണ്ടർ എന്നിവ തയ്യാറാക്കി ഇതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിത്വങ്ങൾ വിഭജിച്ചു നൽകുകയും വേണം. തൊഴിലുറപ്പ് പദ്ധതി മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും ഏപ്രിൽ ഒന്നുമുതൽ ആരംഭിക്കുകയാണ്. പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ഉണ്ടാകണം. ഇത്രയേറെ പണവും, അധികാരവും ലഭിക്കുന്നത് വിനിയോഗിക്കുവാൻ കരുതലോടെയുള്ള പ്രവർത്തനം ആവശ്യമാണ്. പദ്ധതിപണം കാര്യക്ഷമമായി വിനിയോഗിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ അധികാരവികേന്ദ്രീകരണത്തിന്റെ പ്രതിലോമ ശക്തികൾക്ക് അത് ആയുധമാകും. ആ സ്ഥിതിവിശേഷം ഉണ്ടാകാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

കേരള വിദ്യാഭ്യാസ നിയമചട്ട പരിഷ്കരണ കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും അസോസിയേഷൻ രൂപീകരിച്ച സബ്ബ് കമ്മിറ്റികൾ വിശദമായ ചർച്ച നടത്തി തയ്യാറാക്കിയ റിപ്പോർട്ട് ഇതിനകം തന്നെ സമർപ്പിച്ചിട്ടുണ്ട്. വികേന്ദ്രീകൃതാസൂത്രണ അനുഭവ പഠന സമിതിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സബ്ബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഒരു കരട് ചർച്ചാകുറിപ്പ് തയ്യാറാക്കി 14 ജില്ലകളിലും ഗ്രാമ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, ക്ഷേമ കാര്യ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ എന്നിവരെ പങ്കെടുപ്പിച്ച് ഏകദിന ശില്പശാലകൾ സംഘടിപ്പിക്കുകയും, നിർദ്ദേശങ്ങൾ ഒരു വിദഗ്ധ സമിതിയുടെ സഹായത്താൽ ക്രോഡീകരിക്കുകയും ചെയ്തു വരുന്നു. സംസ്ഥാന എക്സിക്യൂട്ടീവ് ഈ റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തി ഡോ.എം.എ ഉമ്മൻ സമിതിക്ക് സമർപ്പിക്കുന്നതിനു വേണ്ട പ്രവർത്തനം തുടരുന്നു. അടിയന്തര പ്രാധാന്യമുള്ള വിഷയങ്ങൾ പലതും, ജില്ലാതല ശില്പശാലകളിൽ നിന്നും ലഭിച്ചവ, ഇതിനകംതന്നെ സർക്കാരിൽ പരിഹാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾക്ക് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷന്റെ അക്കാദമികവും സാമ്പത്തികവുമായ പിന്തുണയും ലഭിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുവാൻ കഴിഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകളുമായുള്ള കോഡിനേഷൻ ശക്തിപ്പെടുത്തുക, പുനർവിന്യാസ നടപടികൾ ത്വരിതപ്പെടുത്തുക, ആവശ്യമായ ജീവനക്കാരെ ലഭ്യമാക്കുക, **BPL** ലിസ്റ്റിന് അന്തിമ രൂപം നൽകുക, നികുതി പരിഷ്ക്കരണം അടിയന്തരമായി നടപ്പാക്കുക, പദ്ധതി പണത്തിനൊപ്പം നിർബന്ധിത പദ്ധതികൾ അടിച്ചേൽപ്പിക്കുന്നത് ഒഴിവാക്കുക, കേന്ദ്രാവിഷ്കൃത പദ്ധതികളുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുനരാവിഷ്ക്കരിക്കുക സബ്സിഡി നിരക്കുകൾ കാലോചിതമായി പരിഷ്ക്കരിക്കുക, പഞ്ചായത്തുകളുടെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുക, വിവിധ പദ്ധതികളുടെ കേന്ദ്ര വിഹിതം കൂടുതൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക, തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ പ്രോട്ടോക്കോൾ അടിയന്തരമായും നിശ്ചയിക്കുക, ഓണറേറിയം വർദ്ധന ഉടൻ പ്രഖ്യാപിക്കുക, ഇൻഷ്വറൻസ് സ്കീം നടപ്പാക്കുക തുടങ്ങിയ നിരവധി ആവശ്യങ്ങളിൻ മേൽ സർക്കാരുമായി ചർച്ച നടന്നു വരുന്നു.


പ്രദേശിക സാമ്പത്തിക വികസനം ഉറപ്പാക്കി സദ്ഭരണത്തിലൂടെ വികേന്ദ്രീകൃതാസൂത്രണം സ്ഥായീകരിക്കുവാൻ ലക്ഷ്യമിടുന്ന പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഒന്നാം വാർഷിക പദ്ധതി നിർവ്വഹണം കാര്യക്ഷമമായും നടപ്പാക്കുന്നതിന് മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും ബാദ്ധ്യതയുണ്ട്.

*ലേഖകൻ*
*കേരള ഗ്രാമപഞ്ചായത്ത്*
*അസോസിയേഷൻ പ്രസിഡന്റാണ്*



# ജനന മരണ രജിസ്ട്രേഷൻ തത്വവും പ്രയോഗവും

## (ഭാഗം-2)



കെ. പ്രശാന്ത്കുമാർ

### വിദേശത്തു നടന്ന ജനന-മരണങ്ങളുടെ രജിസ്ട്രേഷൻ

ഇൻഡ്യൻ പൗരന്മാരുടെ, ഇൻഡ്യക്ക് വെളിയിലുള്ള ജനനവും മരണവും രജിസ്റ്റർ ചെയ്യുന്നതിനുള്ള പ്രത്യേക വ്യവസ്ഥകൾ ആക്ടിന്റെ 20-ാം വകുപ്പിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇതനുസരിച്ച്, 1956 ലെ സിറ്റിസൻസ് (ഇൻഡ്യൻ കോൺസുലേറ്റുകളിലെ രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇൻഡ്യൻ പൗരന്മാരുടെ, ഇൻഡ്യക്ക് വെളിയിലുള്ള എല്ലാ ജനനവും മരണവും ഇൻഡ്യൻ കോൺസുലേറ്റുകളിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ചട്ടം നിലവിൽ വരുന്നതിനു മുമ്പു നടന്ന ജനന മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും സർട്ടിഫിക്കറ്റ് നൽകുന്നതിനുമുള്ള വ്യവസ്ഥ മേൽപ്പറഞ്ഞ ചട്ടങ്ങളിലുണ്ട്. ഇൻഡ്യൻ കോൺസുലേറ്റുകളിലല്ലാതെ, വിദേശരാജ്യങ്ങളുടെ രജിസ്ട്രേഷൻ ആഫീസുകളിൽ നടത്തുന്ന ജനന -മരണ രജിസ്ട്രേഷനുകൾ ആക്ട് പ്രകാരം നടത്തിയതായി കണക്കാക്കപ്പെടുന്നതല്ല.

ഇൻഡ്യയ്ക്ക് വെളിയിൽ ജനിച്ച ഏതെങ്കിലും കുട്ടിയെ സംബന്ധിച്ച് 20-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം രജിസ്ട്രാർ ജനറലിന് വിവരം ലഭിച്ചിട്ടില്ലാത്ത സംഗതിയിൽ, കുട്ടിയുടെ മാതാപിതാക്കൾ ഇൻഡ്യയിൽ സ്ഥിരവാസമാക്കണമെന്ന ഉദ്ദേശ്യത്തോടുകൂടി തിരിച്ചുവന്നാൽ, ആ കുട്ടി ഇൻഡ്യയിലെത്തിയ തീയതി മുതൽ 60 ദിവസത്തിനകം രജിസ്ട്രേഷൻ നടത്തുന്നതിന് (2)-ാം ഉപവകുപ്പു പ്രകാരം വ്യവസ്ഥയുണ്ട്. 60 ദിവസം കഴിഞ്ഞാൽ താമസിച്ചുള്ള രജിസ്ട്രേഷന്റെ നടപടിക്രമങ്ങൾ പാലിച്ചു വേണം രജിസ്ട്രേഷൻ നടത്താൻ. എന്നാൽ, രജിസ്ട്രാർ ജനറലിന് വിവരം ലഭിച്ചിട്ടുണ്ടോ എന്ന കാര്യം പരിഗണിക്കാതെ തന്നെ, ഇത്തരം എല്ലാ ജനനങ്ങളും മാതാപിതാക്കളുടെ ഇൻഡ്യയിലെ താമസസ്ഥലത്തെ യൂണിറ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് രജിസ്ട്രാർ ജനറൽ അറിയിച്ചിട്ടുണ്ട്. വിദേശത്തു നടക്കുന്ന മരണങ്ങളുടെ രജിസ്ട്രേഷൻ ഇൻഡ്യയിൽ നടത്താവുന്നതല്ല.

### ജനന രജിസ്ട്രേഷനിൽ പേരു ചേർക്കൽ

ജനന മരണ രജിസ്ട്രേഷൻ നിയമത്തിലെ 14-ാം വകുപ്പും ചട്ടങ്ങളിലെ 10-ാം ചട്ടവും അനുസരിച്ചാണ് ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർക്കുന്നത്. രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർത്തിട്ടില്ലെങ്കിൽ മാതാപിതാക്കളുടെ രേഖാമൂലമുള്ള സംയുക്താപേക്ഷ പ്രകാരം, ലോക്കൽ രജിസ്ട്രാർ ആവശ്യമായ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട് പേര് ചേർക്കേണ്ടതാണ്. സംയുക്താപേക്ഷ സമർപ്പിക്കാൻ കഴിയാത്ത സാഹചര്യമുണ്ടെങ്കിൽ, അതു വിലയിരുത്തി മാതാപിതാക്കളിൽ ഒരാളിന്റെയോ പ്രായപൂർത്തിയായിട്ടുണ്ടെങ്കിൽ കുട്ടിയുടെ തന്നെയോ അപേക്ഷയുടെ അടിസ്ഥാനത്തിൽ പേരു ചേർക്കാവുന്നതാണ്. മാതാപിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത സംഗതിയിൽ നിയമാനുസൃത രക്ഷാകർത്താവിന്റെ അപേക്ഷ പ്രകാരം പേരു ചേർക്കാവുന്നതാണ്. പേര് ചേർക്കുമ്പോൾ, പേരിനൊപ്പം ഇനിഷ്യലോ, സ്ഥലപ്പേരോ, സർനെയിമോ ഉണ്ടെങ്കിൽ നിർബന്ധമായും എഴുതേണ്ടതാണ്. രജിസ്ട്രേഷൻ യൂണിറ്റിനു പുറത്തു താമസിക്കുന്ന മാതാപിതാക്കളുടെ അപേക്ഷ പ്രകാരം ജനന തീയതി മുതൽ ആറു വർഷത്തിനു ശേഷം പേര് ചേർക്കുന്നതിന് താമസ സ്ഥലവുമായി ബന്ധപ്പെട്ട രജിസ്ട്രാറിൽ നിന്ന് ജനനക്രമം കാണിക്കുന്ന ഐഡന്റിഫിക്കേഷൻ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. അപേക്ഷകൻ താമസിക്കുന്നത് കേരളത്തിനു വെളിയിലാണെങ്കിൽ ജനനക്രമം സംബന്ധിച്ച് നോട്ടറി പബ്ലിക് മുമ്പാകെയുള്ള സത്യവാങ്മൂലം സ്വീകരിച്ചാൽ മതിയാകും.

സ്കൂളിൽ ചേർന്ന ശേഷമാണ് ജനന രജിസ്ട്രേഷനിൽ കുട്ടിയുടെ പേരു ചേർക്കുന്നതെങ്കിൽ സ്കൂൾരേഖയുടെ ശരിപ്പകർപ്പു കൂടി വാങ്ങേണ്ടതും ജനന രജിസ്ട്രേഷനിലെയും സ്കൂൾ രേഖയിലെയും ജനന തീയതികൾ തമ്മിൽ ആറു മാസത്തിലധികം വ്യത്യാസമുണ്ടെങ്കിൽ ജില്ലാ ജനന മരണ രജിസ്ട്രാറുടെ അനുവാദം വാങ്ങേണ്ടതുമാണ്.

ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയും മരണ രജിസ്ട്രേഷനിൽ മരിച്ചയാളുടെയും ഔദ്യോഗിക പേരിനൊപ്പം സാധാരണ വിളിക്കുന്ന പേരുണ്ടെങ്കിൽ അത് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെട്ട് ചേർക്കാവുന്നതാണ്.

ജനന രജിസ്ട്രേഷനിൽ രജിസ്ട്രേഷൻ തീയതി മുതൽ 12 മാസം വരെ സൗജന്യമായും അതിനുശേഷം 5 രൂപ ലേറ്റ് ഫീ ഒടുക്കിയും പേരു ചേർക്കാവുന്നതാണ്. ഇക്കാര്യത്തിൽ 15 വർഷം വരെ മാത്രമേ പേരു ചേർക്കാൻ പാടുള്ളുവെന്ന മറ്റു സംസ്ഥാന ചട്ടങ്ങളിലുള്ള വ്യവസ്ഥ കേരളത്തിൽ ഒഴിവാക്കിയിരിക്കുകയാണ്.

1970 ഏപ്രിൽ 1-ാം തീയതിക്കു മുമ്പുള്ള ജനന രജിസ്ട്രേഷനുകളിൽ പേരു ചേർക്കുന്നതിന് ചീഫ് രജിസ്ട്രാറുടെ അനുമതി വാങ്ങേണ്ടതാണെന്ന് ചീഫ് രജിസ്ട്രാർ നിർദ്ദേശിച്ചിട്ടുണ്ട്.

### തിരുത്തലുകൾ

ജനന രജിസ്റ്ററിൽ ഒരിക്കൽ പേരു ചേർത്തു കഴിഞ്ഞാൽ അത് തിരുത്താവുന്നതല്ല. എന്നാൽ, ജനന സമയത്ത് ഒരു ഓമനപ്പേരിടുകയും അത് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ശരിയായ പേര് ചേർക്കുന്നതിന് മാതാപിതാക്കൾ അപേക്ഷിച്ചാൽ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട് അത് അനുവദിക്കാവുന്നതാണ്.

ജനന-മരണ രജിസ്ട്രേഷനുകളിൽ ജനന/മരണ സമയത്തുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തേണ്ടത്. ഉൾപ്പെടുത്തിയിട്ടുള്ള വിവരങ്ങളിൽ മാറ്റം വരുത്തുന്നതിന് വ്യവസ്ഥയില്ല. അതിനാൽ ഭാവിയിൽ പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധാപൂർവ്വം വിവരങ്ങൾ ചേർക്കുന്നതിന് പൊതുജനങ്ങൾക്കും ആശുപത്രി അധികൃതർക്കും ബോധവൽക്കരണം ആവശ്യമാണ്. സെക്ഷൻ 15 പ്രകാരം, രജിസ്ട്രേഷനുകളിലെ തെറ്റായ ഉൾക്കുറിപ്പുകൾ തിരുത്തുകയോ റദ്ദാക്കുകയോ ചെയ്യുന്നതിന് സാദ്ധ്യമാണ്.

ജനന മരണ രജിസ്റ്ററുകളിൽ മനഃപൂർവ്വമല്ലാതെ വന്നിട്ടുള്ള തെറ്റുകൾ ബോദ്ധ്യപ്പെട്ട് തിരുത്തുന്നതിനുള്ള അധികാരി ബന്ധപ്പെട്ട ജനന മരണ രജിസ്ട്രാറാണ്. ഇതു സംബന്ധിച്ച് ചീഫ് രജിസ്ട്രാർ വിവിധ സർക്കുലറുകളിലൂടെ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഭേദഗതി ചെയ്ത്, 1.04.1970നു മുമ്പുള്ള രജിസ്ട്രേഷനുകളിലെ തിരുത്തലുകൾക്കു മാത്രമേ ചീഫ് രജിസ്ട്രാറുടെ അനുമതി ആവശ്യമുള്ളുവെന്ന് 7.11.2007 ലെ സർക്കുലർ മുഖേന വ്യക്തമാക്കിയിട്ടുണ്ട്.

രജിസ്ട്രേഷനുകളിലെ തെറ്റുകൾ ക്ലെറിക്കൽ അല്ലെങ്കിൽ അതേ രൂപത്തിലുള്ളവ, വസ്തുതാപരമായവ, അനുചിതമായോ വഞ്ചനാപൂർവ്വമായോ വരുത്തിയവ എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. ഇവയിൽ ആദ്യത്തെ വിഭാഗത്തിൽപ്പെട്ട തെറ്റുകൾ രജിസ്ട്രാറുടെ ശ്രദ്ധയിൽപ്പെട്ടാൽ അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് തിരുത്തേണ്ടതാണ്.

രജിസ്റ്ററിലെ വസ്തുതാപരമായ തെറ്റുകൾ തിരുത്തുന്നതിന് അപേക്ഷിക്കുന്ന വ്യക്തി ഇതു സംബന്ധിച്ച തെളിവുകൾക്കു പുറമേ തിരുത്തേണ്ട വസ്തുതയെക്കുറിച്ച് അറിയാവുന്ന രണ്ട് വിശ്വസനീയരായ വ്യക്തികളുടെ ഡിക്ലറേഷൻ കൂടി ഹാജരാക്കണം.

രജിസ്ട്രേഷനുകളിൽ വഞ്ചനാപൂർവ്വം തെറ്റായ വിവരം ഉൾപ്പെടുത്തിയതായി ക്കണ്ടാൽ ചീഫ് രജിസ്ട്രാർക്ക് റിപ്പോർട്ടു ചെയ്ത് അദ്ദേഹത്തിന്റെ നിർദ്ദേശ പ്രകാരം നടപടി സ്വീകരിക്കണം.

പാസ്പോർട്ടിലും സ്കൂൾ രേഖയിലും ഉള്ളതുപോലെ ജനനതീയതി, ജനന സ്ഥലം, പേര് മുതലായവ ജനന രജിസ്റ്ററിൽ ഉൾപ്പെടുത്തിക്കിട്ടുന്നതിനായി ലഭിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ രജിസ്ട്രാർമാർക്ക് പലപ്പോഴും ബുദ്ധിമുട്ടനുഭവപ്പെടാറുണ്ട്. ഇത്തരം അപേക്ഷകൾ ശ്രദ്ധാപൂർവ്വം വിലയിരുത്തി അനുവദനീയമായവ തിരുത്തുകയും യഥാർത്ഥ വിവരങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ളവയാണെങ്കിൽ നിരസിക്കുകയും ചെയ്യേണ്ടതാണ്. പേരിലെ തിരുത്തൽ സംബന്ധിച്ച് രജിസ്ട്രാർ ജനറലും ചീഫ് രജിസ്ട്രാറും നൽകിയിട്ടുള്ള പ്രധാന മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

ജനന രജിസ്റ്ററിൽ ഒരിക്കൽ പേരു ചേർത്തു കഴിഞ്ഞാൽ അത് തിരുത്താവുന്നതല്ല. എന്നാൽ, ജനന സമയത്ത് ഒരു ഓമനപ്പേരിടുകയും അത് രജിസ്റ്ററിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ശരിയായ പേര് ചേർക്കുന്നതിന് മാതാപിതാക്കൾ അപേക്ഷിച്ചാൽ അന്വേഷണം നടത്തി ബോദ്ധ്യപ്പെട്ട് അത് അനുവദിക്കാവുന്നതാണ്. മാതാപിതാക്കളുടെ വിളിപേരാണ് രജിസ്റ്ററിൽ ചേർത്തിരിക്കുന്നതെങ്കിൽ (മാതാപിതാക്കളുടെ) സ്കൂൾ രേഖയുടെയും അന്വേഷണത്തിന്റെയും അടിസ്ഥാനത്തിൽ സ്കൂൾ രേഖയിലേതുപോലെ തിരുത്താവുന്നതാണ്. സ്കൂൾരേഖ ലഭ്യമല്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ആധാരം, പെൻഷൻ പേയ്മെന്റ് ഓർഡർ, ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്നവർക്ക് അവിടെനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സമ്മതിദായക പട്ടിക, റേഷൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒരു രേഖയുടെ അടിസ്ഥാനത്തിൽ തിരുത്തൽ വരുത്താവുന്നതാണ്.

കുട്ടിയുടെ പേരിനൊപ്പം ഇനിഷ്യൽ, ജാതിപ്പേര്, സർനെയിം എന്നിവ ചേർക്കാത്ത ജനന രജിസ്ട്രേഷനുകളിൽ പിന്നീട് അവ ചേർക്കുന്നതിന്, മാതാപിതാക്കളുടെ

അപേക്ഷയുടെ അടിസ്ഥാനത്തിൽ, അന്വേഷിച്ച് ബോദ്ധ്യപ്പെട്ട് രജിസ്ട്രാർക്കു തന്നെ അനുവദിക്കാവുന്നതാണ്.

ഗസറ്റ് വിജ്ഞാപനം വഴി പേര് മാറ്റിയാൽ അതിൻ പ്രകാരം ജനന രജിസ്ട്രേഷനിൽ കുട്ടിയുടെയോ മാതാപിതാക്കളുടെയോ പേര് തിരുത്താവുന്നതല്ല. മാതാവിന്റെ പേരിനൊപ്പം പിതാവിന്റെ പേര് കൂട്ടിച്ചേർക്കുന്നതും മാതാപിതാക്കളുടെയോ കുട്ടിയുടെയോ ഇനിഷ്യലുകൾ വികസിപ്പിക്കുന്നതും പേരു മാറ്റമായതിനാൽ അനുവദനീയമല്ലെന്ന് രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ വ്യക്തമാക്കിയിട്ടുള്ളതാണ്.

15-ാം വകുപ്പിലെയും 11-ാം ചട്ടത്തിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മേൽപ്പറഞ്ഞ പ്രകാരമുള്ള തിരുത്തലുകൾ വരുത്തുമ്പോൾ തിരുത്തൽ സംബന്ധിച്ച നടപടി ക്രമങ്ങൾ പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതും ഏതെല്ലാം രേഖകളുടെ അടിസ്ഥാനത്തിലാണ് തിരുത്തൽ വരുത്തിയതെന്ന വിവരം രജിസ്റ്ററിലെ റിമാർക്സ് കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

രജിസ്റ്ററിൽ തിരുത്തൽ വരുത്തുമ്പോൾ, ഒറിജിനൽ എൻട്രിയിൽ മാറ്റം വരുത്താതെ മാർജിനിൽ അനുയോജ്യമായ എൻട്രി ചേർത്ത് രജിസ്ട്രാർ ഒപ്പും തീയതിയും രേഖപ്പെടുത്തേണ്ടതാണെന്ന് സെക്ഷൻ 15-ൽ വ്യവസ്ഥ ചെയ്തിരിക്കുന്നു. അപ്രകാരമുള്ള തിരുത്തലുകൾ സംബന്ധിച്ച് 11-ാം ചട്ടപ്രകാരം പകർപ്പുകൾ തയ്യാറാക്കി ചീഫ് രജിസ്ട്രാർക്ക് അയയ്ക്കേണ്ടതുമാണ്.

### രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

1999ലെ ജനന മരണ രജിസ്ട്രഷൻ ചട്ടങ്ങൾ അനുസരിച്ച്, വിവരം നൽകുന്ന ഫാറങ്ങളിലെ (ഫാറം നമ്പർ 1,2,3) ലീഗൽ പാർട്ടാണ് ജനന/മരണ/നിർജ്ജീവ ജനന രജിസ്റ്ററുകളുടെ പേജുകളായി മാറുന്നത്. എന്നാൽ, പ്രസ്തുത ഷീറ്റുകൾ ബൈന്റു ചെയ്യുന്നതുവരെ സുരക്ഷിതമായി സൂക്ഷിക്കുന്നതിലെ ബുദ്ധിമുട്ട്, യഥാർത്ഥ ഷീറ്റുകൾ മാറ്റി പകരം ഷീറ്റുകൾ ഉൾപ്പെടുത്തുന്നതിനുള്ള സാദ്ധ്യത എന്നിവ കണക്കിലെടുത്തും, ദൈനംദിന ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും യഥാർത്ഥ രജിസ്റ്ററിന് കേടുപാടുണ്ടാകാതെ സൂക്ഷിക്കുന്നതിനുമായി, അച്ചടിച്ച് ബൈന്റുചെയ്ത രജിസ്റ്ററുകളിൽ റിപ്പോർട്ട് ഫാറങ്ങളിലെ വിവരങ്ങൾ പകർത്തിയെഴുതി സൂക്ഷിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളതാണ്. കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള രജിസ്ട്രേഷൻ യൂണിറ്റുകളിൽ ഇപ്രകാരമുള്ള രജിസ്റ്ററുകൾക്കു പകരം, കമ്പ്യൂട്ടർ പ്രിന്റൗട്ട് മാസം തോറും അല്ലെങ്കിൽ ദ്വൈവാരമായോ ആഴ്ചതോറുമോ എടുത്ത് ബൈന്റ് ചെയ്ത്, രജിസ്ട്രാർ

| ഫീസുകൾ | | |
|---|---|---|
| 1 | തെരച്ചിൽ ഫീസ് ഓരോ വർഷത്തേയ്ക്കും | 2 രൂപ |
| 2 | ജനന/ മരണ സർട്ടിഫിക്കറ്റിന് | 5 രൂപ |
| 3 | നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന് | 2 രൂപ |
| 4 | 21 ദിവസം കഴിഞ്ഞ് 30 ദിവസം വരെ റിപ്പോർട്ടു ചെയ്യുന്ന ജനന/മരണങ്ങളുടെ രജിസ്ട്രേഷന് ലേറ്റ് ഫീ | 2 രൂപ |
| 5 | 30 ദിവസം കഴിഞ്ഞ് റിപ്പോർട്ടു ചെയ്യുന്ന ജനന/മരണങ്ങൾ ഒരു വർഷം വരെ രജിസ്റ്റർ ചെയ്യുന്നതിന് ലേറ്റ് ഫീ | 5 രൂപ |
| 6 | ഒരു വർഷം കഴിഞ്ഞ് റിപ്പോർട്ടു ചെയ്യുന്ന ജനന/മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ലേറ്റ് ഫീ | 10 രൂപ |
| 7 | ജനന രജിസ്ട്രേഷനിൽ ഒരു വർഷം കഴിഞ്ഞ് പേര് ചേർക്കുന്നതിന് ലേറ്റ് ഫീ | 5 രൂപ |

ഒപ്പിട്ട് രജിസ്റ്ററായി സൂക്ഷിച്ചാൽ മതിയാകുന്നതാണ്.

പേരു ചേർക്കൽ, തിരുത്തൽ മുതലായവ മുഖേനയുള്ള മാറ്റങ്ങൾ യഥാർത്ഥ രജിസ്ട്രേഷനിലും (Legal part) മേൽപ്പറഞ്ഞ നിർദ്ദേശപ്രകാരം സൂക്ഷിക്കുന്ന രജിസ്റ്ററിലും വരുത്തേണ്ടതും കമ്പ്യൂട്ടർവൽക്കരിച്ച യൂണിറ്റുകളിൽ കമ്പ്യൂട്ടർ ഡാറ്റാബേസിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തിയെന്ന് ഉറപ്പാക്കേണ്ടതുമാണ്.

### സർട്ടിഫിക്കറ്റുകൾ

ആക്ടു പ്രകാരം, ജനന മരണ രജിസ്റ്ററുകളിലെ ഏതൊരു രജിസ്ട്രേഷൻ സംബന്ധിച്ചും തെരച്ചിൽ നടത്തിക്കുന്നതിനും സർട്ടിഫിക്കറ്റ് വാങ്ങുന്നതിനും ഏതൊരാൾക്കും അവകാശമുണ്ട്. നൽകാവുന്ന സർട്ടിഫിക്കറ്റുകളുടെ എണ്ണത്തിലും നിയന്ത്രണങ്ങളൊന്നുമില്ല.

### ശിക്ഷകൾ

ജനന മരണങ്ങൾ സംബന്ധിച്ച് വിവരം നൽകാതിരിക്കുക, തെറ്റായ വിവരം നൽകുക തുടങ്ങിയ കുറ്റങ്ങൾ ചെയ്യുന്നവർക്കും, മരണ കാരണം സംബന്ധിച്ച സാക്ഷ്യപത്രം നൽകാതിരിക്കുന്ന മെഡിക്കൽ പ്രാക്ടീഷനർക്കും, ആക്ടിലെ മറ്റു വ്യവസ്ഥകൾ ലംഘിക്കുന്നവർക്കും ശിക്ഷ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത്തരം കുറ്റങ്ങൾക്ക് പ്രോസിക്യൂഷൻ ആരംഭിക്കുന്നതിന് അതത് രജിസ്ട്രാർമാരെയാണ് അധികാരപ്പെടുത്തിയിട്ടുള്ളത്. മേൽപ്പറഞ്ഞ കുറ്റങ്ങൾ സെക്ഷൻ 24 അനുസരിച്ച് രാജിയാക്കുന്നതിനും രജിസ്ട്രാർമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രജിസ്ട്രേഷൻ നടത്താൻ വിസമ്മതിക്കുകയോ, പ്രതിമാസ റിപ്പോർട്ട് നൽകാതിരിക്കുകയോ ചെയ്യുന്ന രജിസ്ട്രാർമാർക്കും ആക്ടിൽ ശിക്ഷയുണ്ട്. എന്നാൽ, കുറ്റങ്ങൾക്ക് വ്യവസ്ഥ ചെയ്തിട്ടുള്ള പിഴശിക്ഷ പത്തു രൂപ മുതൽ അൻപതു രൂപ വരെ മാത്രമാണ്.

### പീരിയോഡിക്കലുകൾ

ജനന മരണ റിപ്പോർട്ടുകളുടെ സ്ഥിതി വിവരങ്ങൾ ഉൾപ്പെടുന്ന ഭാഗം രജിസ്ട്രേഷൻ സംബന്ധിച്ച് ഫാറം 11,12,13 ഇവയിലുള്ള സംഗ്രഹം ഉൾപ്പടെ ജില്ലയിലെ സ്റ്റാറ്റിസ്റ്റിക്സ് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചു കൊടുക്കണമെന്നും അതിന്റെ ഒരു പകർപ്പ്, പഞ്ചായത്തുകൾ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും നഗരസഭകൾ ചീഫ് രജിസ്ട്രാർക്കും എല്ലാ മാസവും 5-ാം തീയതിക്കകം അയയ്ക്കണമെന്നും ചീഫ് രജിസ്ട്രാർ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ, എല്ലാ വർഷവും ജനുവരി 15നകം വാർഷിക റിപ്പോർട്ടും നൽകേണ്ടതുണ്ട്.

റിപ്പോർട്ടുകൾ യഥാസമയം നൽകേണ്ടത് ആസൂത്രണത്തിനാവശ്യമായ ജനസംഖ്യാ കണക്കുകൾ തയ്യാറാക്കുന്നതിന് അത്യന്താപേക്ഷിതമാണ്.

### അപേക്ഷകൾ


പല രജിസ്ട്രേഷൻ യൂണിറ്റുകളിലും, ലഭിക്കുന്ന അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കാതിരിക്കുക, അപേക്ഷകൾ തന്നെ സ്വീകരിക്കാതിരിക്കുക, തെറ്റായ തീരുമാനങ്ങൾ എടുക്കുക, തീരുമാനമെടുക്കാതിരിക്കുകയോ എടുത്ത തീരുമാനം അപേക്ഷകരെ അറിയിക്കാതിരിക്കുകയോ ചെയ്യുക തുടങ്ങിയ പ്രവൃത്തികൾ മൂലം പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുകയും പരാതിക്ക് ഇടയാക്കുകയും ചെയ്യുന്നുണ്ട്. അതിനാൽ രജിസ്ട്രേഷൻ ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവർ നിയമ വ്യവസ്ഥകൾ ശരിയായി മനസ്സിലാക്കുന്നതിനും അത് ജന സൗഹൃദപരമായി നടപ്പാക്കുന്നതിനും ശ്രദ്ധിക്കേണ്ടതുണ്ട്.

(അവസാനിച്ചു)

*ലേഖകൻ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ജനന-മരണ വിഭാഗം ജൂനിയർ സൂപ്രണ്ടാണ്.*







ഉദയഭാനു കണ്ടേത്ത്

# കാഷ് ബുക്ക് - മാസാന്ത്യനടപടികൾ

മാസാന്ത്യ പ്രവൃത്തി ദിവസവും പതിവുപോലെ കാഷ്ബുക്ക് ക്ലോസ് ചെയ്യണം. തുടർന്ന് മാസാന്ത്യ ക്ലോസിംഗ് ബാലൻസ് വിശകലനവും പ്രതിമാസ ട്രഷറി/ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കണം.

മേൽപ്പറഞ്ഞ സ്റ്റേറ്റ്മെന്റുകൾ നിശ്ചിത ഫോറത്തിൽ തയ്യാറാക്കി കാഷ്ബുക്കിൽ ഒട്ടിച്ചുവയ്ക്കണം. എല്ലാ പഞ്ചായത്തുകളും, ഒരേ രീതിയിൽ ഇവ തയ്യാറാക്കാൻ വേണ്ടിയാണ് ഈ നിർദ്ദേശം. ഫോറം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നു ലഭിക്കും.

### മാസാന്ത്യ ക്ലോസിംഗ് ബാലൻസ് വിശകലനം

കാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും, സബ്സിഡിയറി കാഷ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും പ്രത്യേകം വിശകലനം ചെയ്യണം.

ആദ്യം കാഷ് ബുക്ക് പ്രകാരമുള്ള ബാലൻസ് വിശകലനം ചെയ്യുക. കാഷ് ചെസ്റ്റിലെ തുകകൾ എണ്ണി നോക്കുകയും കാഷ് ബുക്ക് ബാലൻസുമായി യോജിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. (കാഷ് ചെസ്റ്റിൽ തന്നെ സബ്സിഡിയറി കാഷ് ബുക്ക് പ്രകാരമുള്ള ബാലൻസും ഉണ്ട്. അത് ഒഴികെയുള്ള ബാലൻസിന്റെ കാര്യമാണ് ഇവിടെ പരാമർശിക്കുന്നത്.) ഏതെല്ലാം ഇനങ്ങളിൽ ഉൾപ്പെടുന്നതാണ് കാഷ് ഇൻഹാൻഡ് എന്ന് കുറിക്കുക.

അടുത്തത് ട്രഷറി അക്കൗണ്ടുകളിലെ ബാലൻസ് ആണ്. ഓരോ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരവും മാസാന്ത്യ പ്രവൃത്തി ദിനത്തിലുള്ള ബാലൻസ് ട്രഷറി/ബാങ്ക്/ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്ററിൽ ഉണ്ട്. ഈ രജിസ്റ്ററിൽ നിന്ന് ഓരോ ട്രഷറി അക്കൗണ്ടിലേയും ബാലൻസ് കുറിച്ചെടുക്കുക.

ഇതേ രീതിയിൽ ഓരോ ബാങ്ക് അക്കൗണ്ടിലേയും ബാലൻസും കുറിച്ചെടുക്കുക. അതേ രീതി തന്നെ പിന്തുടർന്ന് ഓരോ ഇൻവെസ്റ്റിന്റേയും ബാലൻസും കുറിച്ചെടുക്കുക.

ഈ വിവരങ്ങൾ ഉപയോഗിച്ച് കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ വിശകലനം തയ്യാറാക്കാം. ഒരുദാഹരണം താഴെ കൊടുക്കുന്നു.

**കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ വിശകലനം**

| | (രൂപ) | (രൂപ) |
|---|---|---|
| 1. കാഷ് ഇൻഹാൻഡ് | | |
| ഇനം | | |
| (i) കളക്ഷൻ | 5,250 | |
| (ii) ഡ്രൈവറുടെ വേതനം (വൗ. 152-1/2008) | 2,800 | 8,050 |
| 2. ട്രഷറി | | |
| വിപിഎഫ് അക്കൗണ്ട് I | 7,25,000 | |
| ,, II (a) | 10,25,000 | |
| ,, II ( b) | 3,20,000 | |
| ,, II (c) | 1,50,000 | |
| ,, III (i) | 4,00,300 | |
| ,, III (ii) | 2,00,000 | 28,20,300 |
| 3. ബാങ്ക് അക്കൗണ്ട് | | |
| ബാങ്ക് — അക്കൗണ്ട് നമ്പർ | | |
| (i) സഹകരണ ബാങ്ക് : 1002 | 8,50,000 | |
| (ii) കനറാബാങ്ക് : 22385 | 4,30,500 | 12,80,500 |
| 4. ഇൻവെസ്റ്റ്മെന്റ് | | |
| (i) സഹകരണ ബാങ്ക് ഷെയർ | | 2,00,000 |
| **ആകെ:** | | **43,08,850** |

ഇനി സബ്സിഡിറി കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ വിശകലനം തയ്യാറാക്കണം. ഒരുദാഹരണം താഴെ കൊടുക്കുന്നു.

**സബ്സിഡിയറി കാഷ് ബുക്ക് പ്രകാരം നീക്കിയിരിപ്പ്**

| ഇനം | | രൂപ |
|---|---|---|
| 1. ഓണറേറിയം (വൗ. 7-1/2008) | : | 1500 |
| 2. തൊഴിലില്ലായ്മ വേതനം (വൗ.185-1/2008) | : | 1100 |
| **ആകെ** | : | **2600** |

*കാഷ് എണ്ണി തിട്ടപ്പെടുത്തി സാക്ഷ്യപ്പെടുത്തിക്കൊണ്ട് സെക്രട്ടറി ഒപ്പുവയ്ക്കണം.*

### പ്രതിമാസ ട്രഷറി/ ബാങ്ക് റിക്കൺസിലിയേഷൻ

ഓരോ ട്രഷറി/ ബാങ്ക് അക്കൗണ്ടിലേയും ഓരോ മാസത്തേയും ഇടപാടുകൾ പാസ്ബുക്കിൽ (അഥവാ അക്കൗണ്ട് സ്റ്റേറ്റ്മെന്റിൽ) രേഖപ്പെടുത്തി ലഭിക്കും. കാഷ്ബുക്ക് പ്രകാരമുള്ള ഇടപാടുകളെല്ലാം പാസ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോ, കാഷ് ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയതോ ബാക്കിയുള്ളതോ ആയ ഏതെങ്കിലും ഇടപാടുകൾ പാസ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോ, പാസ്ബുക്കിൽ തെറ്റായ വല്ല ഇടപാടുകളും രേഖപ്പെടുത്തിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ പരിശോധിച്ചു കണ്ടുപിടിക്കണം. അത് സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തണം. തുടർന്ന് ആ വ്യത്യാസങ്ങൾ പരിഹരിക്കണം. ഇതാണ് ട്രഷറി/ ബാങ്ക് റിക്കൺസിലിയേഷൻ.

ഓരോ ട്രഷറി/ ബാങ്ക് അക്കൗണ്ടിനും ഒരു ചെക്ക് ഇഷ്യൂ രജിസ്റ്റർ ഉണ്ട്. ആ അക്കൗണ്ടിനെ സംബന്ധിച്ച കാഷ് ബുക്കിനു തുല്യമാണിത്. കാഷ് ബുക്ക് പ്രകാരം ഒരു അക്കൗണ്ടിലെ ബാലൻസെന്നാൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം അക്കൗണ്ടിലെ ബാലൻസ് എന്നർത്ഥം.

പാസ്ബുക്കിലെ ബാലൻസിൽ നിന്നാരംഭിച്ച് ചില വ്യത്യാസങ്ങൾ കൂടുകയും ചില വ്യത്യാസങ്ങൾ കുറയ്ക്കുകയും ചെയ്താൽ കാഷ്ബുക്ക് ബാലൻസിൽ എത്തിച്ചേരും. തിരിച്ചും ചെയ്യാം. പാസ്ബുക്ക് ബാലൻസിൽ നിന്നാരംഭിച്ച് കാഷ് ബുക്ക് ബാലൻസിൽ എത്തിച്ചേരുന്ന പ്രക്രിയയാണ് പഞ്ചായത്തിന്റെ ട്രഷറി/ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ സ്വീകരിച്ചിട്ടുള്ളത്.

ട്രഷറി/ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിന്റെ ഫോറം ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നു ലഭിക്കും. ഈ ഫോറത്തിൽ എല്ലാ അക്കൗണ്ടുകളിലേയും (വ്യത്യാസം ഉണ്ടെങ്കിലും ഇല്ലെങ്കിലും) ബാലൻസുകൾ രേഖപ്പെടുത്തി ട്രഷറി/ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക. ഇപ്രകാരം തയ്യാറാക്കിയ സ്റ്റേറ്റ്മെന്റ് കാഷ്ബുക്കിൽ ഒട്ടിച്ചുവയ്ക്കുക. ഇതാണ് പഞ്ചായത്ത് അക്കൗണ്ടുകൾ സംബന്ധിച്ച നിർദ്ദേശം.

ഓരോ ഇടപാടു സംബന്ധിച്ചും ചെക്ക് ഇഷ്യൂ രജിസ്റ്ററിലും പാസ്ബുക്കിലും ഒരു പോലെ പ്രത്യക്ഷപ്പെടുന്ന ബാലൻസുകൾ രണ്ട് രജിസ്റ്ററിലും 'ടിക്ക്' മാർക്ക് ചെയ്യുക. പാസ്ബുക്കിലുണ്ടെങ്കിലും കാഷ്ബുക്കിലില്ലാത്തതും, കാഷ്ബുക്കിലുണ്ടെങ്കിലും പാസ്ബുക്കിലില്ലാത്തതുമായ വരവുകളും ചെലവുകളും ഓരോന്നായി കുറിച്ചെടുക്കുക. ഇത്രയുമാണ് കഴിഞ്ഞമാസത്തെ ഇടപാടുകൾ സംബന്ധിച്ച് ചെയ്യേണ്ടത്. അതിനുമുമ്പുള്ള മാസത്തെ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ചൂണ്ടിക്കാണിച്ച വ്യത്യാസങ്ങളിൽ ഏതെല്ലാം പരിഹരിക്കപ്പെട്ടുവെന്ന് പരിശോധിക്കുക. മുമ്പ് ഉണ്ടായിരുന്ന വ്യത്യാസങ്ങളിൽ ഇനിയും പരിഹരിക്കപ്പെടാത്തവയും കഴിഞ്ഞമാസം ഉണ്ടായിത്തീർന്നതുമായ വ്യത്യാസങ്ങളാണ് കഴിഞ്ഞമാസം അവസാനത്തെ പ്രവൃത്തി ദിവസത്തെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പ്രത്യക്ഷപ്പെടുക.

> പാസ്ബുക്കിലെ ബാലൻസിൽ നിന്നാരംഭിച്ച് ചില വ്യത്യാസങ്ങൾ കൂടുകയും ചില വ്യത്യാസങ്ങൾ കുറയ്ക്കുകയും ചെയ്താൽ കാഷ് ബുക്ക് ബാലൻസിൽ എത്തിച്ചേരും. തിരിച്ചും ചെയ്യാം. പാസ്ബുക്ക് ബാലൻസിൽ നിന്നാരംഭിച്ച് കാഷ് ബുക്ക് ബാലൻസിൽ എത്തിച്ചേരുന്ന പ്രക്രിയയാണ് പഞ്ചായത്തിന്റെ ട്രഷറി/ ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ സ്വീകരിച്ചിട്ടുള്ളത്.

ഒരു ഉദാഹരണം പരിശോധിക്കാം.

സഹകരണ ബാങ്കിൽ 2008 ജനുവരി 31 ന് പാസ്ബുക്ക് പ്രകാരം (അഥവാ സ്റ്റേറ്റ്മെന്റ് പ്രകാരം) 4,53,750 രൂപ ബാലൻസ് ഉണ്ടായിരുന്നു. എന്നാൽ ചെക്ക് ഇഷ്യൂ രജിസ്റ്റർ പ്രകാരം 4,50,850 രൂപയായിരുന്നു ബാലൻസ്, ഈ വ്യത്യാസം പൊരുത്തപ്പെടുത്തി ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കുക.

4,53,750 രൂപയും 4,50,850 രൂപയും തമ്മിലുള്ള വ്യത്യാസം 2900 രൂപയാണ്. 2900 രൂപ വരുന്ന ചില ഇടപാടുകൾ കണ്ടുപിടിച്ച് പെട്ടെന്ന് റിക്കൺസിലിയേഷൻ നടത്തിക്കളയാമെന്നു കരുതരുത്. പല വ്യത്യാസങ്ങൾ ഉണ്ടായിരിക്കാൻ സാദ്ധ്യതയുണ്ട്. അവയുടെ അറ്റ വ്യത്യാസമായിരിക്കാം 2900 രൂപ.

ചെക്ക് ഇഷ്യൂരജിസ്റ്ററിലേയും പാസ്ബുക്കിലേയും ഓരോ വരവുകളും ചെലവുകളും ടിക്ക് ചെയ്ത് പരിശോധിച്ചപ്പോൾ 7 തരം വ്യത്യാസങ്ങൾ ഉണ്ടെന്ന് കണ്ടെത്തി. അവ താഴെപ്പറയുന്നവയാണ്.

| | | | |
|---|---|---|---|
| 1. | കാഷ് ചെയ്യാത്ത ചെക്കുകൾ<br>(4000 +1600+150 രൂപ) | : | 7550 രൂപ |
| 2. | ബാങ്കിൽ നിക്ഷേപിച്ച ചെക്ക് കളക്ഷൻ വരാത്തതിനാൽ പാസ് ബുക്കിൽ രേഖപ്പെടുത്താത്തത്<br>(2000 +2500+450+280 രൂപ) | : | 5230 രൂപ |
| 3. | ഒരു നികുതിദായകൻ വസ്തു നികുതി നേരിട്ട് പഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചത്. | : | 450 രൂപ |
| 4. | മറ്റൊരക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടിയിരുന്ന തുക പഞ്ചായത്ത് അക്കൗണ്ടിൽ ബാങ്ക് തെറ്റായി ഡെബിറ്റ് ചെയ്തത്. | : | 1500 രൂപ |
| 5. | പഞ്ചായത്ത് അക്കൗണ്ടിൽ ബാങ്ക് തെറ്റായി ക്രെഡിറ്റ് ചെയ്തത് | : | 200 രൂപ |
| 6. | പാസ്ബുക്കിൽ പലിശ ക്രെഡിറ്റ് ചെയ്തത് | : | 1850 രൂപ |
| 7. | പാസ്ബുക്കിൽ ബാങ്ക് ചാർജസ് ഡെബിറ്റ് ചെയ്തത്. | : | 420 രൂപ |



കണ്ടുപിടിച്ച വ്യത്യാസങ്ങൾ യഥാസ്ഥാനത്ത് ഉൾക്കൊള്ളിച്ച് ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എങ്ങനെ തയ്യാറാക്കുമെന്നു നോക്കാം.

| | വിവരണം | രൂപാ |
|---|---|---|
| 1. | പാസ്ബുക്ക് പ്രകാരമുള്ള ബാലൻസ് | 4,53,750 |
| 2. | കൂട്ടുക | |
| | (i) നിക്ഷേപിച്ച തുക അക്കൗണ്ടിൽ വരവു വയ്ക്കാത്തത് | 5,230 |
| | (ii) ബാങ്ക് ചാർജ്ജസ് ഡെബിറ്റ് ചെയ്തത് | 420 |
| | (ii) അക്കൗണ്ടിൽ തെറ്റായി ഡെബിറ്റ് ചെയ്തത് | 1,500 |
| 3. | ആകെ (1+2) | 4,60,900 |
| 4. | കുറയ്ക്കുക: | |
| | (i) കാഷ് ചെയ്യാത്ത ചെക്കുകൾ | 7,550 |
| | (ii) പാസ്ബുക്കിൽ പലിശ ക്രെഡിറ്റ് ചെയ്തത് | 1,850 |
| | (ii) കാഷ് മുഖേനയല്ലാത്ത നിക്ഷേപം | 450 |
| | (ii) അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്തത് | 200 |
| 5. | ആകെ 4 | 10,050 |
| 6 | കാഷ്ബുക്ക് പ്രകാരമുള്ള ബാലൻസ് (3-5) | 4,50,850 |

ഓരോ വ്യത്യാസവും സംബന്ധിച്ച് വിശദമായ വിവരം സ്റ്റേറ്റ്മെന്റിനു താഴെ രേഖപ്പെടുത്തണം. ഉദാ: കാഷ് ചെയ്യാത്ത ചെക്കുകളുടെ നമ്പർ, തീയതി, തുക; ബാങ്കിൽ കളക്ഷനായി വരാത്ത ചെക്ക്/ ഡ്രാഫ്റ്റുകളുടെ ബാങ്കിന്റെ പേര്, നമ്പർ, തീയതി, തുക; കാഷ്ബുക്ക് മുഖേനയല്ലാത്ത നിക്ഷേപം, തെറ്റായ ക്രെഡിറ്റ്/ ഡെബിറ്റ് എന്നിവയുടെ വിവരം തുടങ്ങിയവ.

ക്രെഡിറ്റ് ചെയ്ത പലിശയ്ക്ക് രസീതും ഡെബിറ്റ് ചെയ്ത ബാങ്ക് ചാർജസിന് ബില്ലും തയ്യാറാക്കി കാഷ്ബുക്കിൽ യഥാക്രമം വരവു ഭാഗത്തും ചെലവു ഭാഗത്തും ചേർക്കണം. കാഷ്ബുക്ക് മുഖേനയല്ലാത്ത നിക്ഷേപം പരിശോധിച്ച് രസീത് എഴുതി കാഷ്ബുക്കിൽ ചേർക്കണം. ബാങ്ക് അക്കൗണ്ടിലെ തെറ്റായ ക്രെഡിറ്റ്/ ഡെബിറ്റുകളുടെ നിജസ്ഥിതി ബാങ്കുമായി ചേർന്ന് പരിശോധിച്ച് തെറ്റു തിരുത്തിക്കിട്ടാൻ വേണ്ട നടപടി സ്വീകരിക്കണം. നിക്ഷേപിച്ച ചെക്ക്/ ഡ്രാഫ്റ്റുകളുടെ കാര്യത്തിൽ കളക്ഷൻ വരാത്തതിന്റെ കാരണം കാലതാമസം മാത്രമാണോ, ചെക്ക് ഡിസോണർ ആയതാണോ എന്നു പരിശോധിക്കണം. ചെക്ക് ഡിസോണർ ആയതാണെങ്കിൽ കാഷ്ബുക്കിലും വരവ് രജിസ്റ്ററിലെ ബന്ധപ്പെട്ട ഹെഡിലും മൈനസ് എൻട്രി രേഖപ്പെടുത്തിയ ശേഷം കിട്ടാനുള്ള തുക വസൂലാക്കാനുള്ള നടപടിയും ആവശ്യമാണെങ്കിൽ നിയമനടപടിയും സ്വീകരിക്കണം. കാഷ് ചെയ്യാത്ത ചെക്കുകളുടെകാര്യത്തിൽ അവ കാഷ് ചെയ്യാത്തതിന്റെ കാരണം പരിശോധിക്കണം.കാലഹരണം വന്നതാണെങ്കിൽ കാലഹരണപ്പെട്ട ചെക്ക് കാൻസൽ ചെയ്ത് പുതിയ ചെക്ക് നൽകേണ്ടതുണ്ടോ എന്ന് പരിശോധിക്കണം. കാലഹരണപ്പെട്ട ചെക്ക് തിരികെ വാങ്ങി കാൻസൽ ചെയ്ത ശേഷമേ പുതിയ ചെക്ക് നൽകാവൂ.

*ലേഖകൻ ഏജീസ് ഓഫീസിൽ നിന്നും സീനിയർ ഓഡിറ്റ് ഓഫീസറായി വിരമിച്ചു. ഇപ്പോൾ ഓഡിറ്റ് കൺസൾട്ടന്റാണ്.*
*മൊബൈൽ: 9447454221*

**പുതിയ പംക്തി**

ഈ ലേഖന പരമ്പര ഏതാനും ലക്കങ്ങൾ കൊണ്ട് അവസാനിക്കും. തുടർന്ന് **'പഞ്ചായത്ത് അക്കൗണ്ട്- സംശയങ്ങളും മറുപടികളും'** എന്ന് പംക്തി ആരംഭിക്കുന്നതാണ്. നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും 'എഡിറ്റർ, 'പഞ്ചായത്ത് രാജ്', പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ., തിരുവനന്തപുരം- 695 033' എന്ന വിലാസത്തിൽ അയച്ചുതരേണ്ടതാണ്.



*പതിനൊന്നാം പദ്ധതി ജനകീയാസൂത്രണം: കോട്ടയം ജില്ലയിൽ നടന്ന പദ്ധതി നിർവ്വഹണ ശില്പശാലയിൽ പഞ്ചായത്ത് ഡയറക്ടർ ഡോ. വി.എം. ഗോപാലമേനോൻ I.A.S സംസാരിക്കുന്നു. ജില്ലാ പഞ്ചായത്ത് ആക്ടിംഗ് പ്രസിഡന്റ് സുധാകുര്യൻ, അംഗങ്ങൾ തുടങ്ങിയവർ സമീപം.*

സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി നടത്തിപ്പിന്റെ ഫലമായി നേടിയ മറ്റൊരു വിജയ കഥയാണ് മലയിൻകീഴ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് പറയാനുള്ളത്. സർവ്വശിക്ഷാ അഭിയാൻ പദ്ധതികൾ കൃത്യമായി നടപ്പാക്കിയതിന്റെ ഫലമായി മലയിൻകീഴ് മലയടി വാരത്ത് പ്രവർത്തിക്കുന്ന ഈ സ്കൂൾ 2007-08 വർഷത്തിൽ ഉപജില്ലയിലെ മോഡൽ സ്കൂളായി തെരഞ്ഞെടുക്കപ്പെട്ടു.



# അറിവിന്റെ തിളക്കം



എൽ. സി. പൊന്നുമോൻ

സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി നടത്തിപ്പിന്റെ ഫലമായി നേടിയ മറ്റൊരു വിജയ കഥയാണ് മലയിൻകീഴ് ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് പറയാനുള്ളത്. സർവ്വശിക്ഷാ അഭിയാൻ പദ്ധതികൾ കൃത്യമായി നടപ്പാക്കിയതിന്റെ ഫലമായി മലയിൻകീഴ് മലയടി വാരത്ത് പ്രവർത്തിക്കുന്ന ഈ സ്കൂൾ 2007-08 വർഷത്തിൽ ഉപജില്ലയിലെ മോഡൽ സ്കൂളായി തെരഞ്ഞെടുക്കപ്പെട്ടു. കഴിഞ്ഞ വർഷത്തെ എസ്.എസ്.എൽ. സി പരീക്ഷയിൽ ഈ സ്കൂളിന് 95 ശതമാനം വിജയം കൈവരിക്കാൻ കഴിഞ്ഞതായി സ്കൂൾ ഹെഡ്മിസ്ട്രസ് ജി.എസ്. ഉഷാദേവി പറഞ്ഞു. ഇതിൽ 16 എ+ നേടിയ വിദ്യാർത്ഥികൾ ഈ വിജയത്തിന്റെ തിളക്കം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നു.

ഈ വിജയപർവ്വത്തിലും സ്കൂളിന്റെ അടിസ്ഥാന സൗകര്യങ്ങൾ വളരെ പരിമിതമായാണ് തുടർന്നു വന്നിരുന്നത്. എന്നാൽ എസ്.എസ്.എയുടെ ധനസഹായത്തോടെ 5 ക്ലാസ് റൂമുകൾ ഇവിടെ പുതുതായി പണികഴിപ്പിച്ചിട്ടുണ്ട്. ഇതിനു പുറമെ വൈകല്യമുള്ള വിദ്യാർത്ഥികളെ കൂടി കണക്കിലെടുത്ത് അവർക്ക് വേണ്ട അധിക സൗകര്യത്തോടെ 7 ടോയ്ലെറ്റുകൾ ഇവിടെ നിർമ്മിച്ചിട്ടുണ്ട്. നിലിവിലുള്ള ചില കെട്ടിടങ്ങൾക്ക് ഇപ്പോഴും ഓല മേൽക്കൂരയാണ്. ഇതിനാൽ പാമ്പിന്റെയും മറ്റും ശല്യം കുട്ടികൾക്കും അധ്യാപകർക്കും നേരിടേണ്ടി വരുന്നുണ്ട്. ഈ പ്രശ്നം വരും വർഷങ്ങളിൽ എസ്.എസ്.എ ധനസഹായത്തോടെ പരിഹരിക്കാൻ ശ്രമിക്കുമെന്ന് കാട്ടാക്കട ബി.ആർ.സി (ബ്ലോക്ക് റിസോഴ്സ് സെന്റർ) ഓഫീസർ അഗസ്റ്റിൻ പറഞ്ഞു.

എസ്.എസ്.എയുടെ ഐ.ഇ.ഡി പദ്ധതിയുടെ ഭാഗമായി ഈ സ്കൂളിലെ 8 വിദ്യാർത്ഥികൾക്ക് 1350 രൂപ വീതം സ്കോളർഷിപ്പ് നൽകി. ഇതിനു പുറമെ ഈ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കായി ഓരോ വർഷവും ബോധവൽക്കരണം നടത്തുന്നു. എസ്.എസ്.എ. പദ്ധതിയിൻ കീഴിൽ വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് വൈകല്യ പരിഹാര ഉപകരണങ്ങൾ നൽകിവരുന്നതിന്റെ ഭാഗമായി ഈ വിദ്യാർത്ഥികൾക്കും സഹായം ലഭ്യമായിട്ടുണ്ട്. ഇതിൽ 7-ാം ക്ലാസ് വിദ്യാർത്ഥിനിയായ ജനീഷയ്ക്ക് ലഭിച്ചത് ശ്രവണ സഹായിയാണ്. ഈ ഉപകരണം ലഭിച്ചതോടെ തനിക്ക് മറ്റു കുട്ടികളുമായി സുഗമമായി സംവദിക്കാൻ കഴിയുന്നുണ്ടെന്നും ക്ലാസ് മുറിയിലെ ലക്ചർ ക്ലാസ്സുകൾ വ്യക്തമായി മനസ്സിലാക്കാൻ കഴിയുന്നുണ്ടെന്നും ജനീഷ പറഞ്ഞു.

എസ്.എസ്.എയുടെ പഠനത്തോടൊപ്പം വരുമാനവും നേടുക എന്ന പദ്ധതിയുടെ ഭാഗമായി ഈ സ്കൂളിലെ കുട്ടികൾ സോപ്പും ചോക്കും മറ്റും വിശ്രമസമയങ്ങളിൽ നിർമ്മിക്കുന്നുണ്ട്. ഇത് കുട്ടികളിൽ തൊഴിലിനോടുള്ള മമത വളർത്തുവാൻ ഉപകരിക്കുന്നതായി സ്കൂളിലെ അധ്യാപകനും ഈവിധ പ്രവർത്തനങ്ങളുടെ ചുമതലക്കാരനുമായ വേണു തോട്ടുംകര അഭിപ്രായപ്പെട്ടു. സ്കൂളിലെ ഓരോ ക്ലാസിലും ശാസ്ത്ര ഉപകരണങ്ങളും പ്രവർത്തനങ്ങളും മറ്റും പ്രദർശിപ്പിക്കുന്ന സയൻസ് കോർണർ ഉണ്ട്. ഇതിന്റെയെല്ലാം ഫലമായി ഈ സ്കൂളിലെ 9എയിൽ പഠിക്കുന്ന അനുലേഖ എന്ന കുട്ടിക്ക് സ്റ്റേറ്റ് സയൻസ് സെമിനാറിൽ ബി ഗ്രേഡും ജില്ലാതലത്തിൽ ഫസ്റ്റും ലഭിക്കുകയുണ്ടായി.

കുട്ടികളുടെ വായനാശീലം വളർത്തുന്നതിന്റെ ഭാഗമായി എല്ലാ ക്ലാസ്സുകൾക്കും ആഴ്ചയിൽ ഒരു ദിവസം ലൈബ്രറി പിരീഡ് നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നതിലും, സയൻസ്, കണക്ക് തുടങ്ങിയ ക്ലാസ്സുകളുടെ പ്രവർത്തനത്തിലും അധ്യാപകരും വിദ്യാർത്ഥികളും പ്രത്യേക ശ്രദ്ധപതിപ്പിക്കുന്നു. ക്ലാസ് റൂം പഠനവുമായി ബന്ധപ്പെട്ടുള്ള വസ്തുക്കൾ അടിസ്ഥാനമാക്കി ഓരോ മാസവും വിദ്യാർത്ഥികൾ എക്സിബിഷൻ സംഘടിപ്പിച്ചു വരുന്നു.

എസ്.എസ്.എയുടെ ഭാഗമായി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേകിച്ച് 10-ാം ക്ലാസ്സിലെ പരീക്ഷയ്ക്ക് മുൻപായി കൗൺസിലിംഗ് നൽകി വരുന്നതും മറ്റും കൊണ്ട് സ്കൂൾ നടത്തിപ്പിൽ രക്ഷിതാക്കളുടെ പങ്ക് വളരെയധികം വർദ്ധിച്ചിട്ടുണ്ടെന്ന് സ്കൂൾ പി.റ്റി.എ പ്രസിഡന്റ് സുരേന്ദ്രൻ നായർ ചൂണ്ടിക്കാട്ടി.

സ്കൂളിലെ സ്കൗട്ട്സ് വിഭാഗത്തിന്റെ കീഴിലുള്ള വിദ്യാർത്ഥിനികളിൽ 12 പേർക്ക് 2006ൽ രാഷ്ട്രപതി അവാർഡും 16 പേർക്ക് 2006ൽ രാജ്യപുരസ്കാരവും ലഭിച്ചതായി പരിശീലക ടീച്ചർമാരായ കുമാരി ശ്രീലേഖയും രമാദേവിയും പറഞ്ഞു.

എസ്.എസ്.എ പദ്ധതിയുടെ ഭാഗമായി 1 മുതൽ 7 വരെയുള്ള ക്ലാസ്സുകൾക്ക് നുതനമായ രീതിയിൽ ചോദ്യപേപ്പറുകൾ നൽകി വരുന്നുണ്ട്. ഈ ചോദ്യപേപ്പറുകൾ വളരെ ഫലപ്രദമാണെന്ന് ഗവൺമെന്റ് ഗേൾസ് എൽ.പി. സ്കൂളിലേയും കാട്ടാക്കട കുളത്തുമ്മേൽ എൽ.പി സ്കൂളിലേയും അധ്യാപകർ അഭിപ്രായപ്പെട്ടു. ഓർമ്മ പരീക്ഷയിൽ മാത്രം ഒതുക്കാതെ വിദ്യാർത്ഥികളുടെ നിലവാരം ശരിയായി അളക്കുവാൻ ഈ നുതന ചോദ്യപേപ്പർ മാർഗ്ഗത്തിലൂടെ കഴിയുന്നു.

വിദ്യാഭ്യാസ രംഗത്ത് എസ്.എസ്.എ പോലെയുള്ള നുതന പരീക്ഷണങ്ങളിലൂടെ വ്യവസ്ഥാപിത മാർഗ്ഗത്തിൽ നിന്നും വ്യത്യസ്തമായി കുട്ടികളെ ചിന്തിപ്പിക്കാനും അറിവ് നേടാനും സഹായമാകുന്ന നിരവധി പദ്ധതികൾ ഗവൺമെന്റ് നടപ്പിലാക്കി വരുന്നു. കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടഞ്ഞ്, 2010ഓടു കൂടി എല്ലാവർക്കും വിദ്യാഭ്യാസം ലഭ്യമാക്കുക എന്നതാണ് സർവ്വ ശിക്ഷാ അഭിയാന്റെ അന്തിമലക്ഷ്യം.

എസ്.എസ്.എ പദ്ധതി ചെലവ് സംസ്ഥാനങ്ങളുമായി പങ്കിടുന്നതിന്റെ ഫണ്ടിംഗ് പാറ്റേൺ പരിഷ്കരിച്ചു. ഇതനുസരിച്ച്, എസ്എസ്എ പദ്ധതികൾക്കുള്ള കേന്ദ്ര-സംസ്ഥാന വിഹിതം 2007-08ലും 2008-09ലും 65:35 എന്ന അനുപാതത്തിലായിരിക്കും. 2009-10ൽ 60:40ഉം, 2010-11ൽ 55:45ഉം 2011-12ലും പിന്നീടുള്ള വർഷങ്ങളിലും 50:50 എന്ന നിലയിലായിരിക്കും കേന്ദ്രവും സംസ്ഥാനങ്ങളും വിഹിതം അനുവദിക്കുന്നത്.

*ലേഖകൻ തിരുവനന്തപുരം പ്രസ് ഇൻഫർമേഷൻ ബ്യൂറോയിൽ ഇൻഫർമേഷൻ അസിസ്റ്റന്റാണ്.*

ലേഖനപരമ്പര-12



വി. സുഭാഷ്ചന്ദ്രബോസ്

# നീർതടാധിഷ്ഠിത വികസനവും സ്ഥലജല പരിപാലനവും

ഓരോ നീർതടത്തിന്റെയും സമഗ്രവും ശാസ്ത്രീയവും സ്ഥായി സ്വഭാവമുള്ളതുമായ വികസനമാണ് ഏറ്റെടുത്ത് നടപ്പിലാക്കേണ്ടത്. ഓരോ പ്രദേശത്തിനും അനുഭവയോജ്യമായ സാങ്കേതിക വിദ്യകളും രീതികളും ഉപയോഗിച്ച്, ആ പ്രദേശത്തിന്റെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാനും പ്രകൃതിയെ കൂടുതൽ സംരക്ഷിക്കുവാനുമാണ് ഊന്നൽ നൽകേണ്ടത്. ഓരോ തരി മണ്ണും ഓരോ തുള്ളി ജലവും പ്രസ്തുത നീർതടത്തിന്റെ ആവാസ വ്യവസ്ഥ സംരക്ഷിക്കുംവിധം പരമാവധി പ്രയോജനപ്പെടുത്തണം. ഓരോ പ്രദേശത്തും വീഴുന്ന മഴയെ കഴിയുന്നത്ര സംരക്ഷിച്ച് മണ്ണിന്റെ ജൈവാംശം നിലനിർത്തുകയെന്നതിനാണ് പ്രാധാന്യം നൽകേണ്ടത്.

ഓരോ സൂക്ഷ്മ നീർതടപ്രദേശവും പരിപാലനത്തിനായി തെരഞ്ഞെടുത്തു കഴിഞ്ഞാൽ, മുകളിൽ നിന്ന് തുടങ്ങി ചരിവുപ്രദേശങ്ങളിലൂടെ താഴേയ്ക്ക് എന്ന ക്രമത്തിൽ മണ്ണുജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കണം. ഉയർന്ന ഭൂഭാഗങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ പ്രവർത്തനങ്ങളായിരിക്കും താഴ്ന്ന ഭാഗങ്ങളിൽ ഏറ്റെടുക്കേണ്ടത്. ഓരോ നീർതട പ്രദേശത്തെയും സ്ഥലജലപരിപാലന പ്രവർത്തനങ്ങളെ താഴെ പറയുന്ന വിഭാഗങ്ങളിലായി തിരിക്കാവുന്നതാണ്. കാർഷികഭൂമിയിലും കാർഷികേതര പ്രദേശങ്ങളിലും വിവിധങ്ങളായ ഇടപെടലുകളാണ് വേണ്ടിവരിക. പ്രധാന വിഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

1. ജൈവരീതികൾ
2. നിർമ്മിതി പ്രവർത്തനങ്ങൾ.
3. കാർഷികമുറകൾ

**1. ജൈവരീതികൾ**

സസ്യങ്ങളുടെയും ചെടികളുടെയും മറ്റും സഹായത്താൽ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളാണിവ. ഉയർന്ന ഭൂപ്രദേശങ്ങളിലും ചരിവുഭാഗങ്ങളിലും ആഴത്തിൽ വേരുപോകുന്ന മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതാണ്. മണ്ണൊലിപ്പു തടയുന്നതിനും ജലത്തിന്റെ ഒഴുക്കു നിയന്ത്രിക്കുന്നതിനും ഭൂമിയുടെ ഉള്ളിലേക്ക് ജലം ധാരാളമായി കടത്തി വിടുവാനും ഇതിലൂടെ സാധിക്കുന്നു. ശക്തമായ കാറ്റിനെ തടയുവാനും ഇതിലൂടെ കഴിയുന്നു. ഏതൊരു കൃഷിഭൂമിയുടെയും കുറച്ചു ഭാഗം വൃക്ഷങ്ങൾക്കായി മാറ്റിവയ്ക്കുന്നത് നല്ലതാണ്. ചരിവുപ്രദേശങ്ങളിൽ ചരിവിനുകുറുകെ തയ്യാറാക്കുന്ന കാർഷിക ഇടങ്ങളിലും വിവിധസസ്യങ്ങൾ ഉപയോഗിക്കാവുന്നതാണ്. ചരിവുകളെ ബലപ്പെടുത്തുവാനും ജലത്തെ കൂടുതൽ ആഗിരണം ചെയ്യുന്നതിനുമായി രാമച്ചം വ്യാപകമായി പ്രയോജനപ്പെടുത്താവുന്നതാണ്.

ചരിവുമേഖലകളിൽ ഓരോ ചെറിയ ഭൂപ്രദേശത്തിന്റെയും അതിർത്തികൾ നിശ്ചയിച്ച് അവിടെ വിവിധങ്ങളായ ചെടികൾ വച്ചുപിടിപ്പിക്കാവുന്നതാണ്. താഴ്ന്ന പ്രദേശങ്ങളിൽ കൃഷിയിടങ്ങളിൽ അതിരുകളും തിരണകളും വേലികളും തീർത്ത് അവിടങ്ങളിലും ജലസംരക്ഷണ സസ്യങ്ങൾ നടാവുന്നതാണ്. ശീമക്കൊന്ന, സുബാബുൾ, രാമച്ചം, മുരിങ്ങ തുടങ്ങിയവ ഇതിനായി തിരഞ്ഞെടുക്കാവുന്നതാണ്. സൂര്യപ്രകാശം അധികമായി മണ്ണിലേൽക്കാതെ മണ്ണിനെ സംരക്ഷിക്കുക എന്നതാണ് പ്രധാനം. ഇത്തരം ചെടികൾ ഉപയോഗിക്കുന്നതിലൂടെ ജൈവ വളത്തിന് ആവശ്യമായ പച്ചിലകളും മറ്റു ഉൽപ്പന്നങ്ങളും ലഭിക്കുന്നതാണ്.

**പുതയിടൽ (Mulching)**


വളരെ ഫലപ്രദവും പരമ്പരാഗതമായി ചെയ്തുവരുന്നതുമായ ഒരു ജലസംരക്ഷണ രീതിയാണ് പുതയിടൽ. വേനലിന് തൊട്ടുമുമ്പ് പറമ്പിലെ മൺപ്രദേശങ്ങൾ വിവിധചപ്പുചവറുകളും പച്ചിലകളും സസ്യാവശിഷ്ടങ്ങളും ഉപയോഗിച്ച് പുതപ്പിക്കുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്. മഴക്കാലത്തിനു മുമ്പ് ഇതിനാവശ്യമായ ചെടികൾ പറമ്പുകളിൽ വളർത്തി മുൻകൂട്ടി തയ്യാറാക്കിയിരിക്കണം. പുതയിടുന്നതിലൂടെ നടക്കുന്ന മണ്ണു-ജലസംരക്ഷണ പ്രവർത്തനങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്.

വേനൽക്കാലത്തിന് തൊട്ടുമുമ്പ് പുതയിടുന്നതിനാൽ അവ മണ്ണിൽ ഒരാവരണമായി നിൽക്കും. മണ്ണിൽ നേരത്തേ സൂക്ഷിച്ചിരിക്കുന്ന ജലാംശം നിലനിർത്തുവാനും സൂര്യപ്രകാശം നേരിട്ട് മണ്ണിലേൽക്കുന്നത് തടയുന്നതിലൂടെ ബാഷ്പീകരണം കുറയ്ക്കുവാനും കഴിയുന്നു. കടുത്ത വേനലാകുമ്പോൾ ഇത്തരം ചപ്പുചവറുകളും ഇലകളും പൊടിഞ്ഞു മാറും. ആദ്യത്തെ മഴകളിൽത്തന്നെ ഇത്തരം പൊടിഞ്ഞ വസ്തുക്കളും മണ്ണുമായി ഇടകലരുകയും ചെറിയ മൺതരികൾ ഒട്ടിപിടിച്ച് വലിയ മൺകട്ടകൾ രൂപപ്പെടുകയും ചെയ്യും. മൺകട്ടകളാകുവാനുള്ള പശയായി സസ്യാവശിഷ്ടങ്ങൾ പ്രവർത്തിക്കും. വീണ്ടും മഴക്കാലം ശക്തമാകുന്ന മുറയ്ക്ക് നേരത്തെ രൂപപ്പെട്ട മൺകട്ടകൾക്കിടയിലുള്ള താരതമ്യേന വ്യാസം കൂടിയ സുഷിരങ്ങളിലേക്ക് മഴവെള്ളം ഇറങ്ങും. സൂക്ഷ്മ മൺതരികൾക്കിടയിലും മഴവെള്ളം താഴും. മഴക്കാലം ഏറ്റവും കൂടുന്ന സമയത്ത് പറമ്പുകളിലാകെ ജലം നിന്ന് ആവശ്യത്തിലധികം വെള്ളം ലഭ്യമാക്കും. ക്രമേണ മഴ കുറയുന്നതിനനുസരിച്ച് ജലത്തിന്റെ ബാഷ്പീകരണവും നീർവാർച്ചയും വർദ്ധിക്കും. വിവിധ വലിയ മൺകട്ടകൾക്കുമിടയിലുള്ള വലിയ സുഷിരങ്ങളിൽ ശേഖരിക്കുന്ന ജലമായിരിക്കും ആദ്യം നഷ്ടപ്പെടുക. അവിടേയ്ക്ക് ചൂടുള്ള വായുവും പ്രകാശവും കടക്കും. സ്വാഭാവികമായും അപ്പോഴും മണ്ണിന് ജലം ആവശ്യമാണ്. പശയുടെ സഹായത്താൽ രൂപപ്പെട്ട ഓരോ വലിയ മൺകട്ടകൾക്കുമുള്ളിൽ സൂക്ഷിച്ചിരിക്കുന്ന ജലം പ്രയോജനപ്പെടുന്നത് പ്രധാനമായും അപ്പോഴാണ്. സൂര്യ പ്രകാശം ഏൽക്കുന്ന മുറയ്ക്ക് മൺകട്ടകൾ പൊടിയുമ്പോൾ അവയ്ക്കുള്ളിലെ ജലം മറ്റിടങ്ങളിലേക്കും വ്യാപിക്കുകയും വേനലിലും മണ്ണിന് വെള്ളം കിട്ടുകയും ചെയ്യുന്നു. മഴക്കാലത്തെ അധിക വെള്ളത്തെ ശേഖരിക്കുവാനുള്ള പ്രകൃതിയുടെ തന്നെ രീതികളാണിവ. പക്ഷെ കൂടുതൽ ജലം ഇങ്ങനെ കരുതുവാനും കൃഷിഭൂമിയെ സഹായിക്കുവാനും അതിലൂടെ മൺകട്ടകൾ ഉൾപ്പെടെ രൂപപ്പെടുവാനുമാണ് പ്രധാനമായും പുതയിടലിലൂടെ കഴിയുന്നത്. വേനൽക്കാലത്തെ പുതയിടലും, മൺതരികളാകലും, മഴയെ ശേഖരിക്കലും തുടർന്ന് മൺകട്ടകൾ പൊടിയലുമുൾപ്പെടെയാകുമ്പോൾ നല്ലൊരുകാലം എടുക്കുന്നതിനാൽ വരൾച്ചയുടെ കെടുതിയെ നമുക്ക് പ്രതിരോധിക്കാവുന്നതാണ്. വനങ്ങളിൽ സ്വാഭാവിക പുതപ്പിക്കൽ പ്രക്രിയ നടക്കുന്നുണ്ട്. ചപ്പുചവറുകളും, സസ്യാവശിഷ്ടങ്ങളും മാറ്റാത്ത മറ്റിടങ്ങളിലും അങ്ങനെ സംഭവിക്കുന്നു. പക്ഷെ, നാം കൃഷി ചെയ്യുന്ന ഭൂമിയിൽ മണ്ണിളക്കം നടത്തുന്നതിനാൽ കൃത്രിമ പുതയിടൽ ആവശ്യമാണ്. മഴക്കാലത്തെ ജലം പരമാവധി സംരക്ഷിക്കുവാനും വേനലിന്റെ കാഠിന്യം മണ്ണിലേൽക്കാതെ നിലനിർത്തുവാനും പുതയിടലിലൂടെ കഴിയുന്നു. മണ്ണാണ് ഏറ്റവും വലിയ മഴവെള്ള സംഭരണി. മണ്ണിൽ കോടികണക്കിന് ലിറ്റർ മഴയെ ശേഖരിക്കുവാനും ആവശ്യാനുസരണം പ്രയോജനപ്പെടുത്തുവാനും കഴിയും. മണ്ണിൽ ധാരാളം ഈർപ്പം നിൽക്കുകയും കുറെ ഭാഗം അരിച്ചിറങ്ങി ഭൂജലസമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്യുന്നതാണ്.

വിവിധങ്ങളായ ജൈവരീതികളിലൂടെ മണ്ണ്-ജലസംരക്ഷണം ഉറപ്പാക്കുവാൻ കഴിയുന്നതാണ്. പാടത്തും പറമ്പുകളിലും കുന്നിലും ചരുവിലും താഴ്വരയിലുമൊക്കെ വ്യത്യസ്തങ്ങളായ ഇടപെടലുകൾ അനിവാര്യമാണ്. ഇതോടൊപ്പം തന്നെ നിർമ്മിതികൾക്കും (Engineering structres) വളരെ വലിയ സ്ഥാനമാണുള്ളത്.

(തുടരും..)

*ലേഖകൻ*
*'മഴകേന്ദ്രം' സ്റ്റേറ്റ് മാനേജരാണ്.*
*കൂടുതൽ വിവരങ്ങൾക്ക്*
Ph: 0471-2337002, Mob: 9847547881
E-mail: subhashchandrabosss@yahoo.com



ലേഖന പരമ്പര - 3

റോയ് ചാക്കോ ഇളമണ്ണൂർ

# തമിഴ്നാട്ടിലെ ഗ്രാമക്കാഴ്ചകൾ

പഞ്ചായത്തു ക്ലർക്ക് എന്നു പരിചയപ്പെടുത്തി ഗ്രാമത്തിലെ ടെലിവിഷൻ റൂമിന്റെ താക്കോലുമായി വരുന്ന വ്യക്തിയെ നാട്ടുകാർ വെറുതെ പഞ്ചായത്തു ക്ലർക്ക് എന്ന് അഭിസംബോധന ചെയ്യുകയാണോ അതോ പഞ്ചായത്ത് ഓഫീസിൽ ജോലിയുള്ള വ്യക്തിയാണോ എന്ന സംശയം ഇത് എഴുതിക്കൊണ്ടിരിക്കുമ്പോഴാണ് ഈ ലേഖകനുണ്ടായത്.

ഒരുപക്ഷേ ഒരു ഊരിലെ ജനങ്ങളെ ദൂരെയുള്ള പഞ്ചായത്താഫീസുമായി ബന്ധിപ്പിക്കുന്ന, പഞ്ചായത്താഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടത്തിക്കൊടുക്കുന്ന, കുറച്ച് പഠിപ്പുള്ള ഒരു വ്യക്തിയായിരിക്കാം അദ്ദേഹം. മിക്കവാറും ഊരുകളിൽ പഞ്ചായത്ത് ക്ലർക്ക് എന്ന പേരിൽ പലരെയും കണ്ടുമുട്ടിയിട്ടുള്ളതിനാൽ ഈ സ്ഥാനം ഓരോ ഊരിലെയും ഒരു പ്രമുഖ സ്ഥാനമായി ഗ്രാമീണർ കരുതുന്നു എന്ന് വ്യക്തമാണ്. ഒരുപക്ഷേ ഇവർ പഞ്ചായത്തിലെ ക്ലർക്ക് ആയിരിക്കുകയും ചെയ്യാം.

വൈകിട്ട് സമ്മേളനങ്ങൾ നടത്തുമ്പോൾ ആ ഗ്രാമത്തിലുള്ള ജനപ്രതിനിധികളെ ഞാൻ ക്ഷണിക്കാറുണ്ടായിരുന്നു. തങ്ങളുടെ ഗ്രാമത്തിൽ കേന്ദ്രഗവൺമെന്റിന്റെ ഒരു പൊതുപരിപാടി നടത്തുന്നതിൽ ഇവർ വലിയ താൽപര്യവും നല്ല സഹകരണവും നൽകാറുണ്ടായിരുന്നു. ഇപ്പോൾ പരാമർശിച്ചുകൊണ്ടിരിക്കുന്ന സ്ഥലങ്ങളെപ്പറ്റി വായനക്കാർക്ക് ഒരു ചിത്രം നൽകട്ടെ. മെയിൻ റോഡിൽ നിന്നും തിരിഞ്ഞുള്ള സബ്റോഡുകളിലൂടെ നാലും അഞ്ചും പത്തും കിലോമീറ്റർ ഒക്കെ യാത്ര ചെയ്ത് ഒറ്റപ്പെട്ടുകിടക്കുന്ന തനി ഗ്രാമത്തിൽ എത്തുമ്പോഴുണ്ടാകുന്ന അനുഭവമാണ് വിവരിക്കുന്നത്. ഇത്തരം ഗ്രാമങ്ങൾ നഗരങ്ങൾക്ക് 10 കിലോമീറ്റർ അടുത്തുവരെ ഉണ്ട്. ഒരു ഉദാഹരണം പറഞ്ഞാൽ തിരുനെൽവേലി കോർപ്പറേഷനിലെ ഏറ്റവും വികസനം പ്രാപിച്ച, ഇന്ത്യയിലെ നല്ലൊരു റെസിഡൻഷ്യൽ കോളനി എന്നു കൂടി വിശേഷിപ്പിക്കാവുന്ന പാളയംകോട്ട എന്ന സ്ഥലത്തു നിന്നും 10 കിലോമീറ്റർ പോയാൽ ഒരു തനി തമിഴ്നാട് ഗ്രാമത്തിലെത്താം. അവിടെ നഗരത്തിന്റെ യാതൊരു ചിത്രവും കാണാൻ പറ്റില്ല. തൊട്ടടുത്ത് വലിയൊരു നഗരം ഉണ്ട് എന്നതിന്റെ യാതൊരു ലക്ഷണവും അവിടെ കാണാൻ സാധിക്കില്ല. കന്നുകാലികൾ അലഞ്ഞു നടക്കുന്ന തെരുവും നായ്ക്കൾ യഥേഷ്ടം വിഹരിക്കുന്ന റോഡും പൊതുടെലിവിഷൻ റൂമും ഒക്കെയുള്ള ഈ പ്രദേശങ്ങളിൽ നടത്തുന്ന ഗവൺമെന്റ് പരിപാടികൾക്കാണ് ജനങ്ങളിൽ നിന്ന് കൂടുതൽ സഹകരണം ലഭിക്കുന്നത്. ഇത്തരം ഗ്രാമീണ പ്രദേശങ്ങളിലെ പഞ്ചായത്തു പ്രതിനിധികൾ ഗവൺമെന്റിന്റെ ബോധവൽക്കരണ പരിപാടികൾ അവിടെ നടത്തിക്കുന്നതിൽ വലിയ താൽപര്യം കാട്ടാറുണ്ട്. എന്നാൽ പണ്ട് കേരളത്തിന്റെ ഭാഗമായിരുന്ന കന്യാകുമാരി ജില്ലയിലെ ഗ്രാമങ്ങളിൽ ജനങ്ങളുടെയിടയിൽ നിന്ന് ഇത്തരത്തിലുള്ള സഹകരണം അത്ര ലഭിക്കാറില്ല.

ചില പഞ്ചായത്ത് പ്രസിഡന്റുമാർ അല്ലെങ്കിൽ പഞ്ചായത്ത് അംഗങ്ങൾ നല്ല കർഷകർ കൂടി ആയിരിക്കും. പാടത്തു നിന്നും പണികഴിഞ്ഞ് വൈകിട്ട് ഏഴുമണിയോടെയാണ് ഇവർ ഊരുകളിലെത്തുക. ഉടൻ തന്നെ പോയി കുളിച്ചു വേഷം മാറി ഗവൺമെന്റിന്റെ പ്രചരണ പരിപാടികളിൽ സംബന്ധിക്കാനെത്തും. മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ഗ്രാമീണരെ ബോധവൽക്കരിക്കുക എന്ന ലക്ഷ്യത്തോടെ നടത്തുന്ന പൊതുപരിപാടിയിൽ മദ്യപാനം ശീലമാക്കിയ ഏതെങ്കിലും പഞ്ചായത്ത് പ്രതിനിധികൾ എഴുന്നേറ്റുനിന്ന് പ്രസംഗിക്കുമ്പോൾ അവരെ നല്ലവണ്ണം അറിയാവുന്ന ഗ്രാമീണരുടെ മുഖത്ത് പുഞ്ചിരി വരുന്നതും ചെറുപ്പക്കാരുടെ ഇടയിൽ നിന്ന് കമന്റുകൾ ഉണ്ടാവുന്നതുമൊക്കെ പതിവാണ്.

പാടശേഖരങ്ങളിലൂടെ ഗ്രാമങ്ങളിലേക്കുള്ള റോഡുകൾ പോലും നല്ല ഭംഗിയുള്ളവയാണ്. ഭൂരിഭാഗം റോഡുകളും ഗട്ടറുകളില്ലാത്തവ. എന്നാൽ വീതി പൊതുവെ കുറവായിരിക്കും. എതിരെ വരുന്ന വണ്ടികൾക്ക് കഷ്ടിച്ച് സൈഡ് കൊടുക്കാൻ മാത്രമേ വീതി കാണുകയുള്ളു. റോഡുകളിൽ പലയിടത്തും 'ചപ്പാത്തുകൾ' (റോഡിന്റെ ഒരു വശത്തെ പാടശേഖരത്തിലെ വെള്ളം റോഡുമുറിച്ച് മറുവശത്തേയ്ക്ക് ഒഴുകാനുള്ള വീതിയുള്ള ചാല്) ഉണ്ടാകും. പാടശേഖരങ്ങളിൽ പമ്പ്ഹൗസുകൾ കാണും. പമ്പ്ഹൗസിനു സമീപം കുളങ്ങളും. കുളത്തിലെ വെള്ളം പമ്പ് ചെയ്ത് സമീപത്തെ പാടങ്ങളിൽ എത്തിക്കുന്ന കർഷകരെയും രാവിലെയും വൈകിട്ടും ഇതുവഴിയുള്ള യാത്രക്കാർക്ക് കാണാവുന്നതാണ്. ഈയൊരു കാഴ്ച കേരളത്തിലിപ്പോൾ അപൂർവം.

നിറയെ ആട്ടിൻകൂട്ടങ്ങളുമായി റോഡിലൂടെ പോകുന്ന ആട്ടിടയന്മാരെ കാണാം. ആവശ്യപ്പെടാതെ തന്നെ വാഹനത്തിനു വഴിമാറിത്തരുന്ന ആട്ടിൻപറ്റങ്ങളും പതിവു കാഴ്ചയാണ്. ചില ഊരുകളിൽ പഞ്ചായത്തു പ്രതിനിധിയെ കാത്ത് ഏറെ നേരം ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്. കാരണം, അങ്ങകലെ ഗ്രാമത്തിൽ നിന്നും തന്റെ ആട്ടിൻകൂട്ടത്തെ സന്ധ്യയ്ക്ക്, വീടിനു





സമീപമുള്ള തുറന്ന തൊഴുത്തിലേയ്ക്ക് തെളിച്ചുകൊണ്ടുവരുന്ന പഞ്ചായത്ത് മെമ്പർ ഊരിലെത്തുവാൻ സന്ധ്യമയങ്ങും. ഒരു ഗ്രാമത്തിൽ ആയിരത്തോളം ആടിനെ തെളിച്ചുകൊണ്ടുവന്ന ഒരു കാരണവരാണ് ആ ഗ്രാമത്തിലെ ഏറ്റവും വലിയ പണക്കാരൻ എന്നും അറിയുവാൻ സാധിച്ചു. തമിഴ്നാടിന്റെ ഗ്രാമങ്ങൾ കർഷകസംസ്കൃതിയോടെ തന്നെ ഇപ്പോഴും നിലനിൽക്കുന്നു. ഇതിന്റെ നല്ലൊരു ഫലമായിട്ടായിരിക്കാം ഗ്രാമീണ ജനതയിൽ നിഷ്കളങ്കതയും താഴ്മയും സഹകരണ മനോഭാവവും ഉദ്യോഗസ്ഥരോട് ബഹുമാനവും നല്ല പെരുമാറ്റവു മൊക്കെ കാണുവാൻ സാധിക്കുന്നത്.

തമിഴ്നാട്ടിലെ മിക്കവാറും എല്ലാ മെയിൻ റോഡുകളും വളരെ നല്ല കണ്ടീഷനിലുള്ളവയാണ്. സമനിരപ്പു ഭൂമിയായതിനാലാണ് റോഡുകൾ വളവുകളില്ലാതെ അങ്ങനെ കിടക്കുന്നത്. മഴ വളരെ കുറവായതിനാൽ അത്ര പെട്ടെന്ന് നശിക്കുന്നുമില്ല. 80 കിലോമീറ്റർ വേഗതിയിൽ വണ്ടി പായിച്ചു പോകാൻ യോഗ്യമെങ്കിലും അങ്ങനെ പായിച്ചുപോകാമെന്ന് കരുതണ്ട്. ഇടയ്ക്ക് 'ബ്രേക്ക് ചെക്കർ' മാരുണ്ടാകും. പാഞ്ഞു വരുന്ന വണ്ടിയ്ക്ക് ബ്രേക്ക് ഉണ്ടോ എന്നു ചെക്ക് ചെയ്യുകയാണിവരുടെ ജോലി. ഈ ജോലി ഇക്കൂട്ടർ സ്വമേധയാ ഏറ്റെടുത്തതാണ്. ജോലിയ്ക്ക് യാതൊരു പ്രതിഫലവുമില്ല. ഇത്രയും നല്ല മനസ്സുള്ളവർ മനുഷ്യരല്ല എന്നോർക്കണം. പശുവും കാളയും എരുമയും പോത്തും ആട്ടിൻകൂട്ടങ്ങളുമൊക്കെയാണ് ഈ ബ്രേക്ക് ചെക്കേഴ്സ്. റോഡിന്റെ നടുക്ക് പശുക്കൾ വന്നു നിൽക്കുകയോ കിടക്കുകയോ ഒക്കെ ചെയ്തെന്നു വരാം. വേണമെന്നുണ്ടെങ്കിൽ വണ്ടി മാറ്റിക്കൊണ്ടു പോകാം. ബൈബിളിൽ പറയുന്നതു പോലെയുള്ള ധാരാളം ആട്ടിടയന്മാരെ ഇവിടെ കാണാം. അഞ്ഞൂറും ആയിരവും ആടുകളെ ഒരുമിച്ച് മേയിച്ചുകൊണ്ടു നടക്കുന്ന ഇവർ ഇടയ്ക്ക് ആട്ടിൻപറ്റങ്ങളുമായി റോഡ് ക്രോസ് ചെയ്യും. അപ്പോൾ വാഹനങ്ങൾ സ്വാഭാവികമായും നിർത്തിക്കൊടുക്കും.

എന്റെ ഓഫീസ് തമിഴ്നാട്ടിലെ നല്ല സിറ്റി കൾച്ചർ ഉള്ള തിരുനെൽവേലി നഗരത്തിലെ 'പാളയംകോട്ട' യിലായിരുന്നു. സാമൂഹ്യമായി വളരെ ഉന്നതിയിൽ ഉള്ള ഒരു പ്രദേശമാണിത്. വിദ്യാഭ്യാസ സ്ഥാപനങ്ങളും ഓഫീസുകളും ക്വാർട്ടേഴ്സുകളും നല്ല വീടുകളും ഒക്കെക്കൊണ്ട് നിറഞ്ഞിരിക്കുന്ന ഒരു പുതിയ planned area. ഇവിടുത്തെ റോഡുകളിൽ പോലും കന്നുകാലികൾ കിടന്നുറങ്ങുക പതിവാണ്. രാത്രിയിൽ ആട്ടിൻപറ്റങ്ങൾ ഒരു കൂട്ടമായും കന്നുകാലികൾ മറ്റൊരു കൂട്ടമായും റോഡ് സൈഡിൽ വിശ്രമിക്കും. നേരം വെളുക്കുമ്പോൾ മേയാനായ് പോവുകയും ചെയ്യും. കൃഷിയാവശ്യത്തിന് ജോലി ചെയ്യിച്ച് വയ്യാതാകുമ്പോൾ അല്ലെങ്കിൽ മുതുക്കാകുമ്പോൾ മൃഗങ്ങളെ കേരളത്തിലേയ്ക്കു ലോറിയിൽ കയറ്റി അയയ്ക്കും. 15 കാളകളെ കൊള്ളുന്ന ലോറിയിൽ 45 കാളകളെ അട്ടിയടുക്കിക്കൊണ്ടുവരും. വളരെ ദയനീയവും ഭയാനകവുമായ ഈ കാഴ്ച മനഃസാക്ഷിയുള്ള ആരുടെയും കരളലിയിക്കും. പുനലൂർ-തെങ്കാശി നാഷണൽ ഹൈവേയിൽ ഈ കാഴ്ച എനിയ്ക്ക് എല്ലാ ആഴ്ചയും കാണേണ്ടിവന്ന ഗതികേടുണ്ടായി. നിയമപരമായി ഈ പീഢനം പാടില്ല എങ്കിലും ഇത് പതിവ് കാഴ്ചയാണ്. ഇങ്ങനെ പകുതികൊന്ന മൃഗങ്ങളെ കേരളത്തിലെ ഓരോ ഗ്രാമത്തിലുമിറക്കി കശാപ്പു ചെയ്ത് മലയാളികൾ ശാപ്പിടുന്നു. ആമാശയ രോഗങ്ങളും എന്തിനേറെ കാൻസർ വരെ മലയാളിക്കു കൂടാൻ ഒരു കാരണമിതാണ്.

തമിഴ്നാട്ടിൽ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട കാഴ്ചകളാണ് ഗ്രാമപ്രദേശങ്ങളിൽ കാണാൻ സാധിക്കുന്നത്. ഈ കാഴ്ചയ്ക്കു പകരമായി കേരളത്തിൽ കാണുന്നത് ബുൾഡോസറുകളും ടിപ്പർ ലോറികളും കുന്നിനെ നിരപ്പാക്കിയെടുക്കുന്ന കാഴ്ചകളും റോഡുകൾ നിറയെ വാഹനങ്ങളും എല്ലായിടവും കോൺക്രീറ്റ് വീടുകൾ പണിതുയർത്തുന്ന കാഴ്ചകളും പാറലോറികളുടെയും മണൽലോറികളുടെയും പരക്കം പാച്ചിലും മണ്ണ് കയറ്റിക്കൊണ്ടുള്ള ടിപ്പർ ലോറികളുടെ മരണപ്പാച്ചിലും സിമന്റും ഇരുമ്പും ഇഷ്ടികയും കയറ്റിയിറക്കുന്നതും ഒക്കെയാണ്. കേരളത്തിന്റെ പ്രകൃതി മരിച്ചുകൊണ്ടിരിക്കുന്നു. തമിഴ്നാട് പതുക്കെ സസ്യസമൃദ്ധമായിക്കൊണ്ടേയിരിക്കുന്നു. മഴ വളരെ കുറവുള്ള ഈ നാട്ടിലെ തരിശു ഭൂമികളിൽ വരെ മരം വച്ച് പിടിപ്പിച്ചു വരുന്നു. കേരളീയർ ഉള്ള മരം വെട്ടി നശിപ്പിച്ചുകൊണ്ടിരിക്കുന്നു.

(തുടരും...)

*ലേഖകൻ തമിഴ്നാട്ടിൽ ഫീൽഡ് പബ്ലിസിറ്റി ആഫീസറായിരുന്നു. ഇപ്പോൾ തിരുവനന്തപുരം ആകാശവാണിയിൽ ന്യൂസ് എഡിറ്ററാണ്*

(15 - ാം പേജിന്റെ തുടർച്ച)

സ്ത്രീകൾ നേരിടുന്ന വിവേചനവും പീഢനങ്ങളും അവസാനിപ്പിക്കുന്നതിന് പ്രാദേശിക ഭരണ സ്ഥാപനങ്ങൾ പ്രത്യേക സംഘടനാ സംവിധാനങ്ങൾ രൂപപ്പെടുത്തി പ്രവർത്തനക്ഷമമാക്കണം. സംസ്ഥാന സർക്കാർ മുൻകൈ എടുത്ത് രൂപം നൽകിയ ജാഗ്രതാ സമിതികൾ ഉൾപ്പെടെയുള്ള അവകാശ പരിരക്ഷണ സംഘടനാ സംവിധാനങ്ങളെ സജീവമാക്കുന്നതിനും പ്രവർത്തനക്ഷമമാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയേണ്ടതുണ്ട്. വനിതാ ഘടകപദ്ധതി രൂപീകരണവും നിർവ്വഹണവും സ്ത്രീകളുടെ സാമൂഹ്യസാമ്പത്തിക പദവി മെച്ചപ്പെടുത്തുന്നതിന് സഹായകമായ വിധത്തിൽ മുന്നോട്ട് കൊണ്ടുപോകേണ്ടതുണ്ട്. വികസന ഭരണത്തിന്റെ എല്ലാ മേഖലകളിലും സ്ത്രീപരിഗണന ഉറപ്പാക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. പ്രാദേശിക ഭരണവുമായി ബന്ധപ്പെട്ട ജനാധിപത്യവൽക്കരണ പരിശ്രമങ്ങളിൽ മുഖ്യമായ ഊന്നൽ ഇക്കാര്യത്തിൽ നല്കുന്നതിനുള്ള പരിശ്രമം പതിനൊന്നാം പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കണം. ഇതിനായി സ്ത്രീ പദവി പഠനം സാർവ്വത്രികമാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ വികസന പരിപ്രേക്ഷ്യം രൂപപ്പെടുത്തുകയും വേണം.

ചില സാമുദായിക വിഭാഗങ്ങളുടെ ഇടയിൽ സ്ത്രീകൾ നേരിടുന്ന വിവേചനം അവസാനിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തണം. സ്ത്രീകളെ ശാക്തീകരിക്കുന്നതിനുള്ള സംഘടനാ സംവിധാനങ്ങളെ കരുത്തുറ്റതാക്കി മാറ്റുന്നതിനുള്ള സഹായങ്ങൾ പ്രാദേശിക ഭരണ സംവിധാനം നല്കേണ്ടതാണ്.

**ഉദ്യോഗസ്ഥരെ സാമൂഹ്യമാറ്റത്തിന് സജ്ജരാക്കുക**

സാമൂഹ്യ പരിവർത്തനത്തിന് ഉദ്യോഗസ്ഥരെ പ്രാപ്തമാക്കുന്നതിലാണ് അധികാരവികേന്ദ്രീകരണത്തിന്റെ വിജയം. വികസന ഭരണത്തിൽ ക്രിയാത്മകമായി ഇടപെടുന്നതിനും ശാസ്ത്രീയമായി വികസന പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിനും പ്രശ്നപരിഹാരത്തിനാവശ്യമായ പോംവഴികൾ ആരായുന്നതിനും ഏറ്റവും ഫലപ്രദമായി പരിഹാര മാർഗങ്ങൾ തിരഞ്ഞെടുക്കുന്നതിന് കഴിയും വിധം ഉദ്യോഗസ്ഥരെ സജ്ജമാക്കുക എന്നതാണ് സ്വീകരിക്കേണ്ട സമീപനം. ഉദ്യോഗസ്ഥരുടെ സർഗ്ഗശേഷിയും സന്നദ്ധതയും ക്രിയാത്മകമായ നേതൃത്വവും പ്രയോജനപ്പെടുത്തുന്നതിന് സഹായകമായ അന്തരീക്ഷവും പ്രവർത്തന സംസ്കാരവും വളർത്തുന്നതിന് ഭരണ നേതൃത്വം ബോധപൂർവ്വമായ പരിശ്രമങ്ങൾ നടത്തേണ്ടതാണ്. വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുന്ന ഘട്ടത്തിലും നിർവ്വഹണത്തിലും ഉടനീളം നിരന്തരമായ കൂടിയാലോചനകൾ നടത്തുന്നതിന് ജനപ്രതിനിധികൾക്ക് കഴിയണം. വികസന നയരൂപീകരണത്തിനാവശ്യമായ പ്രൊഫഷണൽ വൈദഗ്ദ്ധ്യവും പിന്തുണയും നല്കുന്നതിന് ഉദ്യോഗസ്ഥർക്കും കഴിയേണ്ടതുണ്ട്. അതോടൊപ്പം വികസന നയരൂപീകരണത്തിൽ ഉദ്യോഗസ്ഥരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനാവശ്യമായ മനോഭാവം ജനപ്രതിനിധികൾ പുലർത്തുകയും ഇതിന് സഹായകമായ അന്തരീക്ഷവും അവസരങ്ങളും ഉദ്യോഗസ്ഥർക്ക് നല്കുകയും വേണം. ജനപ്രതിനിധികൾക്ക് വികസന നയരൂപീകരണത്തിലുള്ള മുൻകൈ അംഗീകരിക്കുന്നതിന് ഉദ്യോഗസ്ഥർ തയ്യാറാവേണ്ടതുണ്ട്. വികസന നയത്തെ പരിപാടികളും പ്രോജക്ടുകളുമായി പരിവർത്തനപ്പെടുത്തുന്നതിന് ഉദ്യോഗസ്ഥരുടെ സഹായം അത്യന്താപേക്ഷിതമാണ്.

ഉദ്യോഗസ്ഥരുടെ സഹായത്തോടെയും അവരെ പങ്കാളികളാക്കിക്കൊണ്ടും നയരൂപീകരണം നടത്തുന്നതിന് ജനപ്രതിനിധികൾ ശ്രദ്ധിക്കേണ്ടതാണ്. ഇതിനാവശ്യമായ കാര്യപ്രാപ്തി കൈവരിക്കുന്നതിന് പ്രാദേശിക ഭരണ നേതൃത്വത്തിന് കഴിയണം. ലഭിക്കുന്ന വിഭവങ്ങളുടെ വിനിയോഗത്തിനപ്പുറം വിഭവ വിനിയോഗത്തിലൂടെ കൈവരിക്കേണ്ട സാമൂഹ്യ നേട്ടങ്ങളെ സംബന്ധിച്ചും ആർജ്ജിക്കേണ്ട മാറ്റങ്ങളെ സംബന്ധിച്ചും ശാസ്ത്രീയമായ വീക്ഷണം പ്രാദേശിക ഭരണ നേതൃത്വത്തിനുണ്ടാകേണ്ടതുണ്ട്.

വികസന ഭരണ നിർവ്വഹണത്തിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും പ്രത്യേകിച്ച് ദരിദ്രജനവിഭാഗങ്ങളുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാവശ്യമായ പ്രത്യേക പരിശ്രമങ്ങൾ രൂപപ്പെടുത്താനും ഉദ്യോഗസ്ഥർക്ക് കഴിയണം. വികസനത്തിനുള്ള ഉപാധിയായി ഭരണ നിർവ്വഹണം മാറണം. കാര്യക്ഷമമായ ഭരണ നിർവ്വഹണ സംവിധാനം വളർത്തികൊണ്ടുമാത്രമേ ഫലപ്രദവും കാര്യക്ഷമവുമായ വികസന പ്രവർത്തനം ഏറ്റെടുക്കാനാവൂ. പൊതുസേവന സംവിധാനങ്ങൾ കാര്യക്ഷമമാക്കി ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനാവശ്യമായ ശേഷിയിലേയ്ക്ക് ഉദ്യോഗസ്ഥരെ മാറ്റുക എന്നതാണ് അടിയന്തര കടമ. ഇതിനുള്ള പരിശ്രമങ്ങൾക്ക് തുടക്കം കുറിക്കണം.

**ഉയർന്ന മാനേജ്മെന്റ് വൈദഗ്ദ്ധ്യത്തിലേക്ക്**

അധികാരവികേന്ദ്രീകരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉയർന്ന മാനേജ്മെന്റ് വൈദഗ്ദ്ധ്യം ആവശ്യപ്പെടുന്നു. സ്ഥപനങ്ങളുടെയും സംഘടനകളുടെയും പ്രവർത്തനമികവിന് ഉയർന്ന മാനേജ്മെന്റ് വൈദഗ്ദ്ധ്യം ആർജ്ജിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. മെച്ചപ്പെട്ട മനുഷ്യബന്ധം പ്രാദേശിക ഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ വിഭാഗങ്ങൾ തമ്മിൽ വളർത്തി എടുക്കണം. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും തമ്മിലുള്ള പരസ്പര ധാരണയും വിശ്വാസവും ശക്തിപ്പെടുത്തിക്കൊണ്ട് മാത്രമേ യോജിച്ച പ്രവർത്തനം ഉറപ്പാക്കാനാവുകയുള്ളൂ. അതോടൊപ്പം തന്നെ ജനങ്ങളും പ്രാദേശിക ഭരണ സംവിധാനവും തമ്മിലുള്ള പരസ്പര ധാരണയും വിശ്വാസവും ശക്തിപ്പെടുത്തുകയും വേണം. ജനങ്ങളുമായുള്ള ആശയവിനിമയ വിവര വിനിമയ സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തണം. ഉയർന്ന ഭരണമാനേജ്മെന്റിലേക്ക് പോകുന്നതിന് താഴെപ്പറയുന്ന ഉപാധികൾ സ്വീകരിക്കുന്നത് അഭിലഷണീയമാണ്.

- ഉദ്യോഗസ്ഥരുടെയും ജീവനക്കാരെയും പ്രചോദിപ്പിക്കാൻ പ്രാദേശിക ഭരണ നേതൃത്വത്തിന് കഴിയണം. ഇതിന് സഹായകമായ നേതൃശേഷി ഭരണ നേതൃത്വം വികസിപ്പിച്ചെടുക്കേണ്ടതാണ്.
- ബ്യൂറോക്രാറ്റിക് മനോഭാവത്തിൽ നിന്നും വിമോചിതമാകുന്നതിനും അനൗപചാരികവും സൗഹൃദപരവുമായ ബന്ധം വളർത്തിയെടുക്കുന്നതിനും ഉദ്യോഗസ്ഥരും ജീവനക്കാരും ശ്രദ്ധിക്കേണ്ടതാണ്. പങ്കാളിത്ത ആസൂത്രണ വികസനത്തിന് ഇത്തരമൊരു അനൗപചാരികവും ഹൃദ്യവുമായ ബന്ധം അത്യന്താപേക്ഷിതമാണ്.
- ഉദ്യോഗസ്ഥരും സ്ഥാപനങ്ങളും നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന് ശ്രമിക്കുകയും അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ യഥാസമയം സ്വീകരിക്കുന്നതിനും ജനപ്രതിനിധികൾക്കും ഭരണനേതൃത്വത്തിനും കഴിയണം. ഉദ്യോഗസ്ഥരുടെ സേവന സന്നദ്ധതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് ഇതിടയാക്കും.
- ജനപ്രതിനിധികളും ഉദ്യോഗസ്ഥൻമാരും തമ്മിൽ മെച്ചപ്പെട്ട ബന്ധം വളർത്തിയെടുക്കുകയും പരസ്പര സഹകരണവും ധാരണയും രൂപപ്പെടുത്തുകയും ചെയ്യുക.

പോരായ്മകൾ ബോധ്യപ്പെടുത്തി പരിഹാര നിർദ്ദേശങ്ങൾ നല്കി കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കി ഉയർന്ന പ്രവർത്തന മികവ് കൈവരിക്കുക എന്ന മാനേജ്മെന്റ് തന്ത്രമാണ് ജനപ്രതിനിധികളും ഭരണ നേതൃത്വവും ഉദ്യോഗസ്ഥ രും സ്വീകരിക്കേണ്ടത്. പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും ചൂണ്ടികാണിക്കുന്നതിനും പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടു വെയ്ക്കുന്നതിനും കഴിയുന്ന തുറന്ന അന്തരീക്ഷവും സ്വാതന്ത്ര്യവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ വളർത്തി എടുക്കണം.

**വ്യക്തിപരമായ പ്രശ്നങ്ങൾ തിരിച്ചറിയാനും പരിഹാരത്തിനുമാവശ്യമായ സഹായം**

ഔദ്യോഗിക കൃത്യനിർവ്വഹണത്തിലും കാര്യക്ഷമതയോടെ ചുമതലകൾ നിർവ്വഹിക്കുന്നതിലും ഒട്ടുവളരെ പ്രശ്നങ്ങൾ ഉദ്യോഗസ്ഥർ നേരിടാനിടയുണ്ട്. അവയിൽ പലതും ഭരണസംവിധാനത്തിന്റെ തന്നെ സഹജമായ പരിമിതികളും പ്രശ്നങ്ങളുമാകാം. ഇത്തരം പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാര നിർദ്ദേശങ്ങൾ കൂട്ടായി രൂപപ്പെടുത്തുന്നതിനും സഹായകമായ അന്തരീക്ഷം പ്രാദേശിക ഭരണ സ്ഥാപനങ്ങളിൽ വളർത്തി എടുക്കേണ്ടതാണ്. ഉദ്യോഗസ്ഥരും ജീവനക്കാരും നേരിടുന്ന പ്രശ്നങ്ങൾ ഒരു പക്ഷെ വ്യക്തിപരമായവ ആണെങ്കിൽ കൂടി ഭരണ നേതൃത്വത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സഹായകമായ സൗഹൃദാന്തരീക്ഷവും ബന്ധവും വളർത്തി എടുക്കേണ്ടതുണ്ട്. ഭയത്തിന്റെയും നടപടിക്രമത്തിന്റെയും ദൃഢതയ്ക്കപ്പുറം സൗഹൃദത്തിന്റെയും ഉത്തരവാദിത്വബോധത്തിന്റെയും അന്തരീക്ഷം സൃഷ്ടിക്കുകയും അതുവഴി ഉയർന്ന കാര്യക്ഷമതയിലേയ്ക്കും ഉദ്യോഗസ്ഥരെ നയിക്കുക എന്നതായിരിക്കണം സ്വീകരിക്കേണ്ട സമീപനം. ഇതിന് സഹായകമായ മുൻകൈ ജനപ്രതിനിധികളുടെയും ഭരണ നേതൃത്വത്തിന്റെയും ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ഉദ്യോഗസ്ഥരുടെ വീഴ്ചകൾ യഥാസമയം ചൂണ്ടികാണിക്കുന്നതിനും അവ എങ്ങിനെ പരിഹരിക്കണമെന്ന് നിർദ്ദേശിക്കുന്നതിനുമുള്ള ശേഷിയിലേക്ക് ജന പ്രതിനിധികൾ ഉയരേണ്ടതാണ്. അനുകരണീയമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നവരെയും ശുഷ്കാന്തിയോടെ ചുമതലകൾ നിർവ്വഹിക്കുന്നവരുമായ ഉദ്യോഗസ്ഥരെ അഭിനന്ദിക്കുന്നതിനുള്ള അവസരങ്ങൾ ജനപ്രതിനിധികൾ പ്രയോജനപ്പെടുത്തുകയും വേണം. കൈവരിക്കേണ്ട നേട്ടങ്ങളെ സംബന്ധിച്ച വീക്ഷണം രൂപപ്പെടുത്തി പൊതുലക്ഷ്യങ്ങൾ ആർജ്ജിക്കുന്നതിന് സഹായകമായ ടീം പ്രവർത്തനം കൂട്ടായി രൂപപ്പെടുത്തുകയാണെങ്കിൽ പ്രാദേശിക ഭരണ നിർവ്വഹണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ സഹായിക്കും. ഇത്തരം പരസ്പര ബഹുമാനവും ടീം മനോഭാവവും വളർത്തുന്നതിന് പതിനൊന്നാം പദ്ധതിക്കാലത്ത് ക്രിയാത്മകമായ നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകണം.

**ഉപസംഹാരം**

അധികാരവികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും ഒരു വ്യാഴവട്ടക്കാലത്തെ അനുഭവങ്ങളുമായാണ് നാം പതിനൊന്നം പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. കേന്ദ്രീകൃതാസൂത്രണത്തിലും കേന്ദ്രീകൃത ഭരണനിർവ്വഹണത്തിലും നിലനിന്നിരുന്ന വൈകല്യങ്ങളും ദൗർബല്യങ്ങളും പരിഹരിക്കുന്നതിനും പുതിയൊരു പ്രവർത്തനശൈലിയും ഭരണ സംസ്കാരവും സ്വീകരിച്ച് മുന്നോട്ട് പോകുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പതിനൊന്നാം പദ്ധതിയിൽ കഴിഞ്ഞേ മതിയാകൂ. ജനങ്ങളോട് കൂടുതൽ ഉത്തരവാദിത്വപ്പെട്ടുകൊണ്ടും അവരുടെ പ്രശ്നങ്ങൾ കണക്കിലെടുത്തുകൊണ്ടും മുൻഗണനകൾ പരിഗണിച്ചുകൊണ്ടുമുള്ള വികസന തീരുമാനങ്ങൾ എടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഭരണ നേതൃത്വം പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാനപങ്ങളിലെയും കൈമാറിക്കിട്ടിയ വിവിധ ഘടകസ്ഥാപനങ്ങളിലെയും ഉദ്യോഗസ്ഥരെ വിശ്വാസത്തിലെടുത്തുകൊണ്ടും അവരുടെ പ്രൊഫഷണൽ സാങ്കേതിക വൈദഗ്ധ്യം പ്രയോജനപ്പെടുത്തിക്കൊണ്ടും വികസന ഭരണം മുന്നോട്ടു കൊണ്ടുപോകുന്നതിനുള്ള നേതൃത്വം ജനപ്രതിനിധികൾ നല്കണം. മുഴുവൻ ജനപ്രതിനിധികളെയും ദൈനംദിന ഭരണ നിർവ്വഹണത്തിലും വികസന ഭരണ പ്രവർത്തനങ്ങളിലും പങ്കാളികളാക്കുന്നതിനും കൂട്ടായ പരിശ്രമങ്ങൾ വളർത്തി എടുക്കേണ്ടതാണ്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്നതാണ് ജനപ്രതിനിധികളെ ഭരണ നിർവ്വഹണത്തിൽ പങ്കാളികളാക്കുന്നതിനുള്ള ഫലപ്രദമായ നടപടി. വികസന ഭരണത്തിന് ശരിയായ ദിശാബോധം നൽകുന്നതിന് സഹായകമായ നയവും വികസന തന്ത്രവും പരിപാടിയും തയ്യാറാക്കി ജനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കുന്നതിനുള്ള പരിശ്രമങ്ങൾ പതിനൊന്നാം പദ്ധതിയുടെ ഭാഗമായി നടത്തണം. പ്രാദേശിക സമ്പദ്വ്യവസ്ഥ ശക്തമാക്കുന്നതിനും സാമൂഹ്യനീതി നിഷേധിക്കപ്പെട്ട ജനവിഭാഗങ്ങളുടെയും ദാരിദ്ര്യമനുഭവിക്കുന്നവരുടെയും ജീവിത ദുരിതങ്ങൾക്ക് പരിഹാരം കാണുന്നതിനും, പ്രകൃതി വിഭവങ്ങൾ പരിരക്ഷിക്കുന്നതിനും സ്ത്രീ നീതിയിൽ അധിഷ്ഠിതമായ വികസന ഭരണ ക്രമവും വികസന സംസ്കാരവും വളർത്തി എടുക്കുന്നതിനും പതിനൊന്നാം പദ്ധതിയിൽ ഊന്നൽ നൽകേണ്ടതാണ്. അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും വളർത്തിയെടുക്കാൻ ശ്രമിച്ച ജനാധിപത്യവത്കരണ പ്രക്രിയയെ ശക്തിപ്പെടുത്തി പ്രാദേശിക ഭരണ സംവിധാനത്തെ ജനങ്ങളോട് ഉത്തരവാദിത്വപ്പെട്ട് പ്രവർത്തിക്കാൻ സജ്ജമാക്കുകയും അതുവഴി ജനങ്ങളുടെ വിശ്വാസ്യത ആർജ്ജിക്കുന്നതിന് കഴിയുകയെന്നതുമാകണം തുടർന്നങ്ങോട്ടുള്ള ലക്ഷ്യവും രീതി സമ്പ്രദായവും. ഇതിന് സഹായകമായ പുതിയ പരീക്ഷണങ്ങളും നൂതനമായ പ്രവർത്തന പരിപാടിയും ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളും പതിനൊന്നാം പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കേണ്ടതാണ്.

---

*ലേഖകൻ*
*കില ഡയറക്ടറാണ്*

## സദ്ഭരണത്തിന്റെ നാൾവഴികൾ

(11 - ാം പേജിന്റെ തുടർച്ച)

ക്കണം എന്ന് തീരുമാനിച്ചതിന്റെ പശ്ചാത്തലത്തിൽ ഈ പ്രവർത്തനങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. നദീതടങ്ങളെ ഉപനദീതടങ്ങളും നീർത്തടങ്ങളുമായി വർഗ്ഗീകരിച്ച് അവിടെ ഏറ്റെടുക്കേണ്ട സ്ഥല ജല ജൈവ മാനേജ്മെന്റ് നടപടികൾക്ക് ജനപങ്കാളിത്തത്തോടെ മുൻഗണനാക്രമം നിശ്ചയിക്കുന്ന ഒരു പ്രവർത്തന രീതിയിലേക്ക് നമുക്ക് മുന്നേറാനാകണം. അതിരുവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളെ ഉൾപ്പെടുത്തുന്നതിനും പൊതു ഭൂമി സംരക്ഷിക്കുന്നതിനും ജൈവ വൈവിധ്യ വർദ്ധനവിനും പരിസ്ഥിതി പുനരുദ്ധാരണത്തിനും പരമ്പരാഗത കാർ ഷിക രീതികളുടെയും ജലസേചന രീതികളുടെയും പുനഃസംഘടനയ്ക്കും ഭക്ഷ്യസുരക്ഷ ജല സുരക്ഷ എന്നിവ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്കും ഈ മേഖലയിൽ പ്രാധാന്യം നൽകേണ്ടതുണ്ട്. നദീതടങ്ങളുടെ ഭൂവിനിയോഗം വ്യത്യസ്ത പ്രദേശങ്ങളുടെ പരിസ്ഥിതി ശോഷണത്തിന്റെ തോത് എന്നിവ വിശദമായി രേഖപ്പെടുത്തുകയും ജനകീയ ചർച്ചകളിലൂടെ സമവായത്തിലെത്തുന്ന ഇടപെടൽ പരിപാടികൾ വ്യക്തമാക്കുകയും ചെയ്യുന്ന മാപ്പുകളായിരിക്കും തയ്യാറാക്കേണ്ടത്.

വൈദ്യുത ശൃംഖലാ ഭൂപടങ്ങൾ തയ്യാറാക്കുന്നതിനുള്ള വിശദമായ പരിപാടി സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷനും അനെർട്ടും തയ്യാറാക്കിയിട്ടുണ്ട്. ലാൻഡ് യൂസ് ബോർഡിന്റെ നേതൃത്വത്തിലാണ് ഈ പ്രവർത്തനം നടക്കുന്നത്. ഐ.കെ.എം. പഞ്ചായത്തുകൾക്ക് വേണ്ടി തയ്യാറാക്കിയിട്ടുള്ള കരട് ഭൂപടങ്ങളാണ് അടിസ്ഥാന മാപ്പായി ഉപയോഗിക്കുന്നത്. ഇവ പരിശോധിച്ച് ഡിജിറ്റൈസേഷനിലെ പോരായ്മകൾ തിരുത്തുകയും വാർഡ് അതിരുകളുടെ ചിത്രീകരണത്തിലെ അപാകതകൾ പരിഹരിക്കുകയും റോഡുകളും ഭൗമ സൂചകങ്ങളും കൂട്ടിച്ചേർത്ത് സമ്പുഷ്ടമാക്കുകയും ചെയ്ത ശേഷമാണ് വൈദ്യുതി ശൃംഖലാ മാപ്പിംഗ് ആരംഭിക്കുക. വൈദ്യുതി ബോർഡ് നിശ്ചയിച്ചു തന്നിട്ടുള്ള ആസ്തി പട്ടിക പ്രകാരമാണ് ശൃംഖലയിലെ വിവരങ്ങൾ രേഖപ്പെടുത്തുന്നത്. മാപ്പിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന് കണിശമായ ഗുണനിലവാര നിയന്ത്രണ സംവിധാനങ്ങളും ഈ ഭൂപട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മൂന്ന് പഞ്ചായത്തുകളിൽ കഡസ്ട്രൽ മാപ്പ് ഉപയോഗിച്ചു കൊണ്ട് വികസിപ്പിച്ചെടുത്ത കെട്ടിട മാപ്പിംഗ് സമ്പ്രദായവും, quick bird എന്ന സാറ്റ്ലൈറ്റ് ഇമേജറിയും കൂടി ഉപയോഗപ്പെടുത്തി കൊണ്ട്, കെ.എസ്.യു.ഡി.പി.യുടെ നേതൃത്വത്തിൽ കോർപ്പറേഷനുകളിലെ കെട്ടിട മാപ്പ് നിർമ്മിക്കുവാനുള്ള പ്രവർത്തനം അതിവേഗം പുരോഗമിച്ചു വരുന്നു. വസ്തു നികുതി നിർണ്ണയവും കെട്ടിട ഭൂപടനിർമ്മാണവും ഏകോപിപ്പിക്കുന്നതിന് തളിക്കുളം, വെള്ളനാട് ഗ്രാമപഞ്ചായത്തുകളിൽ വികസിപ്പിച്ചെടുത്ത കെട്ടിട ഭൂപട നിർമ്മാണ രീതി കോർപ്പറേഷൻ പ്രദേശങ്ങളിലേയ്ക്ക് ഇതുവഴി വ്യാപിപ്പിക്കുകയാണ്.

സെന്റർ ഫോർ എർത്ത് സയൻസ് ആന്റ് സ്റ്റഡീസിന്റെ നേതൃത്വത്തിൽ (CESS) കേരളത്തിലെ ചെറുകിട ജല വൈദ്യുത സാധ്യതകൾ നിർണ്ണയിച്ച് ചിത്രീകരിക്കുന്നതിനുള്ള ഭൂപട നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കേരളത്തിലെ ഹൈറേഞ്ച് മേഖലയിലെ വെള്ളച്ചാട്ടങ്ങളും കുത്തനെയുള്ള ഇറക്കങ്ങളും ടോപ്പോ ഷീറ്റ് ഉപയോഗിച്ച് കണ്ടെത്തുകയും ഇവയുടെ വിശദമായ ഫീൽഡ് സർവ്വേ ജി.പി.എസ്സും, ടോട്ടൽ സ്റ്റേഷനും ഉപയോഗിച്ച് നടത്തുകയും ചെയ്യുന്ന ബൃഹത്തായ പരിപാടിയാണ് രൂപവൽക്കരണം ചെയ്തിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ചെറുകിട ജല വൈദ്യുത സാധ്യതകൾ വികസിപ്പിച്ചെടുക്കാനുള്ള ശ്രമങ്ങളിൽ ഈ ഭൂപട നിർമ്മാണ പദ്ധതിക്ക് നിർണ്ണായകമായ സ്ഥാനമുണ്ടാകും.

### 3.0 പരിശീലനവും പൗരാവകാശ സംവിധാനവും ശക്തിപ്പെടുത്തൽ

സദ്ഭരണ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിൽ പരിശീലനത്തിന്റെ പ്രാധാന്യം അനന്യമാണ്. ഇതിനായി കിലയുടെ നേതൃത്വത്തിൽ വിശദമായ പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. പ്രത്യേക വിഷയ മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള ഏജൻസികളെയും വ്യക്തികളെയും ഏകോപിപ്പിച്ചായിരിക്കും പരിശീലനം ചിട്ടപ്പെടുത്തുക. ജില്ലാതല സംസ്ഥാനതല പരിശീലന അഡ്വൈസറി കമ്മിറ്റികൾ ഇതിനകം തന്നെ രൂപം കൊണ്ടു കഴിഞ്ഞു. സദ്ഭരണം ഉറപ്പു വരുത്താനുള്ള ഭൗതിക സാഹചര്യങ്ങൾ, നടപടിക്രമങ്ങളുടെ ലഘൂകരണം, വിവര വ്യൂഹങ്ങളുടെ സൃഷ്ടി, സംഘാടനം, പരിശീലനം തുടർ പ്രവർത്തനം തുടങ്ങിയവ കണ്ണി ചേർന്ന് ഒരു ക്യാമ്പയിൻ രൂപത്തിൽ മുന്നോട്ടു പോകാനാണ് ഉദ്ദേശിക്കുന്നത്. ഈ ക്യാമ്പയിനിലൂടെ സൃഷ്ടിക്കപ്പെടുന്ന പൗരാവകാശ സംവിധാനങ്ങളും പ്രവർത്തന സുതാര്യതയും, ഭരണ സംവിധാനത്തിന്റെ ചടുലതയ്ക്കും കാര്യക്ഷമതയ്ക്കും അടിസ്ഥാനമായി മാറത്തക്കവണ്ണം പ്രായോഗിക പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. പദ്ധതി വിവരവ്യൂഹം സൃഷ്ടിക്കുന്ന പ്രവർത്തനത്തിൽ വിപുലമായ വൈദഗ്ദ്ധ്യം സമാഹരിക്കാനായതു പോലെ സദ്ഭരണം കരുപിടിപ്പിക്കുന്നതിനും വ്യത്യസ്ത വിഷയ മേഖലകളിൽ സവിശേഷമായ വൈദഗ്ദ്ധ്യമുള്ളവരെ സംയോജിപ്പിക്കാൻ നമുക്ക് കഴിയണം. എൻ.ഐ.സി, കുടുംബശ്രീ, ലാൻഡ് യൂസ് ബോർഡ്, സെസ്സ്, അനെർട്ട്, ടി.ഇ.എസ്.എം തുടങ്ങിയ വ്യത്യസ്ത ഏജൻസികളെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സദ്ഭരണവുമായി ബന്ധപ്പെട്ട വ്യത്യസ്ത മേഖലകളിൽ ഒരുമിപ്പിക്കാനായത് തദ്ദേശസ്വയംഭരണവകുപ്പിന്റെ സദ്ഭരണത്തിന്റെ പക്വതയാണ് കാണിക്കുന്നത്.

സെൻകമ്മറ്റിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത്-നഗരപാലികാ നിയമങ്ങൾ പുതുക്കുകയും ജനകീയാസൂത്രണപരിപാടിയിലൂടെ വികേന്ദ്രീകൃത പദ്ധതി നിർവ്വഹണത്തിനു മാതൃകയാവുകയും ചെയ്ത സംസ്ഥാനമാണ് കേരളം. പദ്ധതിപ്രവർത്തനങ്ങളുടെ കാര്യക്ഷമതയും ഫലപ്രാപ്തിയും വർദ്ധിപ്പിക്കുന്നതിന് ഈ നടപടികളിലൂടെ കഴിഞ്ഞു. എന്നാൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങളുടെ പ്രവർത്തന പുനസംഘടനയ്ക്കും സേവന ദായക സംവിധാനങ്ങളുടെ മെച്ചപ്പെടുത്തലിനുമായി സെൻ കമ്മിറ്റി മുന്നോട്ടുവച്ച നിർദ്ദേശങ്ങളും വിവിധ വകുപ്പുകളുടെ പ്രവർത്തന കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ രൂപീകരിച്ചിട്ടുള്ള നിർദ്ദേശങ്ങളും കൂടി ഇനിയും പരിഗണിക്കപ്പെടേണ്ടതായുണ്ട്. സെൻ കമ്മറ്റിയുടെയും അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് നടപടിക്രമങ്ങളുടെ ലഘൂകരണത്തിനുള്ള പ്രവർത്തനങ്ങൾ കൂടി ഏറ്റെടുത്തു നടപ്പാക്കപ്പെടുമ്പോഴേ സദ്ഭരണശ്രമങ്ങൾ ഇനിയും കൂടുതൽ ജനകീയവും ജനോപകാരപ്രദവുമാവുകയുള്ളു.

*ലേഖകൻ*
*ഐ.കെ.എം. വൈസ് ചെയർമാനും*
*ചീഫ് ഇൻഫർമാറ്റിക്സ് ഓഫീസറുമാണ്.*





## സിമന്റിനും സ്റ്റീലിനും മാർക്കറ്റ് നിരക്ക്

**GOVERNMENT OF KERALA**

Local Self Government Department-Public Works taken up by Local Governments-providing market rates for cement and steel-Orders issued.

**Local Self Government (DA) Department**

GO(MS) No. 14/2008/LSGD
Dated, Thiruvananthapuram, 15-1-2008

Read:1. G.O.(MS) 228/07/LSGD
Dated, Thiruvananthapuram, 5-10-2007
2. G.O.(MS) No.289/2007/LSGD
Dated, Thiruvananthapuram, 22-12-2007
3. G.O.(MS) No.1/2008/LSGD
Dated, Thiruvananthapuram, 01/01/08
4. Note No. 2963/Dev.3/08/Finance dated 14.1.2008.

**ORDER**

As per Government Orders read above, Local Governments have been allowed to meet the market rate of bitumen supplied by public sector units as on the date of tender for road works involving use of bitumen. During discussions with chairpersons of DPC and representatives of different Local Government Associations held on 27th December it was pointed out that a similar provision needs to be made in respect of cement and steel in view of the increase in cost of these materials over and the rates included in the 2007 Schedule of Rates of the Public Works Department and in view of the fact that Local Governments are not allowed to pay tender excess.

Government have examined the matter and are pleased to issue the following orders with the concurrence of the Finance Department.

1. Market rate of cement as fixed by Malabar Cements Ltd., Palakkad and market rate of steel as fixed by Steel Authority of India Ltd., (SAIL), as on the date of tender would be adopted by Local Governments for the purpose of estimates.

2. In respect of works for which estimates have already been prepared and/or the works tendered but the contract not yet finalised, Local Governments are permitted to meet the difference of cost between the 2007 PWD Schedule of Rates of cement and steel and the market rates as indicated above or meet the tender excess which is lower.

By Order of the Governor

**S.M. Vijayanand**

Principal Secretary to Government

*(PNS)*

## കെട്ടിട നിർമ്മാണം ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച്

**കേരള സർക്കാർ**

നമ്പർ/74169/ആർ.ഡി.2/07/തസ്വഭവ
തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പ്
തിരുവനന്തപുരം, തീയതി: 03-01-2008

**സർക്കുലർ**

വിഷയം : കെട്ടിട നിർമ്മാണം-ഭൂമിയുടെ ഉടമസ്ഥത തെളിയിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. 20-06-2007ലെ 24136/ആർ.എ1/07/തസ്വഭവ. നമ്പരായുള്ള സർക്കുലർ
2. 25-07-2007ലെ 24136(1)ആർ.എ1/07/തസ്വഭവ. നമ്പരായുള്ള സർക്കുലർ

കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകൾ പഞ്ചായത്തുകളിൽ സമർപ്പിക്കുമ്പോൾ ഉടമസ്ഥത തെളിയിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കേണ്ടതാണെന്ന് സൂചന പ്രകാരം നിഷ്കർഷിച്ചിരുന്നു. എന്നാൽ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടും ഭവന നിർമ്മാണ സ്കീം അനുസരിച്ച് നിർമ്മാണം നടത്തുന്ന ഗുണഭോക്താക്കൾക്ക് പല പഞ്ചായത്തുകളിൽ നിന്നും പെർമിറ്റ് നൽകുന്നതിന് കാലതാമസം വരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് സർക്കാർ വളരെ ഗൗരവമായിട്ടാണ് കാണുന്നത്. കൂടാതെ, താഴെ പറയുന്ന കാര്യങ്ങൾ പാലിച്ചിരിക്കേണ്ടതുമാണ്.

1. സർക്കാരിന്റെയോ, പഞ്ചായത്തിന്റെയോ ഭവന നിർമ്മാണ സ്കീമനുസരിച്ച് വീട് നിർമ്മിക്കുന്നതിന് ഭവന വായ്പ ലഭിച്ചവർക്കും ദാരിദ്രരേഖയ്ക്ക് താഴെയുള്ളവർക്കും റവന്യൂ വകുപ്പിൽ നിന്നും ലഭിച്ച കൈവശാവകാശ രേഖയുള്ള പക്ഷം അവ പരിഗണിച്ച് 60 ച.മീറ്ററിൽ താഴെ പ്ലിന്ത് എരിയായിലുള്ള വീട് നിർമ്മിക്കുന്നതിന് നിർമ്മാണാനുമതി നൽകേണ്ടതാണ്.
2. പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് അവരുടെ പരമ്പരാഗതമായ സ്ഥലത്ത് നിർമ്മാണം നടത്തുമ്പോൾ കൈവശാവകാശ സർട്ടിഫിക്കറ്റ് ബാധകമാക്കേണ്ടതില്ല. പ്രസ്തുത നിർമ്മാണം നടത്തുന്നതിന് കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം ബാധകമാക്കുന്നതുവരെ പ്ലാൻ തയ്യാറാക്കി സമർപ്പിക്കേണ്ടതില്ല. നിർമ്മാണത്തെക്കുറിച്ചുള്ള വിവരങ്ങൾ 'മൂപ്പർ/കാണി' പഞ്ചായത്തിനെ അറിയിക്കേണ്ടതും, നിർമ്മാണങ്ങൾ സംബന്ധിച്ച വിവരങ്ങൾ സെക്രട്ടറിമാർ ശേഖരിച്ച് രേഖപ്പെടുത്തേണ്ടതുമാണ്. ടി സ്ഥലത്ത് പട്ടികവർഗ്ഗത്തിൽപ്പെട്ടവരെ ഉൾപ്പെടുത്തി മറ്റാരെങ്കിലും അപേക്ഷ സമർപ്പിച്ചാൽ നിർമ്മാണാനുമതി നൽകേണ്ടതുമില്ല.
3. 60 ച.മീറ്റർ വരെ പ്ലിന്ത് ഏരിയായുള്ള എല്ലാ വിഭാഗം വീടുകൾക്കും ലൈസൻസ്ഡ് എഞ്ചിനീയർ/സൂപ്പർവൈസർ തയ്യാറാക്കി സർട്ടിഫൈ ചെയ്ത പ്ലാനുകൾ സമർപ്പിക്കേണ്ടതില്ല. നിർമ്മാണം നടത്തുന്ന കെട്ടിടത്തിന്റെ ചുറ്റളവ് കാണിച്ചു കൊണ്ടുള്ള സ്കെച്ച് വരച്ച് സമർപ്പിച്ചാൽ മതിയാകും. കെട്ടിട നിർമ്മാണ ചട്ടങ്ങൾ നിർബന്ധമായും പാലിച്ചിരിക്കേണ്ടതാണ്.

**എസ്.എം. വിജയാനന്ദ്**

പ്രിൻസിപ്പൽ സെക്രട്ടറി

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*

# വാർത്തകൾ

വിശേഷങ്ങൾ

## തൊഴിൽ നികുതി നിയമ നടപടിക്ക് നിർദ്ദേശം

തൊഴിൽ നികുതി യഥാസമയം അടയ്ക്കാത്തവർക്കെതിരെ നിയമ നടപടിയടക്കം നടപടികൾ സ്വീകരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകി. സ്വയം ബില്ലെഴുതി ശമ്പളം വാങ്ങുന്ന ഗസറ്റഡ് ജീവനക്കാരുൾപ്പെടെയുള്ളവർ തൊഴിൽ നികുതി അടയ്ക്കുന്നതിൽ വീഴ്ചവരുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടതിനെ തുടർന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. തൊഴിൽ നികുതി പിരിക്കുന്നതിൽ പല തദ്ദേശഭരണ സ്ഥാപനങ്ങളും വീഴ്ച വരുത്തുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമ്പോൾ നിയമപ്രകാരം ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തുന്നത് അംഗീകരിക്കാൻ സാധിക്കില്ലെന്നും തദ്ദേശഭരണ പ്രിൻസിപ്പൽ സെക്രട്ടറി പുറത്തിറക്കിയ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.


## കച്ചവട സ്ഥാപനങ്ങൾക്കുള്ള ലൈസൻസ് പുതുക്കുന്നതിന് വ്യവസ്ഥകൾ കർശനമാക്കും

സർക്കാർ വ്യവസ്ഥകൾ പാലിക്കുന്ന കച്ചവടസ്ഥാപനങ്ങൾക്കു മാത്രം 2008-ലെ ലൈസൻസ് പുതുക്കി നൽകിയാൽ മതിയെന്ന് നഗരസഭയ്ക്കും പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകി. കടയും സ്ഥാപനവും സ്ഥിതിചെയ്യുന്നിടത്തെ പരസ്യ ബോർഡുകളിൽ സ്ഥലനാമം എഴുതാത്തവർക്കും അനുവദനീയമായ മൈക്രോണിൽ താഴെ പ്ലാസ്റ്റിക് ഉപയോഗിക്കുന്നവർക്കും ലൈസൻസ് പുതുക്കി നൽകില്ല. ഹോട്ടലുകളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും പ്രാഥമിക ആവശ്യത്തിനുള്ള സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ പല സ്ഥാപന ഉടമകളും ഇതിൽ വീഴ്ച വരുത്തുന്നുണ്ട്. 2008-ൽ ലൈസൻസ് പുതുക്കി നൽകണമെങ്കിൽ ഇത്തരം സ്ഥാപനങ്ങൾ പ്രാഥമിക ആവശ്യത്തിന് ആധുനിക രീതിയിലുള്ളതും വൃത്തിയുള്ളതുമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം. കോഴിക്കടകൾ, മത്സ്യ മാംസ സ്റ്റാളുകൾ എന്നിവ സ്വന്തമായി മാലിന്യനിർമ്മാർജ്ജന സംവിധാനം ഏർപ്പെടുത്തിയാലേ ലൈസൻസ് പുതുക്കി നൽകുകയുള്ളൂ. ഇക്കാര്യങ്ങൾ വീഴ്ച വരുത്തി കച്ചവട ലൈസൻസ് നൽകിയതായി കണ്ടു പിടിച്ചാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കും.

## കൂറുമാറ്റം പഞ്ചായത്തംഗത്വം റദ്ദാക്കി

കൂറുമാറ്റ നിരോധന നിയമം ലംഘിച്ചതിന് കൊല്ലം ജില്ലയിൽ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്ത് എട്ടാം വാർഡംഗം എസ്. നസീർഖാന്റെ അംഗത്വം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മിഷണർ പി. കമാൽക്കുട്ടി റദ്ദാക്കി. വിപ്പ് ലംഘിച്ച് പ്രതിപക്ഷ പിന്തുണയോടെ വൈസ്പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിച്ച നസീർഖാനെതിരെ നടപടി ആവശ്യപ്പെട്ട് പഞ്ചായത്തിലെ മറ്റൊരംഗമായ ബി. അജിത് കുമാർ നൽകിയ ഹർജിയിലാണ് ഉത്തരവ്. പഞ്ചായത്ത് ഭരണസമിതിയിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിക്ക് പതിനൊന്നംഗങ്ങളും കോൺഗ്രസിന് നസീർഖാനടക്കം ഒൻപതംഗങ്ങളുമാണുള്ളത്. 2006 ജൂലായിൽ നടന്ന വൈസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ മുന്നണി പിന്തുണയോടെ നസീർഖാൻ ജയിച്ചു. കോൺഗ്രസ് ഔദ്യോഗിക സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യണമെന്ന പാർട്ടി വിപ്പ് നസീർഖാൻ ലംഘിച്ചതായുള്ള ഹർജിക്കാരുടെ വാദം വിപ്പ് നിയമപ്രകാരം നിലനിൽക്കില്ലെങ്കിലും, കോൺഗ്രസ് ചിഹ്നത്തിൽ ജയിച്ചശേഷം, മറ്റൊരു മുന്നണിയുടെ പിന്തുണയോടെ വൈസ്പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് മത്സരിച്ചത് കൂറുമാറ്റമാണെന്ന് വിലയിരുത്തിയാണ് നസീർഖാന്റെ അംഗത്വം കമ്മിഷണർ റദ്ദാക്കിയത്.

## ദേശീയ തൊഴിലുറപ്പ് പദ്ധതി വനമേഖലയുടെ വികസനത്തിന് ഗുണകരം - വനംമന്ത്രി



ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വനാശ്രിത ഗ്രാമീണ ജനതയുടെ സമഗ്ര വികസനത്തിന് ഏറെ ഗുണകരമാകുമെന്ന് വനം വകുപ്പ് മന്ത്രി ബിനോയ് വിശ്വം അഭിപ്രായപ്പെട്ടു. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഡിവിഷണൽ ഫോറസ്റ്റ് ആഫീസർമാർക്കുള്ള ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. അവിദഗ്ധ തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള പ്രായപൂർത്തിയായ അംഗങ്ങൾ ഉൾപ്പെടുന്ന ഗ്രാമീണ കുടുംബങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ 100 ദിവസത്തെ തൊഴിൽ ദേശീയഗ്രാമീണ തൊഴിലുറപ്പ് നിയമം ഉറപ്പു നൽകുന്നു. തൊഴിലുറപ്പാക്കി ഓരോ കുടുംബത്തിന്റെയും ഉപജീവനം മെച്ചപ്പെടുത്തുകയും സുരക്ഷിതമാക്കുകയും ചെയ്യുന്നതോടൊപ്പം പരിസ്ഥിതി സംരക്ഷണവും പദ്ധതിയുടെ ലക്ഷ്യങ്ങളിലൊന്നാണ്. സംരക്ഷണ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ ബുദ്ധിമുട്ട് നേരിടുന്ന വനം വകുപ്പിന് വനാശ്രിത ജനക്ഷേമപ്രവൃത്തികൾക്കൊപ്പം വനവികസന പ്രവർത്തനങ്ങളും നടപ്പിലാക്കാനുള്ള മാർഗ്ഗമാണ് പദ്ധതിയെന്ന് അദ്ദേഹം പറഞ്ഞു. വനസംരക്ഷണ സമിതികളെയും ഇക്കോ ഡവലപ്മെന്റ് കമ്മിറ്റികളെയും ശാക്തീകരിച്ചും വനപ്രദേശത്തെ പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കിയും നടപ്പിലാക്കാവുന്ന പദ്ധതി വഴി ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും അതുവഴി വനങ്ങളുടെ സംരക്ഷണം ഉറപ്പാക്കുവാനും കഴിയും. മനുഷ്യത്വപരമായ കാഴ്ചപ്പാടോടെ ഈ പദ്ധതി നടപ്പിലാക്കിയാൽ അത്ഭുതങ്ങൾ സൃഷ്ടിക്കാനാകും. ജനങ്ങൾക്കും, വനങ്ങൾക്കും ഏറെ ഗുണകരമായ പദ്ധതിയുടെ സാദ്ധ്യതകൾ വനം വകുപ്പ് പൂർണ്ണമായും ഉപയോഗപ്പെടുത്തണമെന്നും മന്ത്രി പറഞ്ഞു.

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എസ്.എം. വിജയാനന്ദ്, പ്ലാനിംഗ് ബോർഡ് അംഗം പി.വി. ഉണ്ണികൃഷ്ണൻ, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ.പി, ഔസേപ്പ്, ഗ്രാമവികസന കമ്മിഷണർ അജിത് കുമാർ, പി.സി.സി.എഫ് മാരായ ആർ.പി.ശർമ്മ, ടി.എം. മനോഹരൻ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ കെ.കെ. ശ്രീവാസ്തവ, സി.സി. എഫുമാർ തുടങ്ങിയവർ പങ്കെടുത്തു.



## അഞ്ചു ലക്ഷം രൂപ വരെയുള്ള പ്രവർത്തികൾ നടത്താൻ ഗുണഭോക്തൃ സമിതികൾക്ക് അനുമതി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അഞ്ചു ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ ഏറ്റെടുത്തു നടത്തുന്നതിന് ഗുണഭോക്തൃ സമിതികൾക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു. ടെണ്ടർ മുഖേന പൊതുമരാമത്ത് പ്രവൃത്തികൾ നടപ്പാക്കുന്നതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇപ്പോൾ ഒട്ടേറെ പ്രയാസങ്ങൾ അഭിമുഖീകരിക്കുന്നതായും ചില സ്ഥലങ്ങളിൽ കരാറുകാർ ടെണ്ടർ ബഹിഷ്ക്കരണ നടപടികൾ സ്വീകരിച്ചിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരാറുകാരുടെ ഭാഗത്തു നിന്നുള്ള ഇത്തരത്തിലുള്ള നടപടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനത്തെ വളരെയേറെ പ്രതികൂലമായി ബാധിക്കുമെന്ന് സർക്കാരിന് ബോധ്യപ്പെട്ട സാഹചര്യത്തിലാണ് ഗുണഭോക്തൃ സമിതികൾ മുഖേന നിർവ്വഹണം നടത്താവുന്ന പ്രവൃത്തികളുടെ അടങ്കൽ തുക നിലവിലുള്ള 50,000/ രൂപയിൽ നിന്നും അഞ്ചു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. അദ്ധ്യാപക-രക്ഷകർത്തൃ സമിതികൾ (പി.ടി.എ) നേരിട്ട് നിർവ്വഹണം നടത്താൻ തയ്യാറാകുന്ന സ്ക്കൂൾ/അംഗൻവാടി കെട്ടിട നിർമ്മാണം, ഗുണഭോക്തൃ വിഹിതം, നിർബന്ധമായ ജലസേചനം, കുടിവെള്ള വിതരണം എന്നീ പ്രവൃത്തികളുടെ കാര്യത്തിൽ ഈ പരിധി ബാധകമല്ല. അത്തരത്തിലുള്ള പ്രവൃത്തികളുടെ അടങ്കൽ തുക അഞ്ച് ലക്ഷം രൂപയിൽ അധികമാണെങ്കിലും അവയുടെ നിർവ്വഹണം അതത് ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പാക്കാവുന്നതാണ്.

*(സ.ഉ.(എം.എസ്)17/08/തസ്വഭവ, തീയതി 16.1.2008)*

## കേരള നഗര ഗ്രാമ വികസന ധനസഹായ കോർപ്പറേഷന് ലാഭം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന് ധനസഹായം നൽകുന്ന കേരള നഗര ഗ്രാമവികസന ധനസഹായ കോർപ്പറേഷൻ കഴിഞ്ഞ സാമ്പത്തിക വർഷം 1.87 കോടി രൂപ ലാഭമുണ്ടാക്കി. ഈ കാലയളവിൽ 20 ശതമാനം ലാഭവിഹിതം കമ്പനി ഓഹരി ഉടമകൾക്ക് നൽകി. കഴിഞ്ഞ കുറെ വർഷങ്ങളായി കമ്പനി നഷ്ടത്തിലാണ് പ്രവർത്തിച്ചിരുന്നത്. 2005-06ൽ കമ്പനിക്കുണ്ടായ നഷ്ടം നികത്തിയാണ് നടപ്പു വർഷം ലാഭം നേടിയത്. ഈ കാലയളവിൽ 7 കോടി 12 ലക്ഷം രൂപ 10 നഗരസഭകൾക്കും രണ്ട് ഗ്രാമപഞ്ചായത്തുകൾക്കും വായ്പ നൽകി. കേരള സർക്കാരിന് ലാഭവിഹിതമായി 10.2 ലക്ഷം രൂപ കമ്പനി ചെയർമാൻ ടി.കെ. ജോസ് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ് കുട്ടിക്ക് കൈമാറി.

## വീട് പുതുക്കി നിർമ്മിക്കാൻ ധനസഹായം

കേന്ദ്രപദ്ധതികൾ വഴി 10 വർഷം മുമ്പ് നിർമ്മിച്ച വീടുകളിൽ വാസയോഗ്യമല്ലാത്തവ പുതുക്കിപ്പണിയുന്നതിന് വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭവന നിർമ്മാണ പ്രോജക്ടിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകി. വികസന/പൊതു ആവശ്യ/തനത് ഫണ്ട് ഉപയോഗിക്കാനാണ് നിർദ്ദേശം. എന്നാൽ കേന്ദ്രപദ്ധതികളിലൂടെ ഒരിക്കൽ വീട് നിർമ്മാണ സഹായം ലഭിച്ചവർക്ക് വീണ്ടും കേന്ദ്രഫണ്ടിൽ നിന്നുള്ള ആനുകൂല്യത്തിന് അർഹതയില്ല.

*(17.12.07ലെ 57744/ഡി.എ. 1/2007/തസ്വഭവ നംപർ സർക്കുലർ)*

# വാർത്തകൾ

വിശേഷങ്ങൾ

## പഞ്ചായത്തുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ അനുമതി

സംസ്ഥാനത്തെ പഞ്ചായത്തുകളിലെ ജോലിഭാരം കണക്കിലെടുത്ത് പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ദിവസവേതനാടിസ്ഥാനത്തിൽ രണ്ടു ജീവനക്കാരെ വീതം ഓരോ പഞ്ചായത്തിലും നിയമിക്കാൻ അനുമതി നൽകി. പഞ്ചായത്തുകൾക്ക് ആവശ്യമെന്നു തോന്നുന്ന പക്ഷം ഒരു ക്ലാർക്കിനെയും ഒരു ഓവർസിയറെയും നിയമിക്കാം. അതത് തസ്തികകളിൽ പി.എസ്.സി വഴി നിയമിക്കപ്പെടുന്നതിനു വേണ്ട എല്ലാ യോഗ്യതകളും ഉണ്ടാവണം. തൊട്ടടുത്ത പഞ്ചായത്തുകൾ കൂട്ടിചേർത്ത് വിപുലപ്പെടുത്തിയ നഗരസഭകളിലെ വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത് കൂട്ടിചേർത്ത ഒരു പഞ്ചായത്തിന് രണ്ട് എൽ.ഡി ക്ലാർക്ക്, ഒരു ഓവർസിയർ ക്രമത്തിൽ മൂന്ന് പേരെ നിയമിക്കാനും അനുമതി നൽകി. തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര, പൊന്നാനി കുന്നംകുളം, തളിപ്പറമ്പ്, തലശ്ശേരി, കല്പറ്റ നഗരസഭകളിലും ഇതനുസരിച്ച് താൽക്കാലിക ജീവനക്കാരെ നിയമിക്കാം. ഏപ്രിൽ 15 വരെ മാത്രമേ ഈ നിയമനങ്ങൾക്ക് അംഗീകാരമുണ്ടായിരിക്കുകയുള്ളൂ.

*(സ.ഉ.(എം.എസ്)നം.3/2008/തസ്വഭവ, തീയതി 1.1.08)*

## പഞ്ചായത്ത് രാജ് (മാസിക)

പരസ്യ നിരക്ക്

**കവർ അവസാനപുറം** (കളർ) - **10,000 രൂപ**

**കവർ പേജ് - ഉൾവശം** (ഒറ്റക്കളർ) - **6,000 രൂപ**

**മറ്റു പേജുകൾ - ഫുൾ - 4,000 രൂപ**

**അര പേജ് - 2,000 രൂപ**

★

വാർഷിക വരിസംഖ്യ - 90 രൂപ

ഡിമാന്റ് ഡ്രാഫ്റ്റായോ, മണിഓർഡറായോ അയയ്ക്കുക

★

**വിലാസം**

എഡിറ്റർ/പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.,
തിരുവനന്തപുരം -33

# വാർത്തകൾ

വിശേഷങ്ങൾ

## ദരിദ്രകുടുംബങ്ങളെ കണ്ടെത്തുന്നതിന് മുൻഗണനാ മാനദണ്ഡം

സംസ്ഥാനത്ത് ഗ്രാമപ്രദേശങ്ങളിൽ ദരിദ്രകുടുംബങ്ങളെ കണ്ടെത്തുന്നതിനുള്ള മുൻഗണനാ മാനദണ്ഡത്തിന് മന്ത്രിസഭ അംഗീകാരം നൽകി. പത്താം പഞ്ചവത്സര പദ്ധതി മുതൽ സർക്കാർ ആനുകൂല്യങ്ങൾക്ക് ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം കേന്ദ്രസർക്കാർ നൽകിയിരുന്നു. ഇതനുസരിച്ച് സംസ്ഥാനത്തൊട്ടാകെ 10.26 ലക്ഷം കുടുംബങ്ങളെയാണ് ദാരിദ്ര രേഖയ്ക്ക് താഴെ കേന്ദ്രസർക്കാർ കണ്ടെത്തിയത്. ഇതിനുള്ള സർവെ 2003 ൽ ആരംഭിച്ചു. ബി.പി.എൽ.ലിസ്റ്റ് പരിഷ്ക്കരിക്കാതെ പത്താം പഞ്ചവത്സര പദ്ധതി മുതൽക്കുള്ള ധനസഹായം ലഭ്യമാക്കുകയില്ല എന്ന നിലപാടിലായിരുന്നു കേന്ദ്രം. ലിസ്റ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ടിരുന്ന മാനദണ്ഡങ്ങൾ കേരളത്തിന്റെ സാഹചര്യത്തിൽ തികച്ചും അപ്രസക്തമായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരമേറ്റശേഷം മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്നും ദരിദ്രകുടുംബങ്ങളുടെ സംഖ്യ കുറയ്ക്കരുതെന്നും കേന്ദ്ര ഗവൺമെന്റിനോട് ആവർത്തിച്ച് ആവശ്യപ്പെടുകയും നിയമസഭ ഐകകണ്ഠേന പ്രമേയം പാസ്സാക്കുകയും ചെയ്തു. പ്രമേയത്തിനുള്ള മറുപടിയിൽ ദരിദ്ര കുടുംബങ്ങളുടെ സംഖ്യ പുനഃപരിശോധിക്കാൻ സാദ്ധ്യമല്ലെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. ഈ സാഹചര്യത്തിൽ സർവെ വഴി ശേഖരിച്ച വിവരങ്ങൾ കുടുംബശ്രീയുടെ സഹായത്തോടെ സാധുതാ പരിശോധനയ്ക്ക് വിധേയമാക്കി. സംസ്ഥാന സാഹചര്യങ്ങൾക്കനുസരിച്ച് ദരിദ്ര കുടുംബങ്ങളുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിന് ഗവൺമെന്റ് നിലവിലുള്ള മാനദണ്ഡങ്ങളിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തി. ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയും ലഭിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭകൾ വഴി പരിശോധിച്ച് അംഗീകരിക്കുന്നതിനാണ് മന്ത്രിസഭ അനുമതി നൽകിയിരിക്കുന്നത്. ദാരിദ്രത്തിന്റെ അളവ് അനുസരിച്ച് ഓരോ കുടുംബത്തിനും ലഭിക്കുന്ന മാർക്ക് വ്യത്യാസപ്പെടും. സംസ്ഥാനത്തെ മുഴുവൻ ദരിദ്ര കുടുംബങ്ങളെയും ഉൾപ്പെടുത്തുന്ന പട്ടിക തയ്യാറാക്കുന്നത് ഈ രീതിയിലാണ്. ഇതനുസരിച്ച് 21.03 ലക്ഷം കുടുംബങ്ങൾ ദാരിദ്രരേഖയ്ക്ക് താഴെ വരും. മുൻഗണനാ ലിസ്റ്റിൽ വെയിറ്റേജ് മാർക്ക് 18 വരെയുള്ളവർ ലിസ്റ്റിൽ പെടും. എന്നാൽ കേന്ദ്ര ഗവൺമെന്റിന്റെ ധനസഹായം ലഭിക്കുന്നതിന് ഈ പട്ടികയിലുള്ള 11.37 ലക്ഷം കുടുംബങ്ങളെ അതിദരിദ്രരായി കണക്കാക്കി പ്രത്യേക ലിസ്റ്റ് തയ്യാറാക്കാനാണ് തീരുമാനം. ഇവരുടെ വെയിറ്റേജ് മാർക്ക് 27 ന് മുകളിലാണ് നിശ്ചയിച്ചിരിക്കുന്നത്. ദരിദ്രരായി കണ്ടെത്തിയ 21.03 ലക്ഷം കുടുംബങ്ങളിൽ 11.37 ലക്ഷം കുടുംബങ്ങൾ അതിദരിദ്രരും അവശേഷിക്കുന്ന 9.66 ലക്ഷം കുടുംബങ്ങൾ ദരിദ്രരും ആയിരിക്കും. ഇതിൽ ദരിദ്ര കുടുംബങ്ങൾക്ക് മാത്രമേ കേന്ദ്ര ഗവൺമെന്റിന്റെ ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടാവൂ. സംസ്ഥാന സർക്കാരിന്റെയും തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെയും ആനുകൂല്യങ്ങൾക്ക് മുഴുവൻ ദരിദ്ര കുടുംബങ്ങൾക്കും അർഹത ഉണ്ടാവും. ഏതൊക്കെയാണ് കുടുംബങ്ങളെന്ന് ഓരോ പഞ്ചായത്തിലേയും ഗ്രാമസഭ പരിശോധിച്ച് അംഗീകരിക്കും.

## ആഫീസുകളുടേയും പൊതുസ്ഥാപനങ്ങളുടേയും ശുചിത്വത്തിന് കർമ്മ പദ്ധതി

ആഫീസുകളുടെയും പൊതുസ്ഥാപനങ്ങളുടെയും ശുചിത്വത്തിന് കർമ്മ പദ്ധതി തയ്യാറാക്കി. രാഷ്ട്രപതി 2007 നവംബർ ഒന്നിന് പ്രകാശനം ചെയ്ത മാലിന്യമുക്തകേരളം കർമ്മപരിപാടിയിൽ എല്ലാ സർക്കാർ ആഫീസുകളും/ പൊതുസ്ഥാപനങ്ങളും അവയുടെ പരിസരവും ശുചിയായി സൂക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരുന്നു. ഇത് പ്രാവർത്തികമാക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി പാലോളി മുഹമ്മദ്കുട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വിവിധ വകുപ്പദ്ധ്യക്ഷന്മാരുടെ യോഗമാണ് കർമ്മ പദ്ധതിക്ക് രൂപം നൽകിയത്. പദ്ധതി അനുസരിച്ച് എല്ലാ ആഫീസുകളിലും പൊതുസ്ഥാപനങ്ങളിലും സാനിട്ടറി കക്കൂസുകളുടേയും മൂത്രപ്പുരകളുടെയും നിർമ്മാണം പൂർത്തിയാക്കുന്നതിനും ആഫീസിന്റെ പരിസരം വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നതിനും തീരുമാനിച്ചു. സ്കൂളുകളുടെയും ആശുപത്രികളുടെയും പൊതുജനങ്ങൾ എത്തിച്ചേരുന്ന മറ്റ് സ്ഥാപനങ്ങളിലെയും ശുചിത്വസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതിന് ആവശ്യമായ ഫണ്ട് വകുപ്പുകളുടേയും സമ്പൂർണ്ണ ശുചിത്വയജ്ഞത്തിന്റേയും വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഫണ്ടിൽ നിന്നും സമാഹരിക്കുന്നതിനും ധാരണയായി. ഓരോ സ്ഥാപനത്തിന്റെയും ശുചിത്വ കർമ്മ പരിപാടി തയ്യാറാക്കുന്നതിനും അവ ജില്ലാ തലത്തിൽ ക്രോഡീകരിക്കുന്നതിനും സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ജില്ലാതലത്തിലുള്ള പ്രവർത്തനങ്ങൾ ജില്ലാ കളക്ടർ ഏകോപിപ്പിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതത് തലങ്ങളിൽ കൈമാറ്റം ചെയ്യപ്പെട്ട ഘടക സ്ഥാപനങ്ങളുടെ പദ്ധതി ഏകോപിപ്പിക്കും. ഇതിന് വേണ്ടി ഓരോ വകുപ്പിനും ഒരു സംസ്ഥാനതല/ ജില്ലതല നോഡൽ ആഫീസർമാരെ നിർദ്ദേശിക്കാനും ധാരണയായി. ജീവനക്കാർക്കും, പൊതുജനങ്ങൾക്കും, പ്രത്യേകിച്ച് സ്ത്രീകൾക്കും, വികലാംഗർക്കും, ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനും ഇവിടങ്ങളിൽ ഉണ്ടാകുന്ന ഖരദ്രവ മാലിന്യങ്ങൾ ശരിയായ വണ്ണം പരിപാലിക്കുന്നതിനും ആഫീസും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും ഊന്നൽ നൽകണമെന്നും തീരുമാനിച്ചു. കർമ്മ പരിപാടി പ്രകാരമുള്ള പ്രവർത്തനങ്ങൾ 2008 മാർച്ച് 31 നകം പൂർത്തീകരിക്കും.

## ബയോമെഡിക്കൽ മാലിന്യം നശിപ്പിക്കാത്തവർക്കെതിരെ കർശന നടപടി.

ബയോമെഡിക്കൽ വേസ്റ്റ് റൂൾസ് പ്രകാരം മാലിന്യ നിർമ്മാർജ്ജനം, നടത്താത്ത സംസ്ഥാനത്തെ ഡന്റൽ ക്ലിനിക്കുകൾ, ബ്ലഡ് ബാങ്കുകൾ, ക്ലിനിക്കൽ ലബോറട്ടറികൾക്കെതിരെ അടച്ചുപൂട്ടൽ അടക്കം കർശന നടപടിയെടുക്കുമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ അറിയിച്ചു. പരിസ്ഥിതി സംരക്ഷണ നിയമപ്രകാരം അഞ്ചുവർഷം വരെ തടവും ഒരു ലക്ഷം രൂപ വരെ പിഴയും ലഭിക്കാവുന്ന കുറ്റമാണിത്. മാലിന്യ സംസ്കരണ സംവിധാനം സ്ഥാപനം സ്വന്തമായി ഏർപ്പെടുത്തുകയോ പൊതുവായ സംവിധാനം ഉപയോഗപ്പെടുത്തുകയോ വേണം. ചട്ടപ്രകാരം ബോർഡിൽ നിന്നും ലഭിക്കേണ്ട അനുമതിക്കായി അപേക്ഷ നൽകണം.

Edited and Published by Dr. V.M. Gopala Menon, IAS, Director of Panchayats, Govt. of Kerala
Thiruvananthapuram - 695 033 and Printed at Gramalakshmi Mudralayam, Kanjikode, Palakkad.


## ഇടുക്കി ജില്ലാ പഞ്ചായത്ത് എംപ്ലോയീസ് സഹകരണ സംഘം

ക്ലിപ്തം നമ്പർ ഐ 193, നെടുങ്കണ്ടം

## ആസ്ഥാനമന്ദിര ഉൽഘാടനം






18.2.2008 തിങ്കളാഴ്ച പകൽ 2 മണിക്ക്

ബഹു. പ്രതിപക്ഷനേതാവ് **ഉമ്മൻചാണ്ടി** നിർവ്വഹിക്കുന്നു

**രാജൻവർഗീസ്**
(പ്രസിഡന്റ്)

**P.K. ജയചന്ദ്രൻ നായർ**
(സെക്രട്ടറി)